# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ജനുവരി 27 | ദീപം 54 | നാളം 42 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ഗ്രാമവിശുദ്ധിയുടെ സ്നേഹവീണ മീട്ടിയ ഹൃദയരാഗങ്ങൾ

**'ഹൃദയരാഗങ്ങൾ' എന്ന ആത്മകഥയിലൂടെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡുനേടിയ ഡോ. ജോർജ് ഓണക്കൂറുമായി സാഹിത്യകാരി സിജിത അനിൽ നടത്തിയ അഭിമുഖം.**



സിജിത അനിൽ

ഗ്രാമത്തിന്റെ വിശുദ്ധി ഹൃദയത്തിൽ കാത്തുസൂക്ഷിച്ച ഒരു കർഷകപുത്രന്റെ ഹൃദയരാഗങ്ങൾ ചരിത്രത്തിന്റെ ഏടുകളിൽ സ്വർണലിപികളാൽ അടയാളപ്പെടുത്തപ്പെട്ടു കഴിഞ്ഞു.

പ്രതിസന്ധികളിൽ തളരാതെ, തമോമയമാകാത്ത മനസ്സുമായി, തന്റെ പേരിനൊപ്പം നാടിനെയും ചേർത്തുവച്ച് അക്ഷരമുറ്റത്തു ചേക്കേറിയ പൊടിമീശക്കാരനായ കോളജധ്യാപകൻ കാലക്രമേണ സാഹിത്യത്തറവാട്ടിലെ കരുത്തനായ കാരണവരായി മാറി. നോവലിസ്റ്റ്, കഥാകാരൻ, സാഹിത്യവിമർശകൻ, തിരക്കഥാകൃത്ത്, സഞ്ചാരസാഹിത്യകാരൻ തുടങ്ങി സാഹിത്യത്തിന്റെ വിവിധ ശാഖകളിൽ വിരാജിക്കുകയാണ് ഡോ. ജോർജ് ഓണക്കൂർ. തന്റെ എല്ലാ രചനകളിലും കൃത്യമായ കാലബോധവും സൗന്ദര്യവും സൃഷ്ടിച്ച അദ്ദേഹം ഇപ്പോൾ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡിന്റെ നിറവിലാണ്.

അമ്പത്തിനാലോളം പുരസ്കാരധന്യമായ കൃതികൾ സാഹിത്യലോകത്തിനു സംഭാവന നൽകിയ ഈ അക്ഷരോപാസകൻ ഉൾക്കടൽ, യമനം, എന്റെ നീലാകാശം എന്നീ ചലച്ചിത്രങ്ങളുടെ തിരക്കഥാകൃത്തു കൂടിയാണ്. ബാലകൈരളി വിജ്ഞാനകോശത്തിന്റെ ശില്പി, സാക്ഷരതാസമിതി ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ ചെയർമാൻ തുടങ്ങി നിരവധി ഉന്നതസ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്.

ഓരോ പ്രഭാതവും പുനർജനിയാണ്. സ്വപ്നങ്ങൾ നൽകുന്നതാണ്. അതാണ് തന്റെ ജീവനരഹസ്യമെന്ന് അദ്ദേഹം പറയുന്നു. ജീവിതത്തിൽ ലാളിത്യവും ചിന്തകളിൽ ഔന്നത്യവും പുലർത്തുന്ന ഡോ. ജോർജ് ഓണക്കൂർ മക്കളോടൊപ്പം ദുബായ് നഗരത്തിലിരുന്ന് ആത്മചരിതത്തിന്റെ ഹൃദയരാഗങ്ങൾ മീട്ടുകയാണ്. പതിവുപോലെ നിഷ്കളങ്കമായ ചിരിയോടെ ഇമ്പമാർന്ന ആ സ്വരം ദീപനാളത്തിനായി മീനച്ചിലാറിന്റെ തീരത്തേക്ക് ഒഴുകിയെത്തി.

**? ഒരു ആത്മകഥ എഴുതണമെന്നു തോന്നാനുള്ള കാരണമെന്തായിരുന്നു?**

സാഹിത്യകൃതിയാണ് എഴുത്തുകാരന്റെ ആശയപ്രകാശനോപാധി. കഥയായാലും നോവലായാലും യാത്രാവിവരണമായാലും അതിലൂടെയെല്ലാം സംസാരിക്കുന്നത് ഞാനെന്ന എഴുത്തുകാരൻതന്നെയാണ്. കാലത്തോട് അല്ലെങ്കിൽ ജീവിതപരിസരങ്ങളോടു പ്രതികരിച്ചുകൊണ്ട് എഴുതുമ്പോൾ ചിലപ്പോൾ ആത്മകഥയുടെ ആവശ്യം ഇല്ലെന്ന് പെട്ടെന്നു തോന്നാം. പക്ഷേ, മറ്റു കൃതികളിലൂടെ ഞാൻ വെളിപ്പെടുത്തിയ ആശയങ്ങളും ദർശനങ്ങളും എങ്ങനെ എന്റെ ജീവിതവുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നുവെന്ന് എന്റെ നേരിടുന്ന കർക്കശമായ അനുഭവങ്ങളെപ്പോലും, സംഗീതമയമാക്കുക അല്ലെങ്കിൽ അതിൽ ലയിച്ചു മറ്റുള്ളവരെയും അതിലേക്കു ലയിപ്പിച്ചുചേർക്കുക എന്നതാണല്ലോ സംഗീതത്തിന്റെ പ്രമാണം. പ്രകൃതിയോടലിഞ്ഞ്, ജീവിതത്തെ സ്നേഹിച്ചു മുന്നോട്ടു പോകുക. ഒട്ടേറെ ദുരനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. വിപരീതസന്ധികളിലൂടെ കടന്നുപോയിട്ടുണ്ട്. പക്ഷേ, ഞാനൊരിക്കലും ആരോടും അധികമായി രോഷംകൊണ്ടിട്ടില്ല. എന്റെ നിലപാടുകളിൽ ഉറച്ചുനിന്ന് ചില കാര്യങ്ങൾ ചെയ്തിട്ടുണ്ട്, എതിർത്തിട്ടുണ്ട്, പ്രവർത്തിച്ചിട്ടുണ്ട് എന്നതൊക്കെ ശരി. ആരെയും വ്യക്തിപരമായി ഞാൻ അധിക്ഷേപിച്ചിട്ടില്ല. എന്നോടു മോശമായി പെരുമാറിയവരോടു പോലും. അവർക്ക് അവരുടേതായ കാരണങ്ങളുണ്ടാവും. അതു ആത്മകഥയിൽ വിവരിച്ചിട്ടുണ്ട്. ഞാൻ ജീവിച്ച കാലം, ദേശം, സമരം ചെയ്ത വേദികൾ, എന്റെ നിലപാടുകൾ എല്ലാം ഒന്നു ക്രോഡീകരിച്ച് കാലത്തിനുവേണ്ടി സമർപ്പിക്കേണ്ടത് ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണ് ആത്മകഥ എഴുതിയത്.

**? താങ്കളുടെ പുസ്തകങ്ങളുടെ തലക്കെട്ടുകൾ വ്യത്യസ്തത പുലർത്താറുണ്ട്. ഹൃദയരാഗങ്ങൾ ആകർഷണീയമായ പേരാണല്ലോ?**

ഹൃദയരാഗം എന്നു പറയുമ്പോൾ ഹൃദയത്തിലെ സംഗീതമെന്നും ഹൃദയത്തിലെ സ്നേഹമെന്നും ഞാൻ അർത്ഥം കല്പിക്കുന്നുണ്ട്.

രാഗം സംഗീതവുമായി ബന്ധപ്പെട്ടതാണെന്നു നമുക്കറിയാം. ഏത് അവസ്ഥയെയും, നമ്മുടെ ജീവിതത്തിൽ മനസ്സിലാക്കാനുള്ള ഒരു ശ്രമം തീർച്ചയായി ഞാൻ നടത്തിയിട്ടുണ്ട് എന്നാണ് എന്റെ എളിയ അഭിമാനം. ഹൃദയരാഗം എന്നു പേരിടുമ്പോൾ നാം കടന്നുപോകുന്ന ജീവിതാനുഭവങ്ങളെ സാന്ദ്രീകരിച്ച്, ഹൃദയത്തിന്റെ വീണയിൽ മീട്ടുന്ന സംഗീതമാക്കി രൂപാന്തരപ്പെടുത്തിയെടുക്കുക എന്നാണർത്ഥമാക്കിയത്. എങ്കിലേ മറ്റുള്ളവർക്ക് അത് ആസ്വാദ്യമാവുകയുള്ളൂ. നമുക്കുണ്ടായ ദുഃഖാനുഭവങ്ങളെ അല്ലെങ്കിൽ നാം കടന്നുപോകുന്ന വിപരീതസന്ധികളെ മറ്റുള്ളവർക്കും സ്വീകാര്യമാകത്തക്കവിധത്തിൽ സ്നേഹസാന്ദ്രമാക്കി അവതരിപ്പിക്കുക.

▶ 10



മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 54-ാം വർഷം

# സ്ലീവായിൽ തറയ്ക്കപ്പെടുന്ന പൗരോഹിത്യം

**കർദിനാൾ സറായുടെ പുതിയ ഗ്രന്ഥം 'എന്നന്നേക്കും' (For the Eternity) പങ്കുവയ്ക്കുന്ന പൗരോഹിത്യചിന്തകളുടെ ഒരു അവലോകനം**



**ഫാ. കുര്യാക്കോസ് നരിതൂക്കിൽ**

**ക**ർദിനാൾ റോബർട്ട് സറാ പൗരോഹിത്യത്തെക്കുറിച്ചുള്ള ചിന്തകൾ പങ്കുവയ്ക്കുന്ന പുതിയ ഗ്രന്ഥത്തിന്റെ ശീർഷകമാണ് 'എന്നന്നേക്കും' (For the Eternity) എന്നത്.

ലോകമെമ്പാടുമുള്ള വൈദികവിദ്യാർത്ഥികൾക്കു സമർപ്പണം ചെയ്തിരിക്കുന്ന ഈ ഗ്രന്ഥം 2021 നവംബർ മാസത്തിലാണ് ഫ്രഞ്ചുഭാഷയിൽ പാരീസിൽ പ്രസിദ്ധീകൃതമായത്. പ്രസ്തുത ഗ്രന്ഥത്തിന്റെ ആമുഖത്തിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

നിങ്ങളോരോരുത്തരുടെയും പക്കൽ, സഹോദരനെപ്പോലെ, സ്നേഹിതനെപ്പോലെ, പിതാവിനെപ്പോലെ, ഈശോമിശിഹായുടെ തുല്യരായ ശിഷ്യന്മാരെന്ന നിലയിൽ ഏറ്റവും വിനയമോടെ താൻ അണയുന്നു എന്നു പറഞ്ഞുകൊണ്ടാണ് കർദിനാൾ സറാ ആമുഖം ആരംഭിക്കുന്നത്.


സഭയിൽ, തിരുപ്പട്ടസ്വീകരണവും ആദ്യകുർബാനയർപ്പണവും വലിയ തിരുനാളാഘോഷമാണ്. യുവവൈദികർ തങ്ങളെത്തന്നെ കർത്താവിനു സമർപ്പിക്കുന്നതു കാണുമ്പോൾ എത്ര വലിയ ആനന്ദമാണ് നമ്മൾ അനുഭവിക്കുന്നത്. അനേകവർഷങ്ങൾ പൗരോഹിത്യത്തോടു വിശ്വസ്തരായിരുന്ന വയോധികവൈദികരുടെ ക്ഷീണിതവും ചുളിവുകൾ വീണതുമായ മുഖത്തു സ്ഫുരിക്കുന്ന ആഴമുള്ള ആനന്ദം ദർശിക്കാത്തവർ ഇല്ലല്ലോ? പരിപൂർണമായ ആനന്ദത്തിലേക്ക്, അതായത്, സ്വർഗത്തിലേക്ക് ആത്മാക്കളെ നയിക്കുന്ന ദൈവികജീവൻ പകർന്നുനല്കുന്ന സ്രോതസ്സാണ് പൗരോഹിത്യശുശ്രൂഷ.

എങ്കിലും, ഇക്കാലത്ത്, വൈദികരുടെ ജീവിതത്തിനുമേൽ അന്ധകാരത്തിന്റെ നിഴൽ വീശുന്നുണ്ട്. വൈദികരെ സംബന്ധിച്ച് ലൈംഗികാതിക്രമങ്ങളുടെയും മറ്റു ധാർമികാപചയങ്ങളുടെയും വാർത്തകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു പുറത്തുവരുന്നു.

ഈ യാഥാർത്ഥ്യങ്ങളുടെ നേരേ കണ്ണടയ്ക്കുക സാധ്യമല്ല. പൗരോഹിത്യം ആടിയുലയുന്നു. തിന്മപ്രവൃത്തികൾക്കായി പൗരോഹിത്യം ദുരുപയോഗം ചെയ്യുന്നു. അവർ ലൗകികബഹുമാനവും മഹത്ത്വവും അന്വേഷിക്കുന്നു. ഭൗതികസുഖങ്ങളും ധനമോഹവും വൈദികരുടെയും മെത്രാന്മാരുടെയും കർദിനാൾമാരുടെയുംവരെ ഹൃദയങ്ങളെ ദുഷിപ്പിക്കുന്നു. വിറയലോടും കണ്ണീരോടുംകൂടിയല്ലാതെ ഇക്കാര്യങ്ങൾ എങ്ങനെ പ്രതിപാദിക്കും?


ഇതൊക്കെ നിസ്സാരമായി തള്ളിക്കളയുക സാധ്യമല്ല. എന്തുകൊണ്ട് ഇത്രമാത്രം അപചയവും പരാജയവും? ദൈവജനം വല്ലാതെ വിമർശിക്കുന്നതു നിസ്സാരമായി കാണാനാവില്ല. "നിങ്ങൾ ഫരിസേയരെപ്പോലെയാണ്. നിങ്ങൾ പ്രസംഗിക്കുന്നതു പ്രവർത്തിക്കുന്നില്ല." വിശ്വാസികൾ തങ്ങളുടെ വൈദികരെ സംശയത്തോടെ വീക്ഷിക്കുന്നു. അവിശ്വാസികൾ അവരെ പുച്ഛത്തോടെ കാണുന്നു.

എന്താണിതിനു പ്രതിവിധിയെന്നാണു ഗ്രന്ഥകർത്താവ് തുടർന്നു ചോദിക്കുന്നത്. പൗരോഹിത്യസംവിധാനത്തെത്തന്നെ പൊളിച്ചെഴുതാൻ ചിലർ നിർദേശിക്കുന്നു. നമുക്ക് ഇഷ്ടംപോലെ മാറ്റം വരുത്താൻ പൗരോഹിത്യം ഒരു മാനുഷികസൃഷ്ടിയല്ല, അതു ദൈവികദാനമാണെന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു. തിരുപ്പട്ടസ്വീകരണത്തോടെ പുരോഹിതൻ സിംഹാസനത്തിൽ ഉപവിഷ്ടനാവുകയല്ല, സ്ലീവായിൽ തറയ്ക്കപ്പെടുകയാണ്. വിശുദ്ധിയിൽ പ്രശോഭിക്കാനാണ് പുരോഹിതൻ കടപ്പെട്ടിരിക്കുന്നത്. വിശുദ്ധ ജോൺ ക്രിസോസ്റ്റം പറയുന്നു: "പുരോഹിതന്റെ മനസ്സ് സൂര്യരശ്മികളെക്കാൾ നിർമലമായിരിക്കണം. പരിപൂർണരും വിശുദ്ധരുമാകണം. വൈദികരെന്ന നിലയിൽ മാനുഷികവും ക്രിസ്തീയവുമായ എല്ലാ പുണ്യങ്ങളും ആർജിക്കണം. ജീവിതം സുതാര്യമായിരിക്കണം. ലൗകികവും അശുദ്ധവുമായ എല്ലാവിധ ചിന്തകളിലുംനിന്നു വിട്ടുനില്ക്കാൻ മിശിഹായിൽ വിശുദ്ധീകരിക്കപ്പെടുന്ന പുരോഹിതനു സാധിക്കണം.



ഈശോമിശിഹാ തന്ന പൗരോഹിത്യമെന്ന അതിവിശിഷ്ടവജ്രക്കല്ലിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് ഞാൻ ബനഡിക്ട് പതിനാറാമൻ മാർപാപ്പായുമൊത്ത് 'ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽനിന്ന്' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. പൗരോഹിത്യജീവിതത്തെ പുനരുദ്ധരിക്കാൻ ഞങ്ങൾ മുന്നോട്ടുവച്ച നിർദേശങ്ങൾക്കല്ല, പിന്നെയോ, നിർഭാഗ്യവശാൽ ചില വിവാദവ്യാഖ്യാനങ്ങൾക്കാണു പ്രചാരം ലഭിച്ചത്.

എങ്കിലും ഈ ഗ്രന്ഥം ശ്രദ്ധയോടും സന്മനസ്സോടുംകൂടി പാരായണം ചെയ്ത ഒരാളുണ്ട്: പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പാ. പാപ്പാ ഇപ്പോൾ പുരോഹിതന്റെ യഥാർത്ഥ അസ്തിത്വം കണ്ടെത്താൻ നിരന്തരം ആഹ്വാനം ചെയ്യുന്നു.



കർദിനാൾ സറാ

ഞാനല്ല, മിശിഹായാണ് എന്നിൽ ജീവിക്കുന്നതെന്നു പറയാൻ അവനു സാധിക്കണം."

സഭയുടെ ഏറ്റവും വിശിഷ്ടമായ വരദാനമാണ് പൗരോഹിത്യം. ദൈവത്തിന്റെ പരിശുദ്ധി ലോകത്തിൽ പരത്തുന്നത് പൗരോഹിത്യമാണ്.

ദൈവത്തിൽനിന്നു നിർഗളിക്കുന്ന പരിശുദ്ധിയാൽ വൈദികർ പ്രശോഭിക്കണം. വൈദികർ ഈശോമിശിഹായെ അനുകരിച്ച് ഈ ഗ്രന്ഥത്തിൽ ഞാൻ അവലംബിക്കുന്ന മാർഗം വിശുദ്ധരുടെ ചിന്തകൾ പങ്കുവയ്ക്കുക എന്നതാണ്. അവരുടെ വാക്കുകൾ നമ്മോടു സംസാരിക്കും. അതിലൂടെ പുരോഹിതന്റെ യഥാർത്ഥ സ്വത്വം വൈദികർക്കും ദൈവജനത്തിനും തിരിച്ചറിയാനാകും.

ദൈവത്തിന് അവിടുത്തെ അൾത്താരയിൽ ശുശ്രൂഷ ചെയ്യുന്നവർ ലൗകികപ്രലോഭനങ്ങൾക്കു വശംവദരാകരുത്. "കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും; എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്. അഭികാമ്യമായ ദാനമാണ് അളന്നുകിട്ടിയിരിക്കുന്നത്. വിശിഷ്ടമായ അവകാശം എനിക്കു ലഭിച്ചിരിക്കുന്നു" (സങ്കീ. 15:5,6).

> **തിരുപ്പട്ടസ്വീകരണത്തോടെ പുരോഹിതൻ സിംഹാസനത്തിൽ ഉപവിഷ്ടനാവുകയല്ല, സ്ലീവായിൽ തറയ്ക്കപ്പെടുകയാണ്. ദൈവത്തിൽനിന്നു നിർഗളിക്കുന്ന പരിശുദ്ധിയാൽ വൈദികർ പ്രശോഭിക്കണം. എല്ലാവിധ ചിന്തകളിലുംനിന്നു വിട്ടുനില്ക്കാൻ മിശിഹായിൽ വിശുദ്ധീകരിക്കപ്പെടുന്ന പുരോഹിതനു സാധിക്കണം. സുവിശേഷത്താൽ രൂപാന്തരപ്പെട്ട ഒരു ജീവിതസാക്ഷ്യംവഴിയേ പുരോഹിതർക്കു ലോകത്തിൽ ദൈവത്തെ പുനഃപ്രതിഷ്ഠിക്കാൻ കഴിയൂ.**

ദൈവത്തെ തള്ളിക്കളയുന്ന ആധുനികസംസ്കാരത്തിൽ ദൈവത്തെ പുനഃപ്രതിഷ്ഠിക്കാൻ പുരോഹിതനു കഴിയണം. അതാണ് അവന്റെ ധർമം. സുവിശേഷത്താൽ രൂപാന്തരപ്പെട്ട ഒരു ജീവിതസാക്ഷ്യംവഴിയേ പുരോഹിതർക്കു ലോകത്തിൽ ദൈവത്തെ പുനഃപ്രതിഷ്ഠിക്കാൻ കഴിയൂ.

നിത്യപുരോഹിതനായ മിശിഹായുടെ പാദാന്തികത്തിലിരുന്ന് അവിടുത്തെ സ്വന്തം ജീവിതത്തിൽ സ്വാംശീകരിക്കാനാണ് ഈ ഗ്രന്ഥം പുരോഹിതനോട് ആഹ്വാനം ചെയ്യുന്നത്.

317 പേജുള്ള ഈ ഗ്രന്ഥത്തിൽ പതിന്നാല് അധ്യായങ്ങളിലായി വി. ആഗസ്തീനോസ്, വി. ജോൺ ക്രിസോസ്റ്റം, മഹാനായ വി. ഗ്രിഗറി, വി. ബർണാർദ്, സിയന്നായിലെ വി. കാതറൈൻ, വി. ജോൺ ഹെൻറി ന്യൂമാൻ, പന്ത്രണ്ടാം പീയുസ് പാപ്പാ, ജോർജ് ബർണാനോസ്, കാർഡിനൽ ലുസ്തിഗർ, വി. ജോൺപോൾ രണ്ടാമൻ, ബനഡിക്ട് പതിനാറാമൻ, ഫ്രാൻസീസ് മാർപാപ്പാ എന്നിവരുടെ പഠനങ്ങൾ ദീർഘമായി ഉദ്ധരിച്ച് അതിന്മേലുള്ള തന്റെ ധ്യാനചിന്തകൾ പങ്കുവയ്ക്കുകയാണ് കർദിനാൾ റോബർട്ട് സറാ ചെയ്യുന്നത്. ■



അഡ്വ. അപർണ എം.



# സ്റ്റാർട്ടപ്പ് വിപ്ലവം കേരളത്തിലും



**‘സ്റ്റാർട്ടപ്പ്’** മലയാളിക്ക് അപരിചിതമായ പദമല്ല. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെതന്നെ വികസനത്തെയും സാമ്പത്തികഭാവിയെയുംകുറിച്ചുള്ള ചർച്ചകളിൽ അതിപ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെടുന്നവയാണ് സ്റ്റാർട്ടപ്പ് പ്രോജക്ടുകളും അനുബന്ധ കമ്പനികളും.

**എന്താണു സ്റ്റാർട്ടപ്പ്?**

1970 കളിൽ സാങ്കേതികവിപ്ലവകാലഘട്ടത്തിന്റെ തുടക്കത്തിൽ രൂപപ്പെട്ട പദമാണ് ‘സ്റ്റാർട്ടപ്പ്’ എന്നത്. അതുവരെ തുടർന്നുപോന്നിരുന്ന ബിസിനസ് സങ്കല്പങ്ങളിൽനിന്നു വ്യത്യസ്തമായി ഭീമമായ മുതൽമുടക്കും അനേകം തൊഴിലാളികളും ഇല്ലാതെ ചെറിയ ചെലവിൽ പരിമിതമായ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി ഉയർന്നുവന്ന ചെറിയതും അതേസമയം വൻ വളർച്ചാശേഷിയുള്ളതുമായ ഒരു കൂട്ടം കമ്പനികളെയാണ് ഈ പേരുകൊണ്ട് അർഥമാക്കിയത്. എന്നാൽ, സ്റ്റാർട്ടപ്പുകൾ പ്രശസ്തിയാർജിച്ചത് 1990-200 കാലഘട്ടത്തിലാണ്. മൈക്രോസോഫ്റ്റ്, ആപ്പിൾ മുതലായ ബ്രാൻഡുകളുടെ വളർച്ചയും ബിസിനസ് മേഖലയിലുണ്ടായ കുതിപ്പുംതന്നെ ഇതിനു കാരണം.

സാധാരണ ചെറിയ കമ്പനികളിൽനിന്നു പ്രവർത്തനരീതികൊണ്ടും ലക്ഷ്യങ്ങൾകൊണ്ടും വളരെ വ്യത്യസ്തമാണ് സ്റ്റാർട്ടപ്പുകൾ. സാധാരണരീതിയിൽ പ്രവർത്തിക്കുന്ന ചെറിയ കമ്പനികൾ ബിസിനസ് ഉയർച്ചതാഴ്ചകളിൽ പിടിച്ചുനിൽക്കുകയും സ്ഥിരമായ വരുമാനം നിലനിർത്തുകയും ചെയ്താൽത്തന്നെ അത് അവയുടെ മികച്ച പ്രവർത്തനമായി വിലയിരുത്തപ്പെടും. എന്നാൽ, ചുരുങ്ങിയ കാലംകൊണ്ട് എത്ര ഇരട്ടിയായി വളരാം എന്നതാണ് സ്റ്റാർട്ടപ്പുകൾ ലക്ഷ്യം വയ്ക്കുന്നത്. ചെറിയ തുടക്കം അവയെ മുൻനിര കമ്പനികളോടു മത്സരിക്കുന്നതിൽനിന്നു പിന്തിരിപ്പിക്കുന്നതേയില്ല. എത്ര വേഗത്തിൽ വൻകിട കമ്പനികളോടൊപ്പം പേര് ആർജിക്കാൻ അല്ലെങ്കിൽ അവയുടെ ശ്രദ്ധ പിടിച്ചുപറ്റാൻ സാധിക്കുന്നു എന്നതിലാണ് അവയുടെ വിജയവും മൂല്യവും.

സ്റ്റാർട്ടപ്പുകൾ ആദ്യഘട്ടത്തിൽ സാമ്പത്തികമായി വിജയിക്കണമെന്നില്ല. തൊഴിൽശേഷി, നിലവാരം, ജനകീയത ഇവയൊക്കെ വികസിപ്പിക്കാൻ ശ്രമിക്കുന്ന ആദ്യഘട്ടങ്ങളിൽ ‘വരവ്’ ഗണ്യമായി കുറഞ്ഞിരിക്കും. എന്നാൽ, സാഹചര്യങ്ങൾ അനുകൂലമായി മാറിക്കഴിഞ്ഞാൽ പൂർണമായും കമ്പനിയുടെ വളർച്ചാനിരക്ക് കേന്ദ്രീകരിച്ചു മാത്രമാകും പ്രവർത്തനങ്ങൾ. സമയം കൂടുതൽ എടുക്കുന്നത് ഇവയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കാം.

ഇന്റർനെറ്റ് - ഡൊമെയ്ൻ വിപ്ലവങ്ങൾ സ്റ്റാർട്ടപ്പുകളുടെ വളർച്ചയിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇന്റർനെറ്റ് ജനങ്ങളിലേക്കെത്തിയതും അതുണ്ടാക്കിയ വലിയ മാറ്റങ്ങളും സാങ്കേതികമേഖലയ്ക്കു കാര്യമായ ആത്മവിശ്വാസം നൽകി. ഒരു ഡൊമെയ്ൻ രജിസ്റ്റർ ചെയ്യാൻ മാത്രം അറിയാവുന്നവർക്കുപോലും തുറക്കപ്പെടുന്ന അവസരങ്ങളുടെ വാതിലുകൾ, മികച്ചതും വ്യത്യസ്തവുമായ ആശയങ്ങൾ മാത്രമാണ് സാങ്കേതികമേഖലയിലെ വികസനത്തിനാധാരം എന്ന പൊതുബോധത്തിലേക്കു പുതിയ ലോകത്തെ നയിച്ചു.

**ശിഥിലമാക്കപ്പെട്ട മുൻവിധികൾ**

രണ്ടായിരാമാണ്ടിനു മുമ്പും ശേഷവും ഒന്നു പൊതുവായി വിലയിരുത്തിയാൽത്തന്നെ അറിയാം സ്റ്റാർട്ടപ്പുകളുടെ പ്രഭാവം. എണ്ണക്കമ്പനികളും വാഹനനിർമാണം, ലോഹം എന്നീ മേഖലകളിലെ ബിസിനസുകാരും ലോകസമ്പന്നരുടെ പട്ടിക അലങ്കരിച്ചിരുന്നതിൽനിന്ന് ഏറെ വ്യത്യസ്തമല്ലേ ഇന്നത്തെ അവസ്ഥ.

ഇന്നത്തെ മുൻനിര കമ്പനിയായ ടെസ്ലയോ, ഫേസ്ബുക്ക്, ലിങ്ക്ഡ് ഇൻ, ടിറ്റർ, യൂബർ എന്നിവയോ ഒന്നും ഒരു ഇരുപതു വർഷംമുമ്പ് ഉണ്ടായിരുന്നില്ല. എന്തിന്, ഒരു ഇരുപത്തിമൂന്നു വർഷം പിന്നിലേക്കു നോക്കിയാൽ ഗൂഗിൾപോലും ഉണ്ടായിട്ടില്ല. ഈ കമ്പനികൾ സ്റ്റാർട്ടപ്പ് മേഖലയ്ക്കു ചെയ്ത സംഭാവന ചെറിയ കമ്പനികൾക്കു നൽകിയ ആത്മവിശ്വാസം മാത്രമല്ല, വ്യത്യസ്തമായ ആശയം ഉണ്ടെങ്കിൽ അതിർവരമ്പുകളില്ലാതെ വളരാമെന്ന ചിന്തകൂടിയാണ്. കാരണം, യൂബർപോലെ, ഒരു ടാക്സിപോലും സ്വന്തമായി വാങ്ങാതെ ലോകത്തിലെ ഏറ്റവും വലിയ ടാക്സി കമ്പനി നടത്താമെന്നും Air bnb പോലെ, ഒരു ഹോട്ടൽപോലും സ്വന്തമായില്ലാതെ ലോകത്തെ ഏറ്റവും വലിയ ഹോട്ടൽ ശൃംഖല സൃഷ്ടിക്കാമെന്നും ലോകം പഠിച്ചു.

സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ നിലവിൽ ലോകരാജ്യങ്ങളിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ. അമേരിക്കയ്ക്കും ബ്രിട്ടനും താഴെയാണെങ്കിലും ഉയർന്ന വളർച്ചാനിരക്കാണ് ഇന്ത്യ കാഴ്ചവയ്ക്കുന്നത്. 2008 ലെ സാമ്പത്തികമാന്ദ്യം ഇന്ത്യയിലെ പല സാങ്കേതികവിദഗ്ധരെയും സംരംഭകത്വത്തിലേക്കെത്തിച്ചു. വിദേശ കമ്പനികൾ തൊഴിലാളികളെ പിരിച്ചുവിടാനാരംഭിച്ചത് സോഫ്റ്റ്‌വെയർ ജോലിക്കാരിൽ തൊഴിൽ എപ്പോൾ വേണമെങ്കിലും നഷ്ടപ്പെടാമെന്ന ഭീതി പരത്തി. മറ്റു രാജ്യങ്ങളിലെ കമ്പനികൾക്കു കീഴിൽ അസ്ഥിരമായ ജോലി ചെയ്തവർ പുതിയ വഴികൾ തേടിയപ്പോൾ സ്വന്തം നാട്ടിൽ സംരംഭങ്ങളുയരാൻ തുടങ്ങി. സൊമാറ്റോ, പോളിസിബസാർ, സിറോസ്റ്റോക് എന്നിവ രൂപപ്പെട്ടത് 2008 ലാണ്.

അഞ്ചു വർഷംമുമ്പ് ഇന്ത്യയിൽ 500 ൽ താഴെ സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ അറുപതിനായിരത്തിനും മുകളിലായിരിക്കുന്നു. അതിൽ രണ്ടായിരത്തിഇരുന്നൂറോളം കമ്പനികൾ കേരളത്തിൽനിന്നുമാണ്.

**കേരളത്തിലും സ്റ്റാർട്ടപ്പ് തരംഗം**

പൊതു-സ്വകാര്യമേഖലകളുടെ പങ്കാളിത്തത്തോടുകൂടി സ്റ്റാർട്ടപ്പ് കമ്പനികൾക്കാവശ്യമായ സേവനങ്ങളും സൗകര്യങ്ങളും ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇന്ത്യയിലെതന്നെ ആദ്യ സ്റ്റാർട്ടപ്പ് ഇൻകുബേറ്ററായി മാറിയത് കേരളത്തിന്റെ സ്വന്തം സ്റ്റാർട്ടപ്പ് വില്ലേജാണ്. 2012 ഏപ്രിലിൽ കൊച്ചിയിലാണ് സ്റ്റാർട്ടപ്പ് വില്ലേജിന്റെ പിറവി. അടുത്ത പത്തു വർഷത്തിൽ ആയിരം ടെക്നോളജി സ്റ്റാർട്ടപ്പുകൾ സ്ഥാപിക്കുക എന്നതും അവയിൽനിന്നു കോടി ഡോളർ മൂല്യമുള്ള ഇന്ത്യൻ കമ്പനികളെ കണ്ടെത്തുക എന്നതുമാണ് സ്റ്റാർട്ടപ്പ് വില്ലേജിന്റെ ആരംഭോദ്ദേശ്യങ്ങളിൽ പ്രധാനം. വാർത്താവിനിമയമേഖലയിലും വിദ്യാർഥികളുടെ സ്റ്റാർട്ടപ്പുകളിലുമാണ് തുടക്കത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. എന്നാൽ, 2013 ഒക്ടോബറോടുകൂടി വെർച്വൽ ഇൻകുബേഷനായും അല്ലാതെയും നാനൂറ്റമ്പതോളം സ്റ്റാർട്ടപ്പുകൾക്കു താങ്ങാകാൻ സ്റ്റാർട്ടപ്പ് വില്ലേജിനു സാധിച്ചു. 2016 ൽ കളമശേരിയിലെ ഹൈ-ടെക് പാർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനു കീഴിലെത്തിച്ചു.

വർഷംതോറും കോളജുവിദ്യാർഥികളിൽനിന്ന് അമ്പതോളം ടീമുകളെ തിരഞ്ഞെടുത്ത് ഒരു കമ്പനി തുടങ്ങാനായവശ്യമായ പ്രാരംഭസേവനങ്ങൾ നൽകുന്ന ‘സ്റ്റാർട്ടപ്പ് ബോക്സ് പ്രോഗ്രാം’ വിദ്യാർഥിസംരംഭകർക്കുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ്.

ഇന്നു കേരളത്തിൽ രജിസ്റ്റർ ചെയ്ത കമ്പനികളിലേക്കും വൻതോതിൽ നിക്ഷേപം ആരംഭിച്ചിരിക്കുന്നു. ഇത്തരത്തിൽ 2021 ൽ മാത്രം ലഭിച്ചിരിക്കുന്നത് 1890 കോടി രൂപയുടെ ഫണ്ടിങ്ങാണ്. ഇതു ചെറിയ തുകയല്ല. 2021 നു തൊട്ടുമുമ്പുള്ള പത്തുവർഷംകൊണ്ട് ആകെ ലഭിച്ചതിനെക്കാൾ കൂടുതൽ തുക വരുമിത്. കേവലം ഒരു വർഷംകൊണ്ട് ഉണ്ടായ ഈ നേട്ടം സൂചിപ്പിക്കുന്നത് ഇനി വരുന്നത് സ്റ്റാർട്ടപ്പ് കമ്പനികളുടെ നല്ല കാലമാണ്; കേരളം അതിനു സജ്ജമാണെന്നും.

ഒരു കമ്പനിയുടെ വളർച്ചയ്ക്കും മറ്റാവശ്യങ്ങൾക്കുമായി നിക്ഷേപകർ നൽകുന്ന കാപ്പിറ്റൽ അഥവാ മൂലധനമാണ് ഫണ്ടിങ് എന്ന പേരിൽ അറിയപ്പെടുന്നത്. വിവിധതരം ഫണ്ടിങ് ഇത്തരത്തിൽ സ്റ്റാർട്ടപ്പുകൾക്കു സഹായകമാകുന്നു.

ഒരു കമ്പനിയുടെ പ്രാരംഭഘട്ടത്തിൽത്തന്നെ നടക്കുന്ന ഫണ്ടിങ് രീതികളാണ് പ്രീ-സീഡ് ഫണ്ടിങ്, സീഡ് ഫണ്ടിങ് എന്നിവ. അതായത്, വികസനസാധ്യതയുള്ള ഒരു ബിസിനസ് ആശയത്തോടൊപ്പം ഗൗരവതരമായി പ്രായോഗികബുദ്ധിയോടെ അതിനെ സമീപിക്കുന്ന ഒരു സ്ഥാപകനും ഉണ്ടെങ്കിൽത്തന്നെ നിക്ഷേപം നടത്താൻ വൻകമ്പനികൾ ഉൾപ്പെടെ മുന്നോട്ടു വരുന്നു. ഇങ്ങനെ, വിദേശനിക്ഷേപം വരെ ലഭിക്കാൻ ഒരു ബിസിനസ് തുടങ്ങി, നടത്തി വിജയിപ്പിച്ചു കാണിക്കേണ്ടതില്ല. പകരം, വിജയിക്കാനുള്ള സാധ്യതകൾ തെളിയിച്ചാൽ മാത്രം മതി എന്ന അവസ്ഥ കേരളത്തിലെ കഴിവുള്ള അനേകം സംരംഭകരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കി. വിദേശനിക്ഷേപം മാത്രമല്ല, കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ഗ്രാന്റുകളും ഉപയോഗപ്പെടുത്താനാകും. സംരംഭകരിലും നിക്ഷേപകരിലും മാത്രമായി ഒതുങ്ങുന്നതല്ല സ്റ്റാർട്ടപ്പ് കമ്പനികളിലെ നേട്ടങ്ങൾ.

സ്റ്റാർട്ടപ്പ് യുഗത്തിന്റെ ആരംഭം കേരളത്തിനു നൽകിയത് പുതിയ വൻവളർച്ചാശേഷിയുള്ള കമ്പനികളെ മാത്രമല്ല, തൊഴിൽ മേഖലയിലെ മാറിയ സങ്കല്പങ്ങൾകൂടിയാണ്. കൊവിഡ് സൃഷ്ടിച്ച പ്രതിസന്ധിയിൽ പല വൻ കമ്പനികളും ജോലിക്കുറവിന്റെ കാരണത്തിൽ ജീവനക്കാരെ പിരിച്ചുവിട്ടപ്പോൾ കേരളത്തിലെ ഐ.ടി. പ്രഫഷണലുകൾക്കും തിരിച്ചെത്തിയ പ്രവാസികൾക്കും സ്റ്റാർട്ടപ്പുകൾ അവസരം നൽകി. വർക് ഫ്രം ഹോം സുപരിചിതമായത് വലിയ ‘ബിസിനസ് സ്പേസ്’ ഇല്ലാതെ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെയും തൊഴിൽ നൽകാൻ പ്രാപ്തമാക്കി. 2021 ൽ ഭൂരിഭാഗം സ്റ്റാർട്ടപ്പുകളും അവരുടെ നിക്ഷേപം വിനിയോഗിച്ചത് ജീവനക്കാരെ നിയമിക്കാനാണ്.

പുതിയ കണക്കുകൾ പ്രകാരം കേരളത്തിൽ 35,000 തൊഴിലവസരങ്ങളാണ് സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കാനൊരുങ്ങുന്നത്. എൻജിനീയറിങ് മേഖലയിലെ മാന്ദ്യത്തിന് ഇതു പരിഹാരമായേക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കണ്ടെത്തലും വളർച്ചയും കോസിങ്, റൊബോട്ടിക്സ്, മെഷീൻ ലേണിങ്, ബിഗ് ഡേറ്റ മേഖലകളിൽ അവസരങ്ങൾ തുറക്കുന്നു. എൻജിനീയറിങ് ബിരുദധാരികൾക്ക് ഗുണപ്രദമായ മാറ്റങ്ങളാണിവ. എന്നാൽ, കമ്പനികളുടെ എണ്ണം വർധിക്കുന്നതും നൂതനമേഖലകൾ വളരുന്നതും വിദേശഭാഷകൾ പഠിച്ചവർക്കുമുതൽ സാമ്പത്തിക നിയമ മെഡിക്കൽ മേഖലയിലെ പ്രഫഷണലുകൾക്കും അവസരങ്ങൾ വർധിപ്പിക്കുന്നു. ഏതു വിഷയം പഠിക്കുന്നവരും അല്പം സാങ്കേതികജ്ഞാനവും നേടേണ്ടത് അനിവാര്യമാണ്. കൂടാതെ, ആഗോള തൊഴിൽ പരിസ്ഥിതിയെക്കുറിച്ചുള്ള അവബോധവും ഉണ്ടായിരിക്കണം. ■

# മാർ ജോസഫ് പാംപ്ലാനി തലശ്ശേരി ആർച്ചുബിഷപ്; മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പാലക്കാട് ബിഷപ്

തലശ്ശേരി അതിരൂപതയുടെ ആർച്ചുബിഷപ്പായി മാർ ജോസഫ് പാംപ്ലാനിയും പാലക്കാട് രൂപതയുടെ ബിഷപ്പായി മാർ പീറ്റർ കൊച്ചുപുരയ്ക്കലും നിയമിക്കപ്പെട്ടു. 2022 ജനുവരി 7 മുതൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നുവന്നിരുന്ന സിനഡിലാണു തിരഞ്ഞെടുപ്പു നടന്നത്. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയാണു പ്രഖ്യാപനം നടത്തിയത്.

തലശ്ശേരി അതിരൂപതയുടെ നിയുക്ത ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, പാംപ്ലാനിയിൽ തോമസ് – മേരി ദമ്പതികളുടെ ഏഴു മക്കളിൽ അഞ്ചാമനായി 1969 ഡിസംബർ 3 ന് ജനിച്ചു. തലശ്ശേരി അതിരൂപതയിലെ ചരൾ ഇടവകാംഗമാണ്. ചരൾ എൽ.പി. സ്കൂൾ, കിളിയന്തറ യു.പി. സ്കൂൾ, ഹൈസ്കൂൾ



*മാർ ജോസഫ് പാംപ്ലാനി*



*മാർ പീറ്റർ കൊച്ചുപുരയ്ക്കൽ*

എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസവും നിർമലഗിരി കോളജിൽ പ്രീഡിഗ്രിയും കേരളാ യൂണിവേഴ്സിറ്റിയിൽ ഡിഗ്രിയും പൂർത്തിയാക്കിയ അദ്ദേഹം വൈദികപരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്ര പഠനവും ദൈവശാസ്ത്രപഠനവും നടത്തിയ നിയുക്ത ആർച്ചുബിഷപ് 1997 ഡിസംബർ 30 ന് മാർ ജോസഫ് വലിയമറ്റം പിതാവിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന്, പേരാവൂർ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായും ദീപഗിരി ഇടവകയിൽ വികാരിയായും ശുശ്രൂഷ ചെയ്തു. 2001 ൽ ഉപരിപഠനാർത്ഥം ബൽജിയത്തിലെത്തിയ അദ്ദേഹം പ്രസിദ്ധമായ ലുവെയിൻ കാത്തലിക് യൂണിവേഴ്സിറ്റിയിൽനിന്നു ബൈബിൾ വിജ്ഞാനീയത്തിൽ ലൈസൻഷ്യേറ്റും ഡോക്ടറേറ്റും നേടി. 2006ൽ നാട്ടിൽ തിരിച്ചെത്തി തലശ്ശേരി ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടറായി നിയമിതനായി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനായ ബിഷപ് പാംപ്ലാനി ആലുവ, വടവാതൂർ, കുന്നോത്ത്, തിരുവനന്തപുരം സെന്റ് മേരീസ്, ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് എന്നീ മേജർ സെമിനാരികളിൽ വിസിറ്റിങ് പ്രൊഫസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനും പ്രസംഗകനും ധ്യാനഗുരുവും നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവുമായ ഇദ്ദേഹം 2017 നവംബർ എട്ടു മുതൽ തലശ്ശേരി അതിരൂപതയുടെ സഹായമെത്രാനാണ്. മലയാളത്തിനു പുറമേ ഇംഗ്ലീഷ്, ജർമൻ, ലത്തീൻ, ഗ്രീക്ക്, ഹീബ്രു ഭാഷകളിൽ പ്രാവീണ്യമുണ്ട്. തലശ്ശേരി അതിരൂപതാ ധ്യക്ഷനായിരുന്ന മാർ ജോർജ് ഞരളക്കാട്ട് വിരമിച്ച ഒഴിവിലേക്കാണ് മാർ ജോസഫ് പാംപ്ലാനി നിയമിതനായിരിക്കുന്നത്.

പാലക്കാട് രൂപതയുടെ മൂന്നാമത്തെ മെത്രാനായിട്ടാണ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ നിയമിക്കപ്പെടുന്നത്. 1964 മേയ് 29 ന് പാലാ രൂപതയിലെ മരങ്ങോലി ഇടവകയിലാണു ജനനം. മാതാപിതാക്കൾ പരേതരായ മാണിയും ഏലിക്കുട്ടിയും. 1981 ൽ പാലക്കാട് രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലാണു തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചത്. 1990 ഡിസംബർ 29 ന് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു. പാലക്കാട് രൂപതയിലെ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്ത അദ്ദേഹം സഭാകോടതിയുടെ അധ്യക്ഷനായും രൂപത ചാൻസലറായും വികാരി ജനറാളായും മൈനർ സെമിനാരി റെക്ടറായും സേവനമനുഷ്ഠിട്ടുണ്ട്. ബാഗ്ളൂർ സെന്റ് പീറ്റേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു സഭാനിയമത്തിൽ ലൈസൻഷ്യേറ്റ് പഠനം പൂർത്തിയാക്കിയ നിയുക്ത മെത്രാൻ റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു ഡോക്ടറേറ്റും കരസ്ഥമാക്കി. മലയാളത്തിനു പുറമേ ഇംഗ്ലീഷ്, ജർമൻ, ഇറ്റാലിയൻ ഭാഷകളിൽ പ്രാവീണ്യമുണ്ട്. 2020 ജനുവരി 15 ന് പാലക്കാട് രൂപതയിൽ സഹായമെത്രാനായി നിയമിക്കപ്പെട്ട ഇദ്ദേഹം 2020 ജൂൺ 18 ന് അഭിഷിക്തനായി. പാലക്കാട് രൂപതാധ്യക്ഷനായിരുന്ന മാർ ജേക്കബ് മനത്തോടത്ത് വിരമിച്ച ഒഴിവിലേക്കാണ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ നിയമിതനായിരിക്കുന്നത്.

നിയുക്ത പിതാക്കന്മാരുടെ സ്ഥാനാരോഹണം സംബന്ധിച്ച തീയതികൾ പിന്നീട് തീരുമാനിക്കുന്നതാണ്.

## സമാനതയില്ലാത്ത ദാനം



■ പ്രഫ. എ.ടി. ഏബ്രഹാം വാളനാട്ട്

ഓരോ ദിനാഗമത്തിങ്കലും നാഥാ, നി–
ന്നാരാധനയ്ക്കായ് ഞാനെത്തിടുമ്പോൾ,
ചാരുവാം പുഷ്പങ്ങൾ ശേഖരിച്ചപ്പദ–
താരിണയിൽ വച്ചു കുമ്പിടുമ്പോൾ,
മാമക തുച്ഛോപഹാരവും സ്വാമി, നിൻ
സീമയെഴാത്തൊരാ ദാനമതും
ഓർത്തുകൊണ്ടിങ്ങു ഞാൻ ലജ്ജിതനാകുന്നു
പേർത്തുമെൻ ദാനനിസ്സാരതയാൽ.
പൂവിലോ, പൂർണനിലാവിലോ, വാരൊളി
തൂവിന വാർമഴവില്ലതിലോ,
നീലനഭസ്സിലെഗ്ഗോളഗണത്തിലോ,
നീലാബ്ധിതൻ ജലരാശിയിലോ,
നിക്ഷിപ്തമല്ലാത്തൊരക്ഷയശോഭമാം
ശക്തിപ്രഭാവമാം നിന്റെ ദാനം
അന്തമെഴാത്തൊരെന്നായുസ്സിൻ ദായകാ,
സന്തത സൽപ്പരിപാലകനേ,
നിന്നുടെ പാദപത്മങ്ങളിൽ ഞാൻ വയ്ക്കും
ഭിന്നഭിന്നങ്ങളാം പുഷ്പജാലം
ഓരോ ദളങ്ങളായ് വാടിക്കരിഞ്ഞിട്ട–
ത്താരും തറയുമൊന്നായിടുമ്പോൾ
അന്തരിച്ചീടിലുമന്തം വരാത്തൊരെൻ
ബന്ധുരജീവൻ നിൻ ദാനവരം
ചിന്തയിലൂടെ ഞാൻ കാണുന്നു മൽപ്രഭോ,
നിന്തിരുശ്ശക്തിയെ വാഴ്ത്തിടുന്നു.
ഞാനുമെൻ ദാനമിസ്സൂനവുമൊന്നുപോ–
ലീ നശ്വരപ്രപഞ്ചത്തിനുള്ളിൽ
മണ്ണായലിഞ്ഞു മറയേണ്ടോരെങ്കിലു–
മെന്നുടെ കാര്യം വിഭിന്നമായി.
നിൻ കൃപാപൂരത്താൽ നിത്യമാം ജീവനിൽ
പങ്കു ലഭിച്ചവനാകയായ് ഞാൻ.
ഓരോ ദിവസവുമോരോ നിമിഷവും
ആരാരുമീ സത്യമോർക്കായ്കിലും
തീരാത്ത സ്നേഹമോടീ മഹൽ ജീവനെ
ക്കാരുണ്യവാനീശൻ കാത്തിടുന്നു.
മർത്യനുമാത്രം ലഭിച്ചതാമിദ്ദാന–
മിത്രയമൂല്യമൊന്നായിരിക്കേ,
നിസ്തുലമാകുമ സ്നേഹപാരമ്യത്തെ–
യെത്ര സ്തുതിച്ചാലുമാകുകില്ല.
വെല്ക നിസ്സീമമാം സ്നേഹനികേതമേ,
വെല്ക നീ നിസ്തുല കാരുണികാ.

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ


കർത്താവിനെ ഭയപ്പെടുന്നവനാരോ, അവൻ തിരഞ്ഞെടുക്കേണ്ട വഴി അവിടുന്ന് അവനു കാണിച്ചുകൊടുക്കും.

സങ്കീ. 25:12

**എഡിറ്റോറിയൽ**

## ഇതു ഗുണ്ടകൾ ഭരിക്കുന്ന നാടോ?

ചരിത്രത്തിലൊരു കാലത്തും കേട്ടുകേൾവിയില്ലാത്ത തരത്തിലുള്ള ഗുണ്ടാവിളയാട്ടമാണ് കേരളത്തിൽ കുറെ നാളുകളായി നടന്നുവരുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ കുഗ്രാമങ്ങളിൽ അരങ്ങേറുന്ന ഗുണ്ടാപ്രവർത്തനങ്ങളും അഴിഞ്ഞാട്ടങ്ങളും സാക്ഷരതയിലും ക്രമസമാധാനപാലനത്തിലും മുന്നിട്ടുനില്ക്കുന്നുവെന്ന് അവകാശപ്പെടുന്ന കേരളത്തിലും തുടർക്കഥയാകുമ്പോൾ ജനങ്ങൾ അക്ഷരാർത്ഥത്തിൽ ഭയാശങ്കയിലാണ്.

കോട്ടയം വിമലഗിരി സ്വദേശി ഷാൻ ബാബുവിനെ തട്ടിക്കൊണ്ടുപോയി തല്ലിക്കൊന്ന് മൃതദേഹം കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷനുമുമ്പിൽ കൊണ്ടുപോയിട്ടു വിജയഭേരി മുഴക്കിയ ദാരുണസംഭവം കേരളമനസ്സാക്ഷിയെ ഞെട്ടിച്ചു. പോത്തൻകോട് യുവാവിന്റെ കാൽ ഒരു സംഘമാളുകൾ വെട്ടിമാറ്റിയശേഷം ആർപ്പുവിളിയോടെ കുപ്പയിലേക്കെറിഞ്ഞതും ഭീകരാന്തരീക്ഷം അഴിച്ചുവിട്ടതും ഭരണസിരാകേന്ദ്രം സ്ഥിതി ചെയ്യുന്ന തലസ്ഥാനനഗരിയിൽ ദിവസങ്ങൾക്കുമുമ്പാണ്. തിരുവനന്തപുരത്ത് ഗുണ്ടാസംഘം അച്ഛനെയും മകളെയും ആക്രമിക്കാൻ ശ്രമിച്ചതുൾപ്പെടെയുള്ള ഒട്ടനവധി കൊടുംക്രൂരതകളുടെ വാർത്തകൾ കേട്ടും കണ്ടും കേരളജനതയുടെ ഹൃദയം വിങ്ങുകയാണ്.

ഗുണ്ടാവിളയാട്ടത്തിന്റെ വിറങ്ങലിക്കുന്ന വാർത്തകൾ ദിവസവുമെന്നോണം കേൾക്കേണ്ടിവന്നിരിക്കുന്നു. ക്വട്ടേഷൻ സംഘങ്ങളും മയക്കുമരുന്നു മാഫിയയും നാടു വിറപ്പിച്ചു യഥേഷ്ടം വിലസുന്നുണ്ടെങ്കിൽ, കൊടുംക്രിമിനലുകളും ഗുണ്ടകളും കേരളത്തിൽ നാൾക്കുനാൾ വളരുന്നുണ്ടെങ്കിൽ അതിനർത്ഥം അവരെ തീറ്റിപ്പോറ്റി വളർത്തുന്ന ആരൊക്കെയോ ഭരണം കയ്യാളുന്നുവെന്നു സാരം. സ്വന്തം നിലയിലും കരാറടിസ്ഥാനത്തിലും പ്രവർത്തിക്കുന്ന ക്വട്ടേഷൻ ഗുണ്ടാസംഘങ്ങളാണു രാഷ്ട്രീയപാർട്ടികൾക്കുവേണ്ടി കുത്തും കൊലയും നടത്തി ചോരസിദ്ധാന്തത്തിന്റെ ഇരകളും പ്രചാരകരുമായിരിക്കുന്നത്. ചോര വീഴ്ത്തുന്ന കാമ്പസ് രാഷ്ട്രീയവും മറ്റും ഇത്തരത്തിലുള്ള വൈറസ് വകഭേദങ്ങളാണ്.

ദൈവത്തിന്റെ സ്വന്തം നാടെന്നു വിദേശികൾ കീർത്തിച്ച കേരളം ഇന്നു പക്ഷേ, ഗുണ്ടകളുടെ നാടായി കേൾക്കേണ്ടി വരുന്നത് അത്യന്തം ലജ്ജാകരമാണ്. ഗുണ്ടായിസം അമർച്ച ചെയ്യാൻ പോലീസ് ഊർജിതമായ അന്വേഷണങ്ങളും സാധ്യമായ നടപടികളും കൈക്കൊള്ളുന്നുവെന്നു പറയുമ്പോഴും, അതെല്ലാം അപ്പാടെ വിശ്വസിക്കാനോ മുഖവിലയ്ക്കെടുക്കാൻപോലുമോ സാധാരണക്കാരായ ജനങ്ങൾക്കാകുന്നില്ല. സംസ്ഥാന മുഖ്യമന്ത്രിതന്നെ ആഭ്യന്തരവകുപ്പു കൈകാര്യം ചെയ്തിട്ടും ഗുണ്ടകളെ പേടിച്ചു കഴിയേണ്ട ഗതികേടിലാണ് കേരളനാട്. പോലീസ് സേനയിലുള്ള വിശ്വാസ്യത തകിടം മറിഞ്ഞിരിക്കുന്നു. ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഗുണ്ടകൾക്കെതിരേ ഡി.ജി.പി. അനിൽകാന്ത് പ്രഖ്യാപിച്ച പ്രത്യേക പദ്ധതിപ്രകാരം, പതിന്നാലായിരത്തോളം ഗുണ്ടകളെയാണ് പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ചു ഗുണദോഷിച്ചു വിട്ടത്. ഇതിത്തിരി കൗതുകം തുളുമ്പുന്ന വാർത്തയായി അവശേഷിക്കുമ്പോഴും, അക്രമസംഭവങ്ങളും ഗുണ്ടാവിളയാട്ടങ്ങളും സംസ്ഥാനത്ത് നിർബാധം തുടരുന്നു. ഗുണ്ടകളിൽ ഭൂരിപക്ഷവും ആയുധങ്ങളുമായി കൊലവിളിച്ചു നാട്ടിലിറങ്ങിയിരിക്കുന്നതിനാൽ ജനങ്ങളാകെ പരിഭ്രാന്തിയിലായിരിക്കേ, ഈ ഭയപ്പാടിന്റെ ഊഷ്മാവളന്നു കാര്യക്ഷമമായി പ്രവർത്തിക്കാൻ ഉത്തരവാദിത്വപ്പെട്ട ഭരണാധികാരികളോ പോലീസ് സേനയോ സംസ്ഥാനത്തില്ലാതായിരിക്കുന്നു.

രാജ്യത്തെ മികച്ച പോലീസ് സേനയെന്നു ഖ്യാതി നേടിയ കേരള പോലീസിന് ഇതെന്തുപറ്റിയെന്നറിയാൻ ജനത്തിനവകാശമുണ്ട്. ലഹരിമാഫിയായുടെ തണലിൽ ഗുണ്ടകൾ തഴച്ചുവളർന്നിട്ടും, മയക്കുമരുന്നുകടത്ത്, കള്ളക്കടത്ത്, മണൽക്കടത്ത്, സംഘം ചേർന്നുള്ള ആക്രമണങ്ങൾ എന്നിവവഴി നാട്ടിലാകെ അക്രമം അഴിച്ചുവിട്ടിട്ടും പോലീസ് മൗനം പാലിക്കുന്നതാണ് ഏറെ ഭയാനകം. പരാതി കിട്ടിയാൽമാത്രം നടപടിയെടുക്കാം എന്നുപറയുന്ന തണുപ്പൻ നയങ്ങളൊക്കെ കാലഹരണപ്പെട്ടതാണെന്നേ പറയേണ്ടൂ. പോലീസ് വാഹനങ്ങൾ നഗരത്തിലൂടെ തലങ്ങുംവിലങ്ങും ഓട്ടപ്രദക്ഷിണം നടത്തിയാൽപ്പോരാ, നഗരത്തിന്റെ മുക്കും മൂലയും അരിച്ചുപെറുക്കി സാമൂഹികവിരുദ്ധരെ നിയമത്തിന്റെ മുമ്പിലെത്തിക്കാനും ശിക്ഷയ്ക്കു വിധേയപ്പെടുത്താനും സേനയ്ക്ക് ഇച്ഛാശക്തിയുണ്ടാവണം. അതവർക്കില്ലാഞ്ഞിട്ടൊന്നുമല്ല, അതിനുള്ള 'അധികാരം' എല്ലാ അർത്ഥത്തിലുമുണ്ടാകണമെന്നുമാത്രം. അവരുടെ കാര്യക്ഷമതയ്ക്കും വ്യത്യസ്തമായ കുറ്റാന്വേഷണസമീപനങ്ങൾക്കും അർഹമായ അംഗീകാരവും ആദരവുമുണ്ടാകണമെന്നു സാരം. പ്രചോദനാത്മകമായ പെരുമാറ്റം മേൽത്തട്ടിൽനിന്നുണ്ടാകണം. തലപ്പത്തിരിക്കുന്നവരുടെ ആജ്ഞാനുവർത്തികളാകാൻമാത്രം വിധിക്കപ്പെടാതെ സ്വന്തം ജോലി ഉത്തരവാദിത്വത്തോടും കാര്യക്ഷമതയോടുംകൂടി വിവേകപൂർവം ചെയ്യാനുള്ള സ്വാതന്ത്ര്യംകൂടിയുണ്ടാകണം നമ്മുടെ പോലീസിന്.

ക്രമസമാധാനപാലനത്തിൽ പോലീസിനുണ്ടാകുന്ന വീഴ്ചകൾ സർക്കാരിന്റെ പ്രതിച്ഛായ മോശമാക്കുകയേയുള്ളൂ. തെരുവുഗുണ്ടകളെ അമർച്ച ചെയ്യുന്നതിനെതിരേ ആരെന്ത് ഓപ്പറേഷൻ നടത്തിയാലും; അതു രാഷ്ട്രീയപ്പാർട്ടിയാകട്ടെ, അവരെയും വിലയ്ക്കെടുക്കുന്ന വൻമാഫിയ സംഘങ്ങളാകട്ടെ, അവരെ നിയന്ത്രിച്ചു നിലയ്ക്കുനിർത്താൻ ഇന്നാട്ടിലെ ഭരണകൂടത്തിന് ഇച്ഛാശക്തിയുണ്ടായേ പറ്റൂ. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കേണ്ട സർക്കാരിന് അതില്ലാതെപോയാൽ ജനങ്ങളുടെ സ്വൈരജീവിതം അപകടത്തിലാകുമെന്നുറപ്പ്. ■

# മാറാരോഗികളാകുന്ന മലയാളികൾ

ജീവിതശൈലീരോഗങ്ങളെക്കുറിച്ച് കേൾക്കാത്തവരായി ആരുമില്ല. ജീവിതശൈലിയിൽ മാറ്റം വരുത്തിയാൽ ഒട്ടനവധി രോഗങ്ങളെ തടയാമെന്നും ഏറെക്കുറെ എല്ലാവർക്കുമറിയാം. അസുഖം വന്നിട്ടു ചികിത്സിക്കുകയല്ല, അതു വരാതെ ശ്രദ്ധിക്കുകയാണു പ്രധാനമെന്നും നാം മനസ്സിലാക്കിക്കഴിഞ്ഞു. എന്നാൽ, ഈ അറിവുകളൊക്കെ മനസ്സിൽ സൂക്ഷിക്കുന്നതല്ലാതെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവർ എത്ര പേരുണ്ട്?

വ്യായാമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമ്മുടെ ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും നമ്മെ നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്തുഫലം? ഒരു ന്യൂനപക്ഷം ചിട്ടയായ വ്യായാമത്തിലൂടെയും ഭക്ഷണക്രമീകരണത്തിലൂടെയും ജീവിതം കരുപ്പിടിപ്പിക്കുമ്പോഴും ബഹുഭൂരിപക്ഷം വരുന്ന മലയാളികൾ, സങ്കടം പോക്കാനും സന്തോഷം പങ്കിടാനുമൊക്കെയായി തിന്നും കുടിച്ചും മതിമറക്കുകയാണ്. പണമുണ്ടാക്കാനുള്ള തത്രപ്പാടിൽ ആരോഗ്യമുള്ള ശരീരമാണ് ഏറ്റവും വലിയ സമ്പത്ത് എന്ന കാര്യം പലരും മറക്കുന്നു. സമ്പാദിച്ചതത്രയും മധ്യപ്രായം കഴിയുമ്പോഴേ ആശുപത്രിയിൽ ചെലവഴിക്കേണ്ടി വരുന്ന അവസ്ഥ എത്രയോ പരിതാപകരമാണ്! പകർച്ചവ്യാധികളും മാറാവ്യാധികളുമൊന്നും ആർക്കും തടഞ്ഞു നിർത്താനാവില്ലെന്നറിയാം. എന്നിരുന്നാലും, മലയാളികളിൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന പ്രമേഹം, പ്രഷർ, കൊളസ്ട്രോൾ തുടങ്ങിയ ജീവിതശൈലീരോഗങ്ങളെ അനുദിനമുള്ള വ്യായാമത്തിലൂടെയും ഭക്ഷണക്രമീകരണത്തിലൂടെയും നിശ്ചയമായും നമുക്കു തടയാനാവും.

കളികളിലൂടെയും വ്യായാമത്തിലൂടെയും ഒരു വ്യക്തിക്കു കൈവരുന്ന ശാരീരികമാനസിക ഉണർവ് വളരെ വലുതാണ്. പക്ഷേ, അലസനായ മലയാളി വ്യായാമപരിശീലനങ്ങളിൽനിന്നു മാറിനടക്കുകയാണ്. ഫലമോ? ജോലിസ്ഥലത്തായാലും വീട്ടിലായാലും കംപ്യൂട്ടറിന്റെയും ലാപ്പിന്റെയും മൊബൈലിന്റെയും മുമ്പിൽ തല കുമ്പിട്ടിരിക്കുന്ന അവൻ കാലം ചെല്ലുന്തോറും വലിയ ശാരീരിക മാനസികസമ്മർദ്ദങ്ങൾക്കടിമയായിത്തീരുന്നു. പലരുടെയും ജീവിതംതന്നെ കൈമോശം വരുന്നു. അച്ചടക്കവും ലക്ഷ്യബോധവും നഷ്ടപ്പെട്ട്, മദ്യപാനത്തിലും മയക്കുമരുന്നിലും മറ്റു വഴിവിട്ട മാർഗങ്ങളിലും ചെന്നു ചാടിയ എത്രയോ ചെറുപ്പക്കാരുടെ ജീവിതങ്ങളാണ് നമ്മുടെ കൺമുമ്പിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്! എന്തതിക്രമവും ചെയ്യാൻ മടിയില്ലാത്ത ഒരു യുവതലമുറയാണോ വളർന്നുവരുന്നതെന്നു പേടിക്കണം.

എല്ലാവരും ഇങ്ങനെയെന്നല്ല. നിർദോഷികളായ പാവങ്ങൾ ഭക്ഷണശാലകളിൽ സന്തോഷം കണ്ടെത്തുന്നു. മൂക്കു മുട്ടെ തിന്നുകയാണവരുടെ വിനോദം. കേരളത്തിൽ മുട്ടിനു മുട്ടിന് ഉദ്ഘാടനം ചെയ്യപ്പെടുന്ന ഭക്ഷണശാലകൾ മറ്റെന്തിന്റെ തെളിവാണ്?

ഈ സന്ദർഭത്തിൽ മാറാരോഗികളാകുന്ന മലയാളികളെക്കുറിച്ച് ഡോ. ജോർജ് തയ്യിൽ എഴുതിയ ലേഖനം (നാളം – 41) ഉചിതമായി. ജീവിക്കാൻ പോയിട്ട് കൃത്യമായി ഭക്ഷണം കഴിക്കാൻപോലും സമയം നഷ്ടപ്പെട്ട മലയാളി കുറുക്കുവഴികൾ തേടുകയാണെന്ന് അദ്ദേഹം പറയുന്നു. സ്വന്തം ശരീരഘടനാസവിശേഷതകൾക്കിണങ്ങാത്ത വിദേശഭക്ഷണശൈലികളെ മലയാളി അന്ധമായി അനുകരിക്കുന്നുവത്രേ. അതുതന്നെയാണു പറഞ്ഞത്, ആധുനികമലയാളിയുടെ ഭക്ഷണം ഇന്ന് അകത്തുനിന്നല്ല, പുറത്തുനിന്നാണ്.

**തോമസ് മാത്യു**
**കട്ടപ്പന**



## പ്രതികരണം

# പുലി പ്രസവിച്ച വീട്

ഒരു വീട്ടിൽ കയറി പുലി പ്രസവിച്ചെന്ന്! കേരളത്തിൽ ഇപ്പോൾ അതു നടന്നില്ലെങ്കിലേ അതിശയമുള്ളൂ! നാടൊട്ടുക്കു വമ്പൻ വീടുകൾ ആളനക്കമില്ലാതെ, ആൾപാർപ്പില്ലാതെ, പൂട്ടിയോ പൂട്ടാതെയോ കിടക്കുകയല്ലേ!

വന്യമൃഗങ്ങളും പല ജാതി ജന്തുക്കളും അഭയം പാർത്ത് ഇത്തരം വീടുകളിൽ കയറാൻ തുടങ്ങിയിരിക്കുന്നു എന്നു നമ്മൾ മനസ്സിലാക്കാൻ സമയമായി. പുറപ്പാട് – [illegible], പൂർവാധികം ശക്തിയായി തുടരുന്നു. 'അച്ഛനായും കുരങ്ങായും തെങ്ങേൽ വെള്ളക്കായ് ഒന്നുമില്ല' എന്നു പറഞ്ഞപോലെ യുവാക്കൾ ജന്മദേശം വിടാൻ തക്കം പാർക്കുകയാണ്.

മനുഷ്യവാസമില്ലാതെ കെട്ടിടങ്ങൾ ഉപേക്ഷിക്കപ്പെട്ടു കിടക്കാൻ ഇടയാക്കാതെ, ജനങ്ങളും ഭരണകർത്താക്കളും ശ്രദ്ധിക്കണം.

അടഞ്ഞുകിടക്കുന്ന വീടുകൾ അന്യായകാര്യങ്ങൾ ചെയ്യാനായി ഉപയോഗിക്കപ്പെട്ടുവരുന്നുണ്ട്. അവിടെ 'മേളകൾ' ഒക്കെ നടക്കും. ശ്രദ്ധ വേണം എല്ലാവർക്കും.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# ചതുരവടിവിലെ മലയാളം

**മലയാളത്തിൽ അച്ചടിച്ച ഒന്നാമത്തെ പുസ്തകത്തിന് രണ്ടര നൂറ്റാണ്ട് തികയുകയാണ്. മലയാള പുസ്തക പ്രസാധനരംഗത്തെ പ്രഭാതനക്ഷത്രമായ, 1772 ൽ അച്ചടിച്ച 'സംക്ഷേപവേദാർത്ഥ'ത്തെക്കുറിച്ച്.**



ഷാജി മാലിപ്പാറ

മലയാളത്തിന്റെ ലിപി ഉരുണ്ടതാണ്. മലയാള അക്ഷരങ്ങളും ചിഹ്നങ്ങളും ഉരുട്ടിയെഴുതുന്നതാണു പതിവ്. എഴുതിത്തുടങ്ങുന്ന കൊച്ചുകുട്ടികളെ മാതാപിതാക്കളും അധ്യാപകരും ഉപദേശിക്കുന്നത് ഇപ്രകാരം: "നന്നായി ഉരുട്ടിയെഴുതി പഠിക്കണം."

കൈയെഴുത്തിൽ മാത്രമല്ല, അച്ചടിയിലും മലയാളം ഉരുണ്ടാണിരിക്കുന്നത്. എത്രതരം രസകരമായ അച്ചടിരൂപങ്ങളാണുള്ളത്! കമ്പ്യൂട്ടർ അച്ചടി വന്നതിൽപ്പിന്നെ അതു വളരെ വർദ്ധിച്ചു. അവയിൽ ഒട്ടുമിക്കതും ഉരുട്ടിയെഴുതുന്ന രീതിയിൽത്തന്നെയാണ്. അങ്ങനെയെങ്കിൽ എവിടെയാണ് ചതുരവടിവിലെ മലയാളം?

വേറെങ്ങുമല്ല, മലയാളം അക്ഷരങ്ങൾ ഉപയോഗിച്ച് അച്ചടിച്ച ഒന്നാമത്തെ പുസ്തകത്തിലാണ് ഉരുണ്ട അക്ഷരങ്ങൾക്കുപകരം ചതുരാകൃതിയിലുള്ള അക്ഷരങ്ങൾ കാണുന്നത്. പുസ്തകത്തിന്റെ പേര് സംക്ഷേപവേദാർത്ഥം. ഗ്രന്ഥകാരന്റെ പേര് ഫാദർ ക്ലമന്റ് പിയാനിയസ്. ഇത് അച്ചടിച്ചത് 1772 ൽ റോമിൽവച്ചാണ്. 276 പേജുള്ള ഈ പുസ്തകത്തിന്റെ പൂർണനാമം 'നസ്രാണികൾ ഒക്കക്കും അറിയേണ്ടുന്ന സംക്ഷെപവെദാർത്ഥം' എന്നാണ് കാണുന്നത്. അക്കാലത്തെ ഭാഷയും ലിപിവിന്യാസവും ഇന്നത്തേതിൽനിന്നു വ്യത്യസ്തമാണെന്നു കാണാം. ചതുരാകൃതിയിലുള്ള അച്ചുകൾ ഉപയോഗിച്ചാണ് പുസ്തകം അച്ചടിച്ചിരിക്കുന്നത്. മലയാളത്തിൽ അച്ചടിയുടെ മാതൃകകൾ ഇല്ലാത്ത കാലത്താണ് ഈ സാഹസം ചെയ്തത് എന്നോർക്കണം.

ഗുരുവും ശിഷ്യനും തമ്മിലുള്ള സംവാദരൂപത്തിൽ രചിച്ചിരിക്കുന്ന സംക്ഷേപവേദാർത്ഥത്തിൽ ക്രിസ്തുമതത്തിന്റെ കാതലായ തത്ത്വങ്ങളും വിശ്വാസപ്രമാണങ്ങളും ആത്മീയകർമങ്ങളുമാണു പ്രതിപാദിച്ചിരിക്കുന്നത്. ഗ്രന്ഥാവസാനത്തിൽ പേജുനമ്പറോടുകൂടി വിഷയവിവരം ചേർത്തിട്ടുണ്ട്. കൂട്ടങ്ങൾ, പാഠങ്ങൾ, കാണ്ഡങ്ങൾ എന്നിങ്ങനെ വിഷയത്തെ വിഭജിച്ചാണ് അവതരിപ്പിച്ചിരിക്കുന്നത്.

1731 ൽ ഇറ്റലിയിൽ ജനിച്ച് പുരോഹിതനായ ഫാദർ ക്ലമന്റ് 1757 ലാണ് കേരളത്തിലെത്തിയത്. വരാപ്പുഴയിൽ വൈദികസെമിനാരി സ്ഥാപിച്ച അദ്ദേഹം മലയാളം, സംസ്കൃതം എന്നിവ പഠിച്ച് നിഘണ്ടുവും വ്യാകരണവും രചിച്ചു. 1769 ൽ റോമിലെത്തിയ അദ്ദേഹം അഞ്ചുവർഷം അവിടെ താമസിച്ചു. അതിനിടയിലാണ് മലയാളം അക്ഷരങ്ങളുടെ അച്ചുകൾ നിർമിച്ച് പുസ്തകം അച്ചടിച്ചത്. അതിന്റെ ഏതാനും കോപ്പികളുമായി 1774 ൽ കേരളത്തിൽ തിരിച്ചെത്തി. ഫാ. ക്ലമന്റ് 1782 ൽ അന്തരിച്ചു. വരാപ്പുഴയിലാണ് സംസ്കരിച്ചിരിക്കുന്നത്. സംക്ഷേപവേദാർത്ഥത്തിന്റെ ഓരോ കോപ്പി കേരളത്തിലെ ചില പ്രശസ്ത ലൈബ്രറികളിലും വത്തിക്കാൻ ലൈബ്രറിയിലും ലണ്ടനിലെ ഇന്ത്യാഹൗസ് ലൈബ്രറിയിലും സൂക്ഷിച്ചിട്ടുണ്ട്. പുരാതന ക്രിസ്തീയഭവനങ്ങളിലും സ്ഥാപനങ്ങളിലും ചിലപ്പോൾ കണ്ടേക്കാമെന്ന് ഗവേഷകർ കരുതുന്നു. ഈ വിശേഷകൃതി 1980 ലാണ് പിന്നീട് അച്ചടിക്കപ്പെട്ടത്; അതായത്, 208 വർഷങ്ങൾക്കുശേഷം. കോട്ടയം ഡിസി ബുക്സും തിരുവനന്തപുരം കാർമ്മൽ പബ്ലിഷിങ് സെന്ററും സംയുക്തസംരംഭമായി പ്രസിദ്ധീകരിച്ച ഇതിന് അറുനൂറോളം പേജുകളുണ്ട്. കാരണം, പരാവർത്തനവും വ്യാഖ്യാനവും സഹിതമാണ് പുസ്തകം അവതരിപ്പിക്കുന്നത്. ചതുരവടിവിൽ അച്ചടിച്ച പ്രഥമഗ്രന്ഥത്തിന്റെ പേജുകൾ അതേപടി ചേർത്തിട്ടുണ്ട്. അതിനു പുറമേയാണ് ഇന്ന് വായിച്ചുമനസ്സിലാക്കാൻ പാകത്തിന് പ്രഫ. മാത്യു ഉലകംതറ തയ്യാറാക്കിയ വ്യാഖ്യാനവും മറ്റും. ആമുഖത്തിൽ ഭാഷാഗവേഷകനായ ഡോ. ചുമ്മാർ ചൂണ്ടൽ അച്ചടി, ഭാഷ, മതം ഇവയുടെയെല്ലാം ചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന കൃതിയെന്ന് എടുത്തുപറയുന്നുണ്ട്. ശ്രേഷ്ഠഭാഷയായ മലയാളത്തിന്റെയും പുസ്തകപ്രസാധനത്തിന്റെയും ഒരു നിർണായക നാഴികക്കല്ലാണ് സംക്ഷേപവേദാർത്ഥമെന്നു പറയാം. ■




## ഒറ്റയ്ക്കൊരു പക്ഷി

■ നിഷ ആന്റണി

കാറ്റിനോടു തോറ്റ
വേരറ്റ തിരിനാളം
വീടിൻ പടിക്കൽ
തിരികെട്ട് ഇരുട്ടിൽ
തല താഴ്ത്തിയ നേരം
    കിണറ്റിൻചോലയിലൊരു പെണ്ണ്
    കുളിച്ച് തോർത്തിയ രാക്കാറ്റ്.
ഇടനാഴിയിലെ കൂരിരുട്ടും
കുറ്റിമുല്ലപ്പരപ്പും
കാലൊച്ചയില്ലാതെ
പടികയറി വന്ന മീനരാവിൽ
തണുപ്പും നിലാവും
ചേർത്തമർത്തി വാതിലടച്ചിട്ടും.
    തിരിമുറിയെ തോല്പിച്ച
    കാറ്റൊരുത്തൻ
    കുത്തയഞ്ഞ
    തണുമുറിയിലേക്ക്
    അരിച്ചുകയറി.
കുളിരു വാരിച്ചുറ്റിയ മുടിക്കെട്ട്.
പൂക്കളുരസിയ പൂമേനി
    വേരറ്റുപോയതിനെയെന്തിനെയോ
    തിരിച്ചുപിടിക്കാനുള്ള
    പാതിരാവേട്ടയിൽ
    കാറ്റ് കടപുഴക്കിയ പെണ്ണ്
    കരളുറപ്പിന്റെ വെയിലണിഞ്ഞ്
    സൂര്യനായും തീയായും മാറി.
കാറ്റ് കരിയില പോൽ കെട്ടടങ്ങുന്നതും
ഉമ്മറം തുറന്ന് പെണ്ണ് വീണ്ടും
നിറതിരിയായ് ഉദിക്കുന്നതും
പഴങ്കഥപ്പാട് മായ്ച്ച്,
ഒറ്റയ്ക്കൊരു പക്ഷി
ധൈര്യത്തിന്റെ തുമ്പ് നെയ്ത്
സ്വയം നിവരുന്നതും
പാതി തുറന്ന വാതിലിൽക്കൂടി
കിഴക്കൻമലയിലെ നീതിനക്ഷത്രം
പുഞ്ചിരിയോടെ നോക്കിക്കണ്ടു.
    അപ്പോൾ,
    കാലം എവിടെയോ
    അതിജീവനത്തിന്റെ കാവ്യം
    എഴുതിത്തുടങ്ങിയിരുന്നു.



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## പൊങ്കലും പൊങ്കാലയും

ദക്ഷിണ തിരുവിതാംകൂറിലെ ദേവീക്ഷേത്രങ്ങളിൽ നടത്തുന്ന ഒരു വഴിപാടാണ് പൊങ്കാല. ആറ്റുകാൽ ഭഗവതീക്ഷേത്രത്തിലെ പൊങ്കാല മഹോത്സവം ഏറെ പ്രസിദ്ധമാണല്ലോ. മലയാളത്തിലെ നിഘണ്ടുകാരന്മാർ പൊങ്കാല എന്ന വാക്കിന് അർത്ഥം നൽകുന്നുണ്ടെങ്കിലും നിരുക്തി വ്യക്തമാക്കുന്നില്ല. പ്രഭാതത്തിൽ അരിവച്ച് സൂര്യപൂജ അഥവാ ദേവപൂജ നടത്തലാണ് ശബ്ദതാരാവലികാരനു പൊങ്കാല. പൊങ്കലും പൊങ്കാലയും ഒന്നെന്ന മട്ടിലാണ് പൊതുവെ നിഘണ്ടുക്കളിലെ പ്രതിപാദനം. എന്നാൽ, നിഷ്പത്തിപ്രകാരം പൊങ്കലും (പൊങ്ങൽ) പൊങ്കാലയും ഭിന്നങ്ങളാണ്.

പൊങ്കൽ എന്ന പദത്തിന്റെ വാച്യാർത്ഥം തിളയ്ക്കൽ എന്നാണ്. തിളപ്പിച്ചെടുക്കുന്ന നിവേദ്യം എന്ന അർത്ഥം ലാക്ഷണികമായി വന്നുചേരുന്നു. പൊൻ+കൽ, സന്ധിയിൽ പൊങ്കൽ എന്നാകും. വർത്സ്യ നകാരത്തിന് പരസവർണ്ണനം വന്ന രൂപമാണ് പൊങ്കൽ. പൊൻ+കൽ→പൊങ്+കൽ→പൊങ്കൽ. കാർഷികോത്സവമാണ് തമിഴ്നാട്ടുകാർക്ക് പൊങ്കൽ. മകരപ്പൊങ്കൽ (തൈപ്പൊങ്കൽ), മാട്ടുപ്പൊങ്കൽ എന്നിവ ഉദാഹരണം. *

പൊങ്കൽ, പൊങ്കാല എന്നീ പദങ്ങൾക്കു രൂപപരമായിത്തന്നെ വ്യത്യാസമുണ്ട്. പദമധ്യത്തിലെ സ്വരദീർഘവും പദാന്ത്യത്തിലെ അകാരവുമാണ് തമ്മിലുള്ള ഭേദം. പൊൻ+കാല, സന്ധിയിൽ പൊങ്കാലയാകും. പൊങ്കൽ എന്ന പദത്തിന്റെ നിരുക്തി ഇവിടെയും അനുവർത്തിക്കുന്നു. അതായത്, ഉത്തരപദാദിയിലെ കകാരം പൂർവപദാന്ത്യത്തിലെ നകാരത്തെ ങ കാരമാക്കുന്നു. പൂർവ്വസവർണ്ണനംതന്നെ. പൊൻ+കാല→പൊങ്+ കാല→ പൊങ്കാല. മീങ്കാരി (മീൻ+കാരി), തങ്കാര്യം (തൻ+കാര്യം) തുടങ്ങിയ രൂപങ്ങൾ വാമൊഴിയിലുണ്ടല്ലോ.

പൊൻ എന്ന പൂർവ്വപദത്തിന് സ്വർണം, പ്രകാശം, അഴക്, സൂര്യൻ എന്നൊക്കെ അർത്ഥമുണ്ട്. കാല എന്നാൽ പ്രഭാതം. കാലൈ എന്ന തമിഴ്പദത്തിന്റെ രൂപഭേദമാണ് കാല. കാലയ്ക്ക് സമയം, അവസരം, പ്രഭാതം, സൂര്യൻ എന്നെല്ലാമാണ് അർത്ഥം. സംസ്കൃതത്തിലെ കാല്യവുമായി കാലയ്ക്ക് ബന്ധമുണ്ടാവാം. അപ്പോൾ പൊങ്കാലയ്ക്ക്→കാഞ്ചനകാല്യം, അഥവാ സുവർണപ്രഭാതം എന്ന വാച്യം വന്നുചേരുന്നു. ഈശ്വരപ്രീതിക്കുവേണ്ടി സുപ്രഭാതം നേരുന്ന കർമ്മമാണ് പൊങ്കാല. പൊങ്കാലയുമായി ബന്ധപ്പെട്ടാണ് പൊങ്കൽ നിവേദ്യം തയ്യാറാക്കുന്നത്. അതാവാം ഒരുപക്ഷേ, പൊങ്കലും പൊങ്കാലയും ഒന്നെന്നു കരുതാൻ കാരണമായത് ** പൊങ്കൽ അനുനാസികാതിപ്രസരംമൂലം പൊങ്ങൽ ആകുമെങ്കിലും പൊങ്കാല, 'പൊങ്ങാല' എന്നാകുന്നില്ല. "കൽടാപുകൾക്കില്ലി തത്രേ/അതിപ്രസരമെന്നത" (കാരിക 24) *** എന്ന കേരളപാണിനീയമതത്തിന്റെ പ്രസക്തി പൂർണമായി ഇല്ലാതായിട്ടില്ലല്ലോ!

അനുബന്ധം: തൈപ്പൊങ്കൽ:- ധാന്യവും പാലും പുത്തൻകലങ്ങളിൽ പാകം ചെയ്യുകയും തിളച്ചുപൊങ്ങുമ്പോൾ പൊങ്കലോ പൊങ്കൽ എന്നു ഗൃഹാംഗങ്ങൾ ആർത്തുവിളിക്കുകയും ചെയ്യും. ഇതാണ് തൈപ്പൊങ്കൽ എന്ന ആഘോഷം.

മാട്ടുപ്പൊങ്കൽ:- കന്നുകാലികളെ കുളിപ്പിച്ചു മഞ്ഞളും കുങ്കുമവും ദേഹത്തുപുരട്ടി കൊമ്പുകൾക്കു ചായമിട്ട് തെരുവിൽക്കൂടി എഴുന്നള്ളിക്കുന്നു. രണ്ടു ദിവസവും മധുരപലഹാരങ്ങളും സദ്യയും പതിവുണ്ട്. കാർഷികോത്സവമാണ് പൊങ്കലെന്നു പൊതുവെ പറയാം.

* കർത്താ പി.സി., ആചാരാനുഷ്ഠാനകോശം, ഡി.സി. ബുക്സ്, കോട്ടയം, 1998, പുറം -325, 326

** ലത, വി. നായർ, പ്രഫ. എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ (സമ്പാദനം), വാല്യം ഒന്ന്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം-547.

*** രാജരാജവർമ്മ ഏ. ആർ., കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം - 136.




**ജനുവരി 30**
**ദനഹാക്കാലം**
**അഞ്ചാം ഞായർ**

**പുറ 20: 1–17**
**എസെ 11: 14–21**
**കൊളോ 3: 5–14**
**വി. മത്താ 5: 17–26**

# നിയമത്തിന്റെ പൂർത്തീകരണം



ഡോ. ജോസഫ് കരികുളം

മനുഷ്യന്റെ സ്വച്ഛവും സ്വതന്ത്രവുമായ ജീവിതത്തിനുവേണ്ടി സമൂഹംതന്നെ ക്രോഡീകരിച്ചിരിക്കുന്ന വ്യവസ്ഥകളാണു നിയമങ്ങൾ. ചില കാര്യങ്ങൾ ചെയ്യണം, മറ്റുചിലത് ചെയ്യരുത് എന്നു നിയമം നിഷ്കർഷിക്കുന്നു. മനുഷ്യസ്വാതന്ത്ര്യത്തെ നിയമങ്ങൾ പരിമിതപ്പെടുത്തുന്നുവെന്ന ചിന്ത പൊതുവേയുണ്ട്. അതിനാൽ, നിയമം എന്നത് എന്തെങ്കിലും ഉപകാരമുള്ള കാര്യമായി പലരും കരുതുന്നില്ല; മറിച്ച്, നിഷേധാത്മകമായി ചിന്തിക്കുന്ന വ്യവസ്ഥകളായി നിയമങ്ങളെ കാണുന്നവർ നിരവധിയാണ്.

**ദൈവത്തിന്റെ സ്വത്ത് ദൈവംതന്നെയാണ്. ദൈവികജീവൻ, നിത്യജീവൻ, സ്വർഗീയജീവിതം എന്നതെല്ലാം ദൈവത്തെത്തന്നെ സൂചിപ്പിക്കുന്നു. 'സ്വർഗരാജ്യത്തിൽ നിത്യജീവൻ' ഉറപ്പുതരുന്ന ഈശോ ദൈവത്തിലുള്ള ജീവിതമാണ് ഉറപ്പുതരുന്നത്. നിത്യം ജീവിക്കുന്നവൻ ദൈവമാണ്. ആ ദൈവത്തെ സ്വന്തമാക്കുന്നവൻ ദൈവമാകുന്ന പിതൃസ്വത്ത് അനുഭവിക്കുകയാണ്.**

നിയമങ്ങൾ സമൂഹത്തിന്റെ സുസ്ഥിരവളർച്ചയ്ക്കും എല്ലാവരുടെയും തുല്യമായ സന്തോഷം ഉറപ്പുവരുത്തുന്നതിനും സഹായിക്കുന്നവയാണ് എന്ന ചിന്ത ഉണ്ടായാൽ മാത്രമേ അത് അനുസരിക്കുന്നതിനും അതിൽനിന്നുണ്ടാകുന്ന ക്രമത്തെ (order) ആസ്വദിക്കുന്നതിനും കഴിയൂ. ചിലർക്കുവേണ്ടി നിയമങ്ങൾ ഒഴിവാക്കപ്പെടുമ്പോൾ, ചിലർ നിയമം മറികടക്കുമ്പോൾ ഉണ്ടാകുന്ന ക്രമരാഹിത്യം (disorder) സമൂഹജീവിതത്തിന്റെ സന്തോഷത്തെയും സമാധാനത്തെയും കെടുത്തിക്കളയുന്നതു നാം കാണാറുണ്ട്.

ഈശോമിശിഹായാകുന്ന നിയമത്തെക്കുറിച്ചാണ് ഇന്നത്തെ വായനകൾ നമ്മോടു സംസാരിക്കുന്നത്.

വി. ഗ്രന്ഥത്തിലെ രണ്ടു ഭാഗങ്ങളുടെ തലക്കെട്ടുകളായി മലയാളപരിഭാഷയിൽ ഉപയോഗിക്കുന്നത് 'പഴയനിയമം', 'പുതിയ നിയമം' എന്നാണ്. എന്നാൽ, വി. ഗ്രന്ഥത്തിലെ രണ്ടു ഭാഗങ്ങളെയും സൂചിപ്പിക്കാൻ ഹീബ്രുവിൽ ഉപയോഗിക്കുന്ന പദം 'beriyth' എന്നതാണ്. ഉടമ്പടി/ covenent എന്നാണ് ഈ വാക്കിന്റെ അർത്ഥം. അങ്ങനെയാണെങ്കിൽ മലയാളതർജമ 'പഴയ ഉടമ്പടി', 'പുതിയ ഉടമ്പടി' എന്നിങ്ങനെ വരണമായിരുന്നു. എന്നാൽ, വി. ഗ്രന്ഥത്തിന്റെ ഗ്രീക്കു തർജ്ജമയിൽ (LXX - Septuagint) 'beriyth' എന്നതിന് 'diatheke' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്കു-റോമൻ നിയമസംഹിതയിൽ പാരമ്പര്യസ്വത്തിന്റെ തീർപ്പാക്കലിനെ സംബന്ധിച്ചു നിയമങ്ങളെ (വിൽപ്പത്രം / last will - മരണപത്രിക/ testament) 'diatheke' സൂചിപ്പിക്കുന്നു. 'beriyth' / ഉടമ്പടിയുടെ ഉള്ളടക്കം നിയമങ്ങൾ ആയതിനാലാകണം ഗ്രീക്കുപരിഭാഷകർ നിയമവുമായി ബന്ധപ്പെട്ട തലക്കെട്ട് വി. ഗ്രന്ഥത്തിലെ രണ്ടു ഭാഗങ്ങൾക്കു നല്കിയത്. അത് ഇംഗ്ലീഷിലേക്കു തർജമ ചെയ്തപ്പോഴും New Testament / old Testament എന്ന തലക്കെട്ടുകൾ നിലനിർത്തിയിരുന്നു. പക്ഷേ, മലയാളത്തിൽ 'പഴയ നിയമം', 'പുതിയ നിയമം' എന്നുമായി. 'പഴയ ഉടമ്പടി' , 'പുതിയ ഉടമ്പടി' എന്നത് വി. ഗ്രന്ഥത്തിന്റെ ആത്യന്തികലക്ഷ്യത്തെ കൃത്യമായി സൂചിപ്പിക്കുന്നുണ്ട്.

തന്റെ സ്വയംദാനമായ കൃപപ്രകാരം, വാഗ്ദാനങ്ങളുടെ പൂർത്തീകരണമായി ദൈവം മനുഷ്യനു കൊടുക്കുന്ന രക്ഷയെ ദൈവത്തിന്റെ വിൽപ്പത്രം (last will / Testament) ആയി കരുതണം. ഈ രക്ഷയും അതിന്റെ തുടക്കവും അതു കടന്നുപോകുന്ന വഴികളും വളരെ കൃത്യമായി ദൈവം ആസൂത്രണം ചെയ്തു നടപ്പാക്കിയതാണ്. ഈ ആസൂത്രണത്തിന്റെ തുടക്കമാണ് 'പഴയ ഉടമ്പടി.' ദൈവം അബ്രാഹവുമായി നടത്തുന്ന ഉടമ്പടിയാണ് ഈ പഴയ ഉടമ്പടിയുടെ കാതൽ. പൂർവപിതാക്കന്മാരുമായി ഈ ഉടമ്പടിയെ ദൈവം കാലാകാലങ്ങളിൽ പുതുക്കുകയും ഓർമിക്കുകയും ചെയ്യുന്നുണ്ട്.

പഴയ ഉടമ്പടിയുടെ പ്രധാന ഭാഗം നിയമങ്ങളായിരുന്നു. ഉടമ്പടി നടപ്പാക്കണമെങ്കിൽ ആ ഉടമ്പടിയെ യാഥാർത്ഥ്യമാക്കുന്ന വ്യവസ്ഥകളാവശ്യമാണ്. ഈ വ്യവസ്ഥകളാണു നിയമങ്ങൾ.

അബ്രാഹവുമായി ഉടമ്പടിയിൽ ഏർപ്പെടുന്നതിനുമുമ്പ് ദൈവം മനുഷ്യവർഗത്തോട് ആദിമാതാപിതാക്കളിലൂടെ ഒരു ഉടമ്പടി ചെയ്തിരുന്നു. ആ ഉടമ്പടിയിലെ വ്യവസ്ഥകൾ അവർ ലംഘിച്ചതുകൊണ്ട് (ഉത്പ. 3, 1-13) ദൈവം അബ്രാഹവുമായി പുതിയ അതിശക്തമായ ഒരുമ്പടി



സ്ഥാപിക്കുന്നു. അതിലെ വ്യവസ്ഥകളും ശക്തമാണ് (ഒന്നാം വായന പുറ. 20:1-17). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട, കൃപനിറഞ്ഞ മനുഷ്യർക്കു ദൈവവുമായുള്ള ഉടമ്പടിയിൽ ഉറച്ചുനിൽക്കാൻ കഴിയാതിരുന്നതിനാൽ കൃപ നഷ്ടമാകുന്നു. പിന്നീട് ആ കൃപയിലേക്കു തിരിച്ചു പ്രവേശിക്കണമെങ്കിൽ ദൈവം തന്നെ സഹായിക്കണം. അതുകൊണ്ട്, പുതിയ ഉടമ്പടി, ഏകപക്ഷീയമായിരുന്നു. ദൈവം സ്വയേച്ഛപ്രകാരം അബ്രാഹത്തെ വിളിച്ച് ഉടമ്പടിയുണ്ടാക്കി, അബ്രാഹത്തിൽനിന്നു ജന്മംകൊണ്ട ജനത്തിന് ആ ഉടമ്പടിയുടെ ഫലം ലഭിക്കാൻ ആവശ്യമായ വ്യവസ്ഥകൾ നൽകുന്നു. ദൈവത്തിന്റെ കൃപയാണ് ഈ ഉടമ്പടിയുടെ ഉറപ്പ്. മനുഷ്യന്റെ ദൈവത്തിലുള്ള വിശ്വാസമാണ് ഈ ഉടമ്പടിയെ വിജയത്തിലെത്തിക്കുന്നത്.

പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള ഒന്നാം വായന ഉടമ്പടിയെ വിജയത്തിലെത്തിക്കാനാവശ്യമായ വ്യവസ്ഥകളെക്കുറിച്ചാണു സംസാരിക്കുന്നത്. ഉടമ്പടി വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ സ്വത്ത് സ്വന്തമാക്കുന്നതിന് അവിടത്തെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മക്കൾ പാലിക്കേണ്ട പത്തു വ്യവസ്ഥകൾ/ കല്പനകളാണിവ. അപ്പോൾ ദൈവത്തിന്റെ സ്വത്ത് എന്താണെന്ന സ്വാഭാവികമായ ചോദ്യമുയർന്നു വരും. ദൈവത്തിന്റെ സ്വത്ത് ദൈവംതന്നെയാണ്. ദൈവികജീവൻ, നിത്യജീവൻ, സ്വർഗീയജീവിതം എന്നതെല്ലാം ദൈവത്തെത്തന്നെ സൂചിപ്പിക്കുന്നു. 'സ്വർഗരാജ്യത്തിൽ നിത്യജീവൻ' ഉറപ്പുതരുന്ന ഈശോ ദൈവത്തിലുള്ള ജീവിതമാണ് ഉറപ്പുതരുന്നത്. നിത്യം ജീവിക്കുന്നവൻ ദൈവമാണ്. ആ ദൈവത്തെ സ്വന്തമാക്കുന്നവൻ ദൈവമാകുന്ന പിതൃസ്വത്ത് അനുഭവിക്കുകയാണ്.

ഉടമ്പടിയെ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള വ്യവസ്ഥകളെല്ലാം ജീവനിലേക്കുള്ള മാർഗദർശികളാണ്. അതുകൊണ്ടാണ് നിയമാവർത്തനപ്പുസ്തകം ഇപ്രകാരം പറയുന്നത്: "നിങ്ങൾ ജീവിച്ചിരിക്കാനും നിനക്കു നന്മയുണ്ടാകാനും... വേണ്ടി നിങ്ങളുടെ ദൈവമായ കർത്താവ് കല്പിച്ചിട്ടുള്ള മാർഗത്തിലൂടെ ചരിക്കണം" (നിയമ. 5:33).

പഴയ ഉടമ്പടിയുടെ നിയമപുസ്തകത്തിൽത്തന്നെ ദൈവത്തിന്റെ ഉടമ്പടിയിൽ നല്കപ്പെടുന്ന കല്പനകളെ ദൈവവചനമായിത്തന്നെ കാണുന്ന പ്രത്യേകതയുമുണ്ട്. "വചനം നിനക്കു സമീപസ്ഥമാണ്; അതു നിന്റെ അധരത്തിലും ഹൃദയത്തിലുമുണ്ട്. അതു പ്രാവർത്തികമാക്കാൻ നിനക്കു കഴിയും" (നിയമ. 30:14). "ആകയാൽ, എന്റെ ഈ വചനം ഹൃദയത്തിലും മനസ്സിലും സൂക്ഷിക്കുവിൻ" (നിയമ. 11:18). "അവിടുത്തെ വചനം ശ്രദ്ധിച്ചാൽ അവിടന്ന് ഈ അനുഗ്രഹങ്ങളെല്ലാം നിന്റെമേൽ ചൊരിയും" (നിയമ. 28:2).

വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. ഈശോമിശിഹാ നിയമത്തിന്റെ പൂർത്തീകരണംതന്നെയാകുന്നു (മത്താ. 5:17). കാരണം, നിയമാനുഷ്ഠാനത്തിന്റെ /വചനാനുഷ്ഠാനത്തിന്റെ കഠിനതയെ (മത്താ. 5:20) എടുത്തുമാറ്റി വചനത്തിന്റെ ആന്തരികാർത്ഥത്തെ ഉൾക്കൊള്ളുന്ന പുതിയ മാംസളതയുള്ള ഹൃദയം (എസെക്കി. 11:19; രണ്ടാം വായന) തന്റെ ജനത്തിനു നൽകുന്നത് ഈശോമിശിഹായാണ്.

നിയമത്തിന്റെ ആന്തരികാർത്ഥത്തെ ഉൾക്കൊള്ളുകയെന്നാൽ സ്നേഹത്തിന്റെ ദ്വിതലപ്രയോഗമാണെന്ന് വി. ഗ്രന്ഥം നമ്മെ ഓർമിപ്പിക്കുന്നു. "നീ നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുക; നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (മത്താ. 22:37 -39). "സർവോപരി എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ" (കൊളോ. 3:14).

ദൈവത്തെ സംബന്ധിക്കുന്ന വലിയ ഒരു രഹസ്യത്തിലേക്കാണ് ഇന്നത്തെ വചനഭാഗങ്ങൾ നമ്മെ നയിക്കുന്നത്. ദൈവം വചനമാണ്, നിയമമാണ്, സ്നേഹമാണ്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ജീവിതം മനുഷ്യനുണ്ടാകും. മാനുഷികനിയമങ്ങളല്ല; മറിച്ച് ദൈവത്തിന്റെ വചനത്തിന്റെ മാനുഷികമായ ഉൾക്കൊള്ളലുകളാണ് തുല്യതയിലേക്കും സന്തോഷകരമായ ജീവിതത്തിലേക്കും മനുഷ്യനെ നയിക്കുന്ന യഥാർത്ഥനിയമങ്ങൾ. വചനവും നിയമവും സ്നേഹവുമായുള്ള ദൈവത്തെ നാം ഭൂമിയിൽ ദർശിച്ചത് ഈശോമിശിഹായിലാണ്. അതുകൊണ്ട്, ഈശോമിശിഹാ നിയമത്തിന്റെ പൂർത്തീകരണമായി നിത്യജീവനിലേക്കു നമ്മെ ക്ഷണിക്കുന്നു. ■

# വിശ്വസ്തനായ സന്ദേശവാഹകൻ



പീറ്റർ കുരിശിങ്കൽ

**സ്വ**ർഗീയസൈന്യത്തിന്റെ ഏഴ് അധിപന്മാലൊരാൾ എന്നു യഹൂദശാസ്ത്രിമാർ ഗബ്രിയേലിനെ കരുതുന്നു. അല്ലയോ ഗബ്രിയേൽ, അങ്ങ് ദൈവത്തിന്റെ ജനറൽ ആയിരിക്കുന്നതിനോടൊപ്പം വിശ്വസ്തനായ ദൂതനുംകൂടിയാണ്. അതേ, വിശ്വസ്തനായ സന്ദേശവാഹകൻ! വിശ്വസ്തനായ സന്ദേശവാഹകൻ രഞ്ജനം വരുത്തുന്നു എന്നാണല്ലോ സുഭാഷിതങ്ങളിലും പറഞ്ഞിരിക്കുന്നത്.

ഗബ്രിയേൽ എന്ന വാക്കിന്റെ സാരം ദൈവത്തിന്റെ മനുഷ്യൻ എന്നാണല്ലോ. ആ പദം അന്വർത്ഥമാകുംവിധം അങ്ങ് ദൈവത്തിന്റെയും മനുഷ്യന്റെയും ഇടയിൽ പ്രവർത്തിച്ചതിനു നിരവധി സന്ദർഭങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. പൂർവജോസഫിനു വഴികാണിച്ചുകൊടുത്തത് (ഉത്പ. 37:15), മോശയുടെ സംസ്കാരച്ചടങ്ങിൽ പങ്കെടുത്തത് (നിയമ. 34:6), ദൈവജനത്തിനെതിരേ വന്ന അസീറിയൻ സൈന്യത്തെയും അതിന്റെ തലവൻ സാൻഹെമീബിനെയും സംഹരിച്ചത് (2 ദിന. 32:21), ദാനിയേലിനെ സഹായിക്കാൻ എത്തിയത് (ദാനി. 8:16; 9:21) ഇങ്ങനെ എണ്ണിയെണ്ണിപ്പറയാൻ അനേകമുണ്ട്.

അങ്ങ് കന്യകാമേരിയോട് അറിയിച്ച മംഗളവാർത്തയെക്കുറിച്ചുതന്നെയാകട്ടെ ആദ്യചിന്ത. ശുഭസൂചകമായ, ശ്രേയസ്കരമായ, സന്തോഷകരമായ, ദൈവകൃപയാൽ നിറഞ്ഞത് എന്നും മറ്റുമുള്ള ചിന്തയാണ് മംഗളപദം മലയാളികളിൽ ഉണർത്തുന്നത്. അങ്ങു ദൂത് അറിയിക്കുന്നതിനു മുമ്പുതന്നെ മേരിയെ അഭിസംബോധന ചെയ്യുന്നത്, "കൃപ നിറഞ്ഞവളേ" എന്നാണ്. എന്നിട്ട് സ്വസ്തി എന്നുകൂടി അഭിവാദ്യം ചെയ്യുന്നുണ്ട്. അങ്ങ് ഇതിലൂടെ ലോകത്തോടു നല്കുന്ന സന്ദേശം മേരി കൃപനിറഞ്ഞവളാണ്, അവൾ സ്തുതി അർഹിക്കുന്നു, സ്തുതിക്കപ്പെടേണ്ടവളാണ് എന്നുതന്നെയാണ്. മറിയയ്ക്കു ധൈര്യം പകർന്നുകൊണ്ട് അങ്ങു പറയുന്നതും ശ്രദ്ധേയമാണ്: "ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു." മംഗളവാർത്തയുടെ എല്ലാ അർത്ഥതലങ്ങളും ഇവിടെ നമുക്കു വായിച്ചെടുക്കാം. ഭാഗ്യം, ശുഭം, അനുഗ്രഹം, ശ്രേയസ്കരം, ധീരം അങ്ങനെ എല്ലാം.

ദൈവം തന്റെ മംഗളദൂതുകൾ അറിയിക്കാനായി പ്രത്യേകം തിരഞ്ഞെടുത്ത മാലാഖയാണ് അങ്ങ് എന്നു വ്യക്തമാക്കുന്ന തരത്തിലാണ് വിശുദ്ധ ലൂക്കാ അങ്ങയെക്കുറിച്ചു പ്രതിപാദിക്കുന്നത്.

യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള സന്ദേശത്തിൽ അങ്ങു സഖറിയായോടു പറഞ്ഞ വാക്കുകൾതന്നെ മംഗളസൂചനകൾ നല്കുന്നതാണ്: "സഖറിയാ, ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നീ അവന് യോഹന്നാൻ എന്നു പേരിടണം. നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും. അനേകർ അവന്റെ ജനനത്തിൽ ആഹ്ലാദിക്കുകയും ചെയ്യും.'' ഇവിടെയും മംഗളദൂതിന്റെ പ്രസക്തി വ്യക്തമാകുന്നുണ്ട്.

ചില മംഗളകർമങ്ങൾ സമൂഹത്തിനു മുഴുവൻ അനുഭവവേദ്യമാകുമല്ലോ. അവിടെയാണ് വിശ്വസ്തനായ സന്ദേശവാഹകൻ രഞ്ജനം കൈവരുത്തുന്നു എന്ന വാക്യത്തിന്റെ പ്രായോഗികത.



അനുഗ്രഹം, സന്തുഷ്ടി, ആനന്ദം തുടങ്ങിയ ശുഭസന്ദേശങ്ങളുമായി എത്തുന്ന ഗബ്രിയേൽ ദൂതാ, അങ്ങയെ ഞങ്ങൾ രഞ്ജനത്തിന്റെ ദൂതൻ എന്നു വിളിക്കട്ടെ.

മറിയത്തിന്റെ മുന്നിൽനിന്ന് അപ്രത്യക്ഷനായ അങ്ങു പ്രത്യക്ഷനായത് ജോസഫിന്റെ മുന്നിലാണ്. അതും ജോസഫ് ഒരു ചിന്താക്കുഴപ്പത്തിലായിരുന്ന നേരത്ത്. ചിന്താക്കുഴപ്പത്തിലെന്നു പറയാൻ പറ്റില്ല; ഉറച്ച തീരുമാനംതന്നെ എടുത്തിരുന്നു എന്നു മത്തായി സുവിശേഷകന്റെ വാക്യങ്ങളിൽ(മത്തായി. 1:19)നിന്നു മനസ്സിലാക്കാം. ജോസഫിനു പ്രത്യക്ഷനായി അങ്ങു പറഞ്ഞു: ''മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട." ജോസഫ് തന്റെ തീരുമാനത്തിൽനിന്നു പിന്മാറി. ജോസഫ് നിദ്രയിൽനിന്നുണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു. അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു'' (മത്താ 1:20;24). ഇവിടെയും സുഭാഷിതഭാഷ്യം പ്രാവർത്തികമാകുന്നത് ഞങ്ങൾ കാണുന്നു. അതേ, അങ്ങു വിശ്വസ്തനായ സന്ദേശവാഹകനാണ്; രഞ്ജകനുമാണ്.

അനപത്യതാദുഃഖത്താൽ പീഡിപ്പിക്കപ്പെട്ടിരുന്ന അന്ന-ജൊവാക്കിം ദമ്പതികൾക്കു മുന്നിലേക്ക് അങ്ങു ദൂതുമായെത്തി. അനപത്യതാദുഃഖത്താൽ ക്ലേശിച്ചിരുന്നവർതന്നെയായിരുന്നു സഖറിയാ-എലിസബത്ത് ദമ്പതികളും. പക്ഷേ, ആ ദമ്പതികൾ സമൂഹത്തിൽ അധികം അപഹസിക്കപ്പെട്ടിരുന്നില്ല എന്നു കരുതണം.

അങ്ങ് അന്നയുടെ സമീപത്തെത്തുമ്പോൾ അന്ന നല്ല ഉറക്കത്തിലായിരുന്നു. ക്ഷീണിച്ചുള്ള ഉറക്കം! തന്റെ മനസ്സിൽ നിറഞ്ഞുനിന്ന പരിഭവവും വേദനയുമെല്ലാം ദൈവതിരുമുമ്പിൽ സമർപ്പിച്ച അന്ന ക്ഷീണത്താൽ ഉറങ്ങുന്നതു കണ്ട അങ്ങ് അവളെ 'മകളേ അന്നേ,' എന്നു വിളിച്ചുകൊണ്ട് ഉണർത്തിയെന്നാണു പാരമ്പര്യം പറയുന്നത്. അങ്ങയുടെ വിളികേട്ടുണർന്ന അന്നയെ ദൈവത്തിന്റെ സന്ദേശം അറിയിക്കുന്നു: "നിന്റെ ദുഃഖവും മനംനൊന്തുള്ള പ്രാർത്ഥനയും ദൈവം ശ്രവിച്ചിരിക്കുന്നു. മേലിൽ നിന്നെ സന്താനങ്ങളില്ലാത്തവളെന്നു പറഞ്ഞ് പരിഹസിക്കാതിരിക്കാനായി ദൈവം നിനക്കൊരു കുഞ്ഞിനെ നല്കും. നീ ഗർഭം ധരിച്ച് ഒരു പുത്രിയെ പ്രസവിക്കും." ഇതോടൊപ്പം മരുഭൂമിയിൽ ഉദ്ദിഷ്ടസാധ്യത്തിനായി തപസ്സനുഷ്ഠിച്ചിരുന്ന ജൊവാക്കിമിനും പ്രത്യക്ഷനായി ദൈവത്തിന്റെ ദൂത് അറിയിക്കുന്നുണ്ട്.

ഈ ദൂതിലും പ്രാർത്ഥനയാൽ ഉണ്ടാകുന്ന അനുഗ്രഹം, ആനന്ദം, സന്തുഷ്ടി, എന്നിവ വ്യക്തികൾക്കു മാത്രമല്ല സമൂഹത്തിനാകമാനം അനുഭവവേദ്യമാകുന്നുണ്ട്.

അല്ലയോ വിശുദ്ധ ഗബ്രിയേലേ, വിശ്വസ്തനായ സന്ദേശവാഹകനായ അങ്ങു രഞ്ജനം കൈവരുത്തുന്ന ദൈവത്തിന്റെ ദൂതനാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

# ജെസി ജോസ് മാണിക്കത്താൻ ലോഗോസ് പ്രതിഭ

കൊച്ചി: കെസിബിസി ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ അഖിലേന്ത്യ ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ എറണാകുളം - അങ്കമാലി അതിരൂപതയിലെ ജെസി ജോസ് മാണിക്കത്താൻ ഒന്നാമതെത്തി 2021 - ലെ ലോഗോസ് പ്രതിഭയായി. കൊറോണ വ്യാപനംമൂലം 2019 ലെ മത്സരത്തിനുശേഷം നടത്തിയ പരീക്ഷയിൽ ജെസി മൂന്നു ലക്ഷം പേരിൽനിന്നാണ് ഒന്നാം സ്ഥാനത്തെത്തിയത്. തൃശൂർ അതിരൂപതാംഗമായ ആനി ജോർജ് രണ്ടാം സ്ഥാനത്തിനും,



പാലക്കാട് രൂപതാംഗമായ ലൈല ജോൺ മൂന്നാം സ്ഥാനത്തിനും, ആലപ്പുഴ രൂപതാംഗമായ റാണി ആന്റണി നാലാം സ്ഥാനത്തിനും, വരാപ്പുഴ അതിരൂപതാംഗമായ മേരി മേഴ്സി കൊറയ അഞ്ചാം സ്ഥാനത്തിനും അർഹരായി. ആഗോളതലത്തിൽ ഏറ്റവും കൂടുതൽ പേർ പങ്കെടുക്കുന്ന ഈ വചനോപാസനയിൽ ഇത്തവണ കേരളത്തിലും പുറത്തുനിന്നുമായി 37 രൂപതകളിൽനിന്നുള്ളവർ പങ്കെടുത്തു. ലോഗോസ് പ്രതിഭയ്ക്ക് ട്രോഫിയും 25,000 രൂപയുടെ പാലയ്ക്കൽ തോമ്മാ മല്പാൻ ക്യാഷ് അവാർഡുമാണു സമ്മാനം.

ലോഗോസ് ബൈബിൾ ക്വിസിൽ രൂപതാതല ജേതാക്കളെ പങ്കെടുപ്പിച്ചു പാലാരിവട്ടം പിഒസിയിൽ ജനുവരി 15 നാണ് ഗ്രാൻഡ് ഫിനാലെ നടന്നത്. ഉച്ചയ്ക്കുശേഷം നടന്ന സമാപന സമ്മേളനത്തിൽ കെസിബിസി ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ വിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മുൻ ചെയർമാൻ മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയ വചന സർഗപ്രതിഭാപുരസ്കാരത്തിന് അർഹനായ റവ. ഡോ. സെബാസ്റ്റ്യൻ കിഴക്കെയിലിന് പ്രശസ്തിപത്രവും മെമെന്റോയും 25,000 രൂപയും ബിഷപ് ജെയിംസ് ആനാപറമ്പിൽ സമ്മാനിച്ചു. വചനശുശ്രൂഷാപുരസ്കാരത്തിന് അർഹരായ ശ്രീ അനിൽ കുമാർ, ശ്രീ സജീവ് പാറേക്കാട്ടിൽ, സാൻജോ ഫെബിൻ, നിധി ഫെബിൻ എന്നിവരെയും മീറ്റിംഗിൽ ആദരിച്ചു. കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സരങ്ങളിൽ വിജയികളായവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.



*എറണാകുളം പി.ഒ.സി.യിൽ നടന്ന കെസിബിസി ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെ കെസിബിസി ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ് റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു. ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി, പി.ഒ.സി. ജനറൽ എഡിറ്റർ റവ. ഡോ. ജേക്കബ് പ്രസാദ്, ലോഗോസ് പ്രതിഭാപുരസ്കാരജേതാവ് ജെസി ജോസ് മാണിക്കത്താൻ, ബൈബിൾ സൊസൈറ്റി വൈസ് ചെയർമാൻ ജിസ്മോൻ തുടിയംപ്ലാക്കൽ എന്നിവർ സമീപം*




# ദൈവത്തോടു യുദ്ധം ചെയ്തവൻ



ഫാ. ജോസഫ്
പുത്തൻപുരയ്ക്കൽ
കപ്പൂച്ചിൻ

ഉത്പത്തിപ്പുസ്തകത്തിന്റെ 28-ാം അധ്യായംമുതൽ നിറഞ്ഞുനിൽക്കുന്ന പൂർവപിതാവാണു യാക്കോബ്. പലവിധത്തിലുള്ള സ്വഭാവങ്ങളുള്ള ഒരു മനുഷ്യൻ. ദൈവത്തിനിഷ്ടമില്ലാത്ത പ്രവൃത്തികൾ ചെയ്തു നടന്ന യാക്കോബിനെ ദൈവം നേരിടുന്ന രീതികൾ ശ്രദ്ധിക്കേണ്ടതാണ്. ഒരു മനുഷ്യന്റെ മുന്നോട്ടുള്ള പ്രയാണത്തിനു തടസ്സം നിന്നവനാണ് യാക്കോബ്. ഏസാവ് എന്ന ജ്യേഷ്ഠൻ അമ്മയുടെ ഉദരത്തിൽനിന്നു പുറത്തേക്കു വരുമ്പോൾ കുതികാലിൽ പിടിച്ചു വലിച്ചവനാണ് യാക്കോബ്. മറ്റൊരാളുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും ഞാൻ തടസ്സം നിൽക്കുമ്പോൾ എന്നിൽ ഒരു യാക്കോബ് ഉയിർത്തെഴുന്നേല്ക്കും. മറ്റുള്ളവരുടെ സൽപ്പേരു നശിപ്പിക്കുമ്പോഴും വളർച്ചയ്ക്കു വിഘാതമാകുമ്പോഴും എന്നിലെ യാക്കോബിന്റെ മുഖം തെളിഞ്ഞുവരും.

വേഷം കെട്ടുന്നതിൽ വൈദഗ്ധ്യം ലഭിച്ചവനാണ് യാക്കോബ്. അന്ധനായ പിതാവിന്റെ അന്ധത മുതലെടുത്ത് ആട്ടിൻതോലുകൊണ്ടു ശരീരം പൊതിഞ്ഞു വേഷം കെട്ടി. എളിമയുള്ളവനെപ്പോലെ താണുവണങ്ങി ജ്യേഷ്ഠന്റെ മുമ്പിൽ വേഷംകെട്ടി. ഒത്തിരി വേഷം കെട്ടുന്നവരിൽ രണ്ടു സ്വഭാവമുണ്ട്. ഇസഹാക്ക് യാക്കോബിനെ തലോടി നോക്കിയിട്ടു പറയുന്ന വാക്കുകളിൽ ഇതടങ്ങിയിരിക്കുന്നു. 'സ്വരം യാക്കോബിന്റേത്, തൊലി ഏസാവിന്റേത്' എന്ന പ്രയോഗം നമ്മെയെല്ലാം ബാധിക്കുന്നതാണ്. അകത്ത് ഒരു സ്വഭാവം വച്ചുകൊണ്ട് പുറത്തു മറ്റൊന്നു കാണിക്കുന്നതാണ് വേഷംകെട്ടൽ. ഇതിനു ചതിയെന്നു പറയാം. ജ്യേഷ്ഠനാണെന്നു പറഞ്ഞ് അപ്പനെ ചതിച്ചവന് അതേ നാണയത്തിൽ തിരിച്ചടി കിട്ടി. ലാബാൻ എന്ന അമ്മാവൻ വെളിച്ചത്തിൽ അനുജത്തിയെ കാണിച്ചു മങ്ങിയ ഇരുട്ടിൽ ജ്യേഷ്ഠത്തിയെ കെട്ടിച്ചുകൊടുത്തു. നമ്മൾ അളക്കുന്ന അതേ അളവിൽ നമുക്കു തിരിച്ചുകിട്ടും. വഞ്ചനയും ചതിയും കൈമുതലാക്കുന്നവർക്കെല്ലാം അതുപോലൊരു തിരിച്ചടി ലഭിക്കുമെന്ന് യാക്കോബ് ഓർമിപ്പിക്കുന്നു.

കാരുണ്യമില്ലാത്തവനായിരുന്നു യാക്കോബ്. ഒരു പാത്രം പായസത്തിനുവേണ്ടി ജ്യേഷ്ഠന്റെ, മൂത്തവനുള്ള അവകാശം യാക്കോബ് പിടിച്ചെടുത്തു. അർഹതയില്ലാത്ത കാര്യം കൈമുതലാക്കിയ അവൻ എല്ലാ തന്ത്രങ്ങളിലും മികച്ചുനിന്നു. നമുക്കവകാശമില്ലാത്ത തെന്തെങ്കിലും നമ്മുടെ കൈവശമുണ്ടോ? സ്വത്തോ പണമോ സ്ഥാനമാനങ്ങളോ അധികാരമോ ഒക്കെ അർഹതയില്ലാതെ നാം സൂക്ഷിക്കുന്നുണ്ടോ? അതെല്ലാം കൈവിട്ടുപോകാൻ നിമിഷങ്ങൾ മതി. എല്ലാം നഷ്ടപ്പെടുന്ന യാക്കോബിനെയാണ് പിന്നീടു നാം കാണുന്നത്.

ഓട്ടത്തിൽ സമർത്ഥനായ യാക്കോബ് അവസാനം തളരുന്നു. ജ്യേഷ്ഠനിൽനിന്നും അപ്പനിൽനിന്നും ഓടിപ്പോയവനാണ് യാക്കോബ്. ലാബാനിൽനിന്നും ഓടിയകന്നവനായിരുന്നു യാക്കോബ്. തന്റെ കാലിന്റെ ബലത്തിൽ അമിതമായി ആശ്രയിച്ച അവന്റെ ഇടുപ്പെല്ല് തെറ്റിച്ചു ഞൊണ്ടിയാക്കി ദൈവം മാറ്റി. ഏതൊന്നിലാണോ ഞാൻ അമിതമായി ആശ്രയിക്കുന്നത് അതു ദൈവം എടുത്തുമാറ്റും. സമ്പത്തും സാമർത്ഥ്യവും ആരോഗ്യവുമൊക്കെ നമ്മുടെ ആശ്രയകേന്ദ്രങ്ങളായി മാറാം. അവയൊക്കെ എടുത്തുമാറ്റി ദൈവത്തിൽ പൂർണമായി ആശ്രയിക്കുവാൻ ദൈവം വിളിക്കും.

ജീവിത ഓട്ടത്തിന്റെ അവസാനം യാക്കോബു തളർന്നു. പശ്ചാത്താപത്തിന്റെ അരൂപിയിലേക്കു തിരിച്ചുവന്നു. അവിടെ അവന്റെ പേരു മാറ്റി. 'ഇസ്രായേൽ' എന്നാക്കി. ദൈവത്തോടു യുദ്ധം ചെയ്തവൻ എന്നർത്ഥമുള്ള പദമായിരുന്നു അത്. നമ്മുടെയൊക്കെ സ്വകാര്യജീവിതത്തിൽ ഒരു യാക്കോബ് ഒളിഞ്ഞിരിപ്പുണ്ട്. പക്ഷേ, ദൈവം ആ സ്വഭാവത്തെ മറച്ചുവയ്പ്പിക്കും. എന്നിലെ ഇസ്രായേലിന്റെ മുഖം ലോകസമക്ഷം കാണിക്കും. നമ്മുടെയൊക്കെ സ്വകാര്യജീവിതത്തിൽ പലപ്പോഴും തെറ്റുകൾ സംഭവിക്കാം. അതെല്ലാം ദൈവം മറന്നു നമ്മെ അനുഗ്രഹത്തിന്റെ മുഖങ്ങളാക്കി മാറ്റുന്നു. മോശ ദൈവത്തിന്റെ പേരു ചോദിച്ചപ്പോൾ പറഞ്ഞ ഒരു നാമം, 'യാക്കോബിന്റെ ദൈവം' എന്നാണ്. ബലഹീനതകളും കുറവുകളും ഉള്ളവനെ അതൊന്നും നോക്കാതെ അനുഗ്രഹിക്കുന്ന ഒരു ദൈവം നമുക്കുണ്ട്. യാക്കോബിലെ കുറവുകൾ എന്നിലുണ്ടാവാം. ആത്മശോധന ചെയ്തു തിരുത്തി മുന്നോട്ടു പോകുമ്പോൾ അനുഗൃഹീതരായി നാം മാറും.



# വാക്കുകൾകൊണ്ടുള്ള പകിടകളി



പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

ടി.പി. ശാസ്തമംഗലം

മുമ്പ് ചലച്ചിത്രഗാനങ്ങൾ കേൾക്കുമ്പോൾ നാമറിയാതെതന്നെ അവയുടെ ആശയം നമ്മുടെ മനസ്സിലേക്കു കടന്നുവരുമായിരുന്നു. ചിന്തോദ്ദീപകമായ വരികൾ, അവയ്ക്കു പരിവേഷംപോലെ വർത്തിക്കുന്ന സംഗീതം, ആദ്യശ്രവണമാത്രയിൽത്തന്നെ നമ്മെ ഇഷ്ടപ്പെടുത്തുന്ന ആലാപനം, എല്ലാത്തിലുമുപരി അർത്ഥവത്തായ ചിത്രീകരണം – ഇങ്ങനെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായിരുന്നു ഏതൊരു ചലച്ചിത്രഗാനവും. ആ പാട്ടുകൾ വീണ്ടും വീണ്ടും കേൾക്കാൻ നാം ആഗ്രഹിക്കുന്നു. എത്രകാലം കഴിഞ്ഞാലും അവ നമ്മുടെയുള്ളിൽ പച്ചപിടിച്ചു നിൽക്കുന്നു. ചലച്ചിത്രഗാനം മൗലികകലാസൃഷ്ടിയെന്ന നിലയിൽ സ്ഥാനം പിടിച്ച കാലമായിരുന്നു അത്.

ഇക്കാലത്ത് സ്ഥിതി പാടേ മാറി. വരികൾക്കു വിദൂരമായിപ്പോലും അർത്ഥം വേണമെന്നില്ല. സംഗീതവും ആലാപനവും ചിത്രീകരണവും കലയുമായി പുലബന്ധംപോലും ഇല്ലാത്തതായി. ഇതാ, 'ഭീമന്റെ വഴി' എന്ന ചിത്രത്തിലെ ഈ ഗാനം ശ്രദ്ധിക്കുക:

"കാറ്റൊരുത്തി ഒരു തീ
കാറ്റൊരുത്തി എരിതീ
ഒരുത്തി എരിയുമൊരു തീ
തന്നത്താനൊരു തീ
തന്നത്താനൊരുത്തി
കാറ്റൊരുത്തി കാറ്റത്തൊരു തീ"

(രചന – മുഹ്സിൻ പരാരി, സംഗീതം – ആലാപനം – വിഷ്ണു വിജയ്)

തീകൊണ്ടു കളിക്കരുതെന്ന് പഴമക്കാർ പറയും. അപകടമുണ്ടാകുമെന്നു കരുതിയുള്ള ഉപദേശമാണത്. പുത്തൻകൂറ്റുകാരായ ഗാനശില്പികൾ ആരുടെയും വാക്കുകൾക്കു കാതോർക്കാതെ തീകൊണ്ടു പലതും കാട്ടിക്കൂട്ടിയിരിക്കുന്നു. എന്നുമാത്രമല്ല, എരിയുന്ന തീയിൽ എണ്ണയൊഴിക്കുകയും ചെയ്തിരിക്കുന്നു. കാറ്റും തീയും ഒരുമിച്ചും മാറിമാറി പ്രയോഗിച്ചും കളിച്ചുരസിക്കുകയാണ് ഈ പാട്ടുമായി ബന്ധമുള്ളവർ. അതിന്റെ ഫലമായി കാറ്റിന്റെ കുളിർമയോ തീയുടെ പ്രകാശമോ ചൂടോ ഗാനത്തിൽ തെല്ലും അനുഭവപ്പെടുന്നില്ല. വാക്കുകൾകൊണ്ടുള്ള പകിടകളിയല്ല ഗാനത്തിനാവശ്യം എന്ന സാരസ്വതരഹസ്യം ഇവർ തിരിച്ചറിയാതെ പോയതു കഷ്ടമായിപ്പോയി.

"കണ്ടാൽ ചേലിൽ ചൊവ്വുള്ളൊരുത്തി
മുത്താൻ ചുണ്ടിൽ ചോപ്പുള്ളൊരുത്തി
ചങ്കിനുള്ളിൽ നോവുള്ളൊരുത്തി
തലയിൽ മത്തുള്ളൊരുത്തി
പൂത്ത മരംപൊലൊരുത്തി
കാതിൽ ചെമ്പരത്തി
തന്നത്താനൊരുത്തി"

ചേലും ചൊവ്വും ഏതാണ്ട് സമാനാർത്ഥപദങ്ങളാണ്. അതറിയാവുന്ന ആരും 'ചേലിൽ ചൊവ്വുള്ള' എന്നെഴുതുകയില്ല. തലയിൽ മത്തും കാതിൽ ചെമ്പരത്തിയുമുള്ളവളാണെന്നു പറയുമ്പോൾ അർത്ഥം മാറി. ഗാനാംഗനയെ ആധുനികപാട്ടെഴുത്തുകാർ മാനസരോഗിണിയാക്കാൻ തുടങ്ങിയതിന്റെ സൂചനയാണിത്.

ഈ ഗാനം മൊത്തത്തിൽ വിലയിരുത്തുമ്പോൾ ആസ്വാദകർ ഗ്രഹിക്കുന്ന സ്വാരസ്യമെന്താണ്? ഇതുകൊണ്ട് ഈ ചിത്രത്തിനോ സമൂഹത്തിനോ കാല്ക്കാശിന്റെ പ്രയോജനമുണ്ടോ? ഇത്രയും വികലമായ ഒരു സൃഷ്ടി പടച്ചുവിടാൻ മടികാണിക്കാത്തവരുടെ മനോഭാവമാണ് സത്യത്തിൽ ഏറെ പ്രതിഷേധാർഹം. ചൊവ്വുള്ള (ചേലിൽ ചൊവ്വുള്ളവയല്ല) ഒരു പാട്ടെങ്കിലും സൃഷ്ടിക്കണമെന്ന് ആർക്കും തോന്നുന്നില്ലല്ലോ. നമ്മുടെ മാതൃഭാഷ ഇത്ര അധഃപതിച്ചോ?

മലയാളത്തിന്റെ മഹത്ത്വം നിലനിർത്താൻ പലരും മുറവിളി കൂട്ടുന്നുണ്ട്. അതിനിടയ്ക്കാണ് ഇത്തരം പേട്ടുപാട്ടുകൾ തുടരെത്തുടരെ കൂണുകൾപോലെ മുളച്ചുപൊന്തുന്നത്. അവ മലയാളത്തിന്റെ അന്തസ്സ് കുറച്ചൊന്നുമല്ല നശിപ്പിക്കുന്നത്. ഇനിയും അതു തുടരണമോ എന്നു ഭാഷാസ്നേഹികൾ തീരുമാനിക്കട്ടെ.

ഒന്നാം പേജ് തുടർച്ച

# ഗ്രാമവിശുദ്ധിയുടെ സ്നേഹവീണ മീട്ടിയ ഹൃദയരാഗങ്ങൾ

രാഗം എന്നതിന് സ്നേഹം, അനുരാഗം എന്നുകൂടി അർത്ഥമുണ്ടല്ലോ. എല്ലാവരെയും സ്നേഹിക്കുക, ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കുക, ഭൂമിയെയും ആകാശത്തെയും സമുദ്രത്തെയും എല്ലാം സ്നേഹിക്കാൻ ശ്രമിക്കുക എന്നതാണ് ഒരെഴുത്തുകാരനെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമെന്ന് ഞാൻ കരുതുന്നു. സ്നേഹമാണ് ഏറ്റവും വലിയ മന്ത്രം. എഴുത്തുതന്നെയും ഒരു സ്നേഹപ്രകടനമാണ്. ഞാൻ എഴുതുന്നത് എന്റെ മനസ്സിന്റെ സന്തോഷത്തിനുതന്നെയാണ്. പ്രസിദ്ധീകരിക്കുന്നത് എന്റെ മനസ്സിന്റെ സന്തോഷം മറ്റുള്ളവർക്കായി പങ്കുവയ്ക്കണമെന്നുള്ള രാഗബദ്ധമായ ഹൃദയവികാരംകൊണ്ടാണ്. പൂർണമായി സ്നേഹിക്കുക ആ സ്നേഹത്തിൽ ഹൃദയത്തിന്റെ സന്തോഷം തേടുക എന്നുള്ളതാണ് എഴുതാനുള്ള കാരണം.

**? ജീവിതദർശനത്തിന്റെ സദ്ഗുരു ആരെന്നു ചോദിച്ചാൽ ആരുടെ പേരാവും പറയുക?**

എന്റെ ജീവിതദർശനം സ്നേഹമാണ്. എന്നെ നയിച്ച സദ്ഗുരു ആര് എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ: ക്രിസ്തുദേവൻ. യേശുദേവന്റെ ദർശനം സ്നേഹം തന്നെയാണ്. തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നാണ് ആ സദ്ഗുരു നമ്മെ പഠിപ്പിച്ച മന്ത്രം. പാപിനിയായ സ്ത്രീയോടു നീ സമാധാനത്തോടെ പോവുക എന്നാണ് അവിടുന്ന് അനുശാസിച്ചത്. കുരിശിൽ ക്കിടന്നു പിടയുമ്പോഴും, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല, അവരോടു ക്ഷമിക്കണമേ എന്നാണ് യേശു പിതാവായ ദൈവത്തോടു പ്രാർത്ഥിക്കുന്നത്. ക്ഷമ, കരുണ, മാപ്പുനൽകൽ ഇതൊക്കെ സ്നേഹത്തിന്റെ പല ഭാവങ്ങളാണ്. സ്നേഹമാണു പ്രധാനം. എല്ലാവരെയും സ്നേഹിക്കുക. നമ്മുടെ ദർശനം അതാണ്. തീർച്ചയായും നമ്മുടെ ദർശനത്തിൽ അലിഞ്ഞുചേർന്ന ആദ്യത്തെ സംസ്കാരം മറ്റുള്ളവരെ സ്നേഹിക്കുക എന്നതുതന്നെയാണ്. തന്റെ ജീവൻ ബലിയർപ്പിച്ചുകൊണ്ടു സ്നേഹത്തിന്റെ വലിയ പ്രകാശനം നിർവഹിച്ച സദ്ഗുരുവാണ് യേശുദേവൻ.

മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി തന്നെത്തന്നെ നഷ്ടപ്പെടുത്തിക്കൊണ്ടായാലും പ്രവർത്തിക്കുക, പ്രയത്നിക്കുക എന്നുള്ളത് ഒരു സാധാരണ വിപ്ലവകാരി ചെയ്യുന്ന കാര്യമാണ്. പക്ഷേ, അതിനും എത്രയോ അപ്പുറമാണ് ദൈവപുത്രനായ യേശുദേവൻ സ്വന്തം ജീവിതംതന്നെ മനുഷ്യരക്ഷയ്ക്കായി ബലിയർപ്പിച്ചു എന്നത്.

**എല്ലാവരെയും സ്നേഹിക്കുക, ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കുക, ഭൂമിയെയും ആകാശത്തെയും സമുദ്രത്തെയും എല്ലാം സ്നേഹിക്കാൻ ശ്രമിക്കുക എന്നതാണ് ഒരെഴുത്തുകാരനെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമെന്ന് ഞാൻ കരുതുന്നു. സ്നേഹമാണ് ഏറ്റവും വലിയ മന്ത്രം. എഴുത്തുതന്നെയും ഒരു സ്നേഹപ്രകടനമാണ്. ഞാൻ എഴുതുന്നത് എന്റെ മനസ്സിന്റെ സന്തോഷത്തിനുതന്നെയാണ്. പ്രസിദ്ധീകരിക്കുന്നത് എന്റെ മനസ്സിന്റെ സന്തോഷം മറ്റുള്ളവർക്കായി പങ്കുവയ്ക്കണമെന്നുള്ള രാഗബദ്ധമായ ഹൃദയവികാരംകൊണ്ടാണ്.**

**? ഓണക്കൂർ ഗ്രാമത്തിന്റെ സംസ്കാരം ജീവിതത്തിൽ നല്ല സ്വാധീനം ചെലുത്തിയിട്ടുണ്ടല്ലോ. ആ ഒരു ഗൃഹാതുരത്വം രചനകളിൽ വായിച്ചെടുക്കാൻ സാധിക്കുന്നുണ്ട്.**

എറണാകുളം ജില്ലയുടെ കിഴക്കുഭാഗത്ത് പിറവത്തിനും കൂത്താട്ടുകുളത്തിനും ഇടയിലുള്ള ഓണക്കൂർ ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്. ഓണക്കൂർ കൃഷിക്കാരുടെ ഒരു ഗ്രാമമമാണ്. അയൽദേശമായ പിറവവും അതുപോലെതന്നെ. പിറവത്ത് രണ്ടു ദൈവാലയങ്ങൾ അടുത്തടുത്തു സ്ഥിതി ചെയ്യുന്നുണ്ട്. ഒന്ന് പരിശുദ്ധ കന്യകാമറിയത്തിന്റെ നാമത്തിലുള്ള ദൈവാലയം, മറ്റൊന്ന് ശ്രീപാർവതിയുടെ പ്രതിഷ്ഠയുള്ള ദേവാലയം. ഇവിടെ കന്യാകാമറിയവും, ശ്രീപാർവതിയും സഹോദരിമാരെപ്പോലെ ചേർന്നിരിക്കുന്നുവെന്നു ഗ്രാമീണർ പറയാറുണ്ട്. മാതൃത്വത്തിന്റെ മഹത്തായ രണ്ടു നാമങ്ങൾ സമന്വയിച്ച് ഒരു സംസ്കാരമായി മാറുന്നു..

അവിടെ ജാതിയില്ല. നമുക്കു വിശ്വാസങ്ങൾ ഉണ്ട്. അല്ലെങ്കിൽ നാം ഉയർത്തുന്ന ചില മൂല്യസങ്കല്പനങ്ങൾ ഉണ്ട്. പക്ഷേ, ജാതി എന്നത് എന്റെ ഗ്രാമത്തിൽ ഉണ്ടായിട്ടില്ല. തൊട്ടടുത്താണ് വെളിയനാട് ഗ്രാമം. ചരിത്രത്തിൽ പതിയേണ്ട ഒരു ഗ്രാമമാണ് അത്. അവിടെയാണ് ശ്രീശങ്കരന്റെ 'അമ്മാത്ത്', അമ്മയുടെ ഇല്ലം. മേൽപ്പാഴൂർ ഇല്ലത്തെ ആര്യാംബയുടെ പുത്രനായി ശ്രീശങ്കരൻ ജനിച്ചത് ഇവിടെയാണ്. ചരിത്രത്തിൽ നാമെല്ലാം പഠിക്കുന്നതും പഠിപ്പിക്കുന്നതും ശ്രീശങ്കരൻ കാലടിയിൽ ജനിച്ചുവെന്നാണ്. അതിനുകാരണം ശങ്കരന്റെ അച്ഛനായ കാക്കശ്ശേരി മനയിലെ ശിവഗുരുവിന്റെ ഇല്ലം കാലടിയിലാണ് എന്നതാണ്. വെളിയനാട്, പിറവം തുടങ്ങിയ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രാദേശിക ഭൂമികയുണ്ട്. ഒരു പ്രത്യേകസംസ്കാരം അല്ലെങ്കിൽ ദർശനം അതിനുണ്ട്. ശങ്കരൻ പഠിപ്പിച്ചത് അദ്വൈതമാണ്. അതുകൊണ്ടാണ് തൊട്ടടുത്തുള്ള തലയോലപ്പറമ്പ് എന്ന ഗ്രാമത്തിൽ ജീവിച്ചിരുന്ന വൈക്കം മുഹമ്മദ് ബഷീർ ഒന്നും ഒന്നും ചേർന്നാൽ ഇമ്മിണി ബല്യ ഒന്നാണെന്ന് 'ബാല്യകാലസഖി'യിൽ മജീദിനെക്കൊണ്ടു പറയിക്കുന്നത്. ഗ്രാമഭൂമികയുടെ സംസ്കാരമതാണ്. എല്ലാം ഒന്നാണ്, രണ്ടല്ല.

അതുപോലെയാണ് ഓണക്കൂറിനു കിഴക്കുഭാഗത്തുള്ള കൂത്താട്ടുകുളം എന്ന ഗ്രാമം. അതിനെ 'രക്തസാക്ഷികളുടെ നാട്' എന്നാണ് മഹാനായ എ. കെ. ഗോപാലൻ വിശേഷിപ്പിച്ചത്. പല ഘട്ടങ്ങളിൽ അധികാരം പുലർത്തിയ സ്വേച്ഛാധിപതികളായ ഭരണാധികാരികളെ എതിർക്കുന്നതിനുവേണ്ടി ജീവൻ ബലിയർപ്പിച്ച നാലു രക്തസാക്ഷികൾ കൂത്താട്ടുകുളത്തുണ്ട്. ഒരു സമൂഹത്തിനുവേണ്ടി, കഷ്ടപ്പെടുന്ന മനുഷ്യരുടെ അവകാശസംരക്ഷണത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച രക്തസാക്ഷികൾ. ഈ കുത്താട്ടുകുളവും പിറവവും അതിന്റെ സംസ്കാരവുമൊക്കെ എന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എന്റെ 'ഇല്ലം' എന്ന നോവലിൽ കാലത്തിനുവേണ്ടി, സമൂഹത്തിനുവേണ്ടി, നന്മയ്ക്കുവേണ്ടി സമരം ചെയ്ത് ജീവൻ ബലിയർപ്പിച്ച രക്തസാക്ഷികളെക്കുറിച്ചാണ് പറയുന്നത്. നോവൽ സമർപ്പിച്ചിരിക്കുന്നതും രക്തസാക്ഷികൾക്കുതന്നെയാണ്. അപ്പോൾ ഈയൊരു സമർപ്പണം, ആത്മത്യാഗം എന്നുപറയുന്നത് ഓരോ ഘട്ടത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. തന്നെക്കാൾ പ്രാധാന്യം തന്നോടൊപ്പം ജീവിക്കുന്ന മനുഷ്യർക്കാണെന്നും അവർക്കുവേണ്ടിയുള്ളതാണ് ജീവിതമെന്നും മനുഷ്യനെ സ്നേഹിക്കുമ്പോഴാണ് ജീവിതം ധന്യമായിത്തീരുന്നതെന്നും എന്റെ ഗ്രാമത്തിന്റെ പാഠങ്ങളിൽനിന്ന് ഞാൻ ഉൾക്കൊണ്ടതാണ്.

**രണ്ടാം ഭാഗം അടുത്ത ലക്കത്തിൽ**

---

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

■ മാത്യൂസ് ആർപ്പൂക്കര

# നീർനായ്



**കേ**രളത്തിലെ ഏകജലജീവിയായ സസ്തനിയാണ് നീർനായ്. ശുദ്ധജലതടാകങ്ങളിൽ വളരുന്നവയും കടലിൽ വളരുന്നവയുമുണ്ട്. കേരളത്തിലെ ജലാശയങ്ങളിൽ കാണുന്നതു ലൂഡ്ര ലൂഡ്ര എന്ന ഇനമാണ്. നീർനായയുടെ മുഖത്തു ധാരാളം മീശരോമങ്ങളുണ്ട്. ഇവ സ്പർശനേന്ദ്രിയംപോലെപ്രവർത്തിക്കുന്നു. വലിയ കണ്ണുകളും ചെറുകാതുകളും നീർനായുടെ പ്രത്യേകതയാണ്.

വെള്ളത്തിൽ മുങ്ങുമ്പോൾ മൂക്കിന്റെ ദ്വാരങ്ങളും ചെവിയും അടയുന്നു. അതുകൊണ്ടു വെള്ളം കയറില്ല. അതിവേഗം നീന്താനും മുങ്ങാനും ഇവയ്ക്കു കഴിയും. വിശ്രമം മിക്കവാറും കരയിലാണ്. മെലിഞ്ഞതും ചാരനിറമാർന്നതും രോമാവൃതവുമായ ശരീരം. ശരീരത്തിന്റെ പാതിയോളം നീളം വാലിനുണ്ടാകും. കുറുകിയ കാലുകൾക്ക് അസാധാരണബലമുണ്ട്. താറാവിന്റേതുപോലെ വിരലുകളിലെ ചർമം തമ്മിൽ ബന്ധിച്ചിരിക്കുന്നു.

നീർനായയുടെ നീളം 120 സെ. മീറ്ററും ഭാരം ഏതാണ്ട് 8 കിലോയുമാണ്. മാംസഭുക്കാണ്. മീനുകൾ, തവളകൾ, ഒച്ച്, കക്ക, ജലപ്പക്ഷികൾ ഞണ്ട് എന്നിവയെ ആഹാരമാക്കുന്നു. കല്ലുപയോഗിച്ച് കക്ക പൊട്ടിച്ച് അതിന്റെ ഇറച്ചി ഭക്ഷിക്കുന്നു. ഉപകരണങ്ങൾ ഉപയോഗിക്കാൻ സാധിക്കുന്ന ജീവികൂടിയാണ് നീർനായ്. പ്രധാന ശത്രു മനുഷ്യൻതന്നെ.

വീസൽസ് ഗോത്രത്തിൽപ്പെടുന്ന ഇവയ്ക്ക് ജലത്തിൽ ജീവിക്കാനുള്ള നിരവധി അനുകൂല ഘടകങ്ങൾ കാണപ്പെടുന്നു. ജലം പിടിക്കാത്ത രോമം, പേശീനിബിഡമായ വാൽ, തുഴപോലെയുള്ള കാലുകൾ, ബലമാർന്ന കുഞ്ചിരോമങ്ങൾ എന്നിവയൊക്കെ അനുകൂലഘടകങ്ങൾതന്നെ. മീശകൊണ്ട് വെള്ളത്തിൽ മറഞ്ഞിരിക്കുന്ന മീനുകളുടെ സാന്നിധ്യവും സ്ഥാനവും കണ്ടെത്തുന്നു. ഇര തെന്നിപ്പോയാൽ കടിച്ചുനിർത്താൻ കഴിയുംവിധമാണ് പല്ലുകളുടെ വിന്യാസം.

നീർനായ്ക്കൾ കേരളത്തിലെ പറമ്പിക്കുളം, തേക്കടി, നെയ്യാർ, പീച്ചി തുടങ്ങിയ സ്ഥലങ്ങളിലും ഹിമാലയം, ആസാം പ്രദേശങ്ങളിലും ചൈനയിലും ഏഷ്യൻ രാജ്യങ്ങളിലും ധാരാളമായുണ്ട്. മഞ്ഞുകാലത്ത് ഇവ മലയിറങ്ങിപ്പോകുന്നു. മീൻ പിടിക്കാൻ വിരുതനായതിനാൽ ഇവയെ വളർത്തി മത്സ്യബന്ധനത്തിനുപയോഗിക്കുന്നവരുണ്ട്. നഖമില്ലാത്ത നീർനായ് തീരെ ചെറിയ മറ്റൊരിനമാണ്. ■

രാത്രി.

കണ്ണുതുറന്നു കിടക്കുകയായിരുന്നു ദയ. ചുറ്റിനും ഇരുട്ടായിരുന്നു. അവളെ ചുറ്റിവരിഞ്ഞ് ഒരു കാൽ അവളുടെ ദേഹത്തേക്ക് ഉയർത്തിവച്ച് ബെഞ്ചമിൻ കിടന്നു. അവനും ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. പപ്പയുടെയും അമ്മയുടെയും നടുവിൽ കിടന്നുറങ്ങിയിരുന്ന ഒരു കാലമാണ് അവന്റെ ഓർമയിലുണ്ടായിരുന്നത്. അമ്മ പോയപ്പോൾ പപ്പയുണ്ടെന്നത് ആശ്വാസവും സന്തോഷവുമായിരുന്നു. പക്ഷേ, ഇപ്പോൾ പപ്പയും...

സോജന്റെ വീട്ടിലെ അവരുടെ ആദ്യത്തെ രാത്രിയായിരുന്നു അത്. ചെറിയൊരു മുറിയിൽ ചെറിയൊരു കട്ടിലിലായിരുന്നു രണ്ടുപേരും കിടന്നിരുന്നത്.

ദയയും ഓരോരോ ആലോചനകളിലായിരുന്നു. സനലിനെക്കുറിച്ചായിരുന്നു അവളുടെ ചിന്ത മുഴുവൻ. പപ്പ ഇന്നും മദ്യപിച്ചിട്ടുണ്ടാവുമോ? അപ്പച്ചനു വല്ലതും കഴിക്കാൻ കൊടുത്തുകാണുമോ? പപ്പയെന്തിനാണ് തങ്ങളെ പറഞ്ഞുവിട്ടത്? അതു പപ്പയ്ക്കു സ്നേഹമില്ലാഞ്ഞിട്ടാണെന്ന് ദയയ്ക്കു തോന്നിയില്ല. അങ്കിളിന്റെ വാക്കുകൾ പപ്പയെ വേദനിപ്പിച്ചു. അതായിരുന്നു കാരണം. ദയ കണ്ടെത്തി.

അങ്കിൾ വരാതിരുന്നെങ്കിൽ... എങ്കിൽ ഇപ്പോഴും തങ്ങൾ തങ്ങളുടെ വീട്ടിൽത്തന്നെയാവുമായിരുന്നു. സ്വന്തം വീടിനോളം സന്തോഷവും സുരക്ഷിതത്വവും അനുഭവിക്കുന്ന മറ്റൊരിടവും ഈ ലോകത്തിലില്ലെന്ന് ദയയ്ക്കു തോന്നി. എത്ര പ്രിയപ്പെട്ടവരുടെ വീടാണെങ്കിലും അവിടെ എന്തുകൊണ്ടോ എങ്ങനെയോ ഒരു അപരിചിതത്വം, അന്യഥാബോധം. അങ്കിളെന്തു പറഞ്ഞാലും പപ്പയ്ക്കു തങ്ങളെ പറഞ്ഞുവിടാതിരിക്കാമായിരുന്നു. അവൾക്ക് അങ്ങനെയും തോന്നി. തങ്ങൾ പപ്പയുടെ മക്കളല്ലേ? പപ്പയ്ക്കല്ലേ തങ്ങളുടെ കാര്യത്തിൽ കൂടുതൽ അവകാശം? കൂടുതൽ ഉത്തരവാദിത്വം? പപ്പയ്ക്കില്ലാത്ത വേദന മറ്റുള്ളവർക്കു തങ്ങളെക്കുറിച്ച് തോന്നേണ്ടതുണ്ടോ? പപ്പയെ ഇനിയെന്നു കാണും? പപ്പ നാളെ വരുമോ? ഓർക്കുംതോറും ദയയുടെ സങ്കടം ഇരട്ടിച്ചു. ഒന്നുറക്കെ കരയണമെന്ന് അവൾക്കു തോന്നി. പക്ഷേ, താൻ കരഞ്ഞാൽ അത് ബെഞ്ചമിനറിയും. അവൻ ഉറങ്ങിക്കോട്ടെ. താൻ കൂടി കരഞ്ഞുകാണിച്ച് അവന്റെ കുഞ്ഞുമനസ്സ് വേദനിപ്പിക്കണ്ട. ഇപ്പോൾതന്നെ ഒരുപാട് സങ്കടങ്ങൾ അവന്റെയുള്ളിലുണ്ട്. അമ്മയുടെ മരണം, അമ്മച്ചിയുടെ മരണം. പപ്പയുടെ മദ്യപാനം. കുടുംബത്തിലാകെ പടർന്നുപിടിച്ചിരിക്കുന്ന അസ്വസ്ഥതകൾ... എല്ലാം അവനു മനസ്സിലാവുന്നുണ്ട്. അവനതു തുറന്നുപറയുന്നില്ലെന്നേയുള്ളൂ.

“ചേച്ചീ,” അപ്പോഴാണ് ബെഞ്ചമിൻ അടക്കിനിർത്തിയ സ്വരത്തിൽ വിളിച്ചത്.

“ഊം?” ദയ വിളികേട്ടു.

“മോനുറങ്ങിയില്ലേ?” ബെഞ്ചമിനും തന്നെപ്പോലെ ഉറങ്ങാതെ കിടക്കുകയാണെന്ന് അവൾക്കപ്പോഴാണു മനസ്സിലായത്.

“ഉറക്കം വരുന്നില്ല ചേച്ചി,” ബെഞ്ചമിന്റെ തൊണ്ടയ്ക്ക് ഇടർച്ചയുണ്ടായിരുന്നു.

നോവൽ 25



# ഒരു കാറ്റുപോലെ

വിനായക് നിർമ്മൽ

“ഞാൻ പപ്പേം അമ്മേം ഓർത്തുകിടക്കുവായിരുന്നു. നമുക്കു മാത്രം എന്താ ചേച്ചീ ഇങ്ങനെ?”

അതൊരു എട്ടുവയസ്സുകാരന്റെ ചോദ്യമായി ദയയ്ക്കു തോന്നിയില്ല. തന്റെ ഉള്ളിലെ അതേ ചോദ്യംതന്നെയാണല്ലോ ബെഞ്ചമിനും ചോദിച്ചതെന്നോർത്ത് അവൾ അദ്ഭുതപ്പെട്ടു. തങ്ങളെപ്പോലെ കഠിനവേദനകളിലൂടെ കടന്നുപോകുന്ന കുട്ടികളുണ്ടാവുമോ? ഒരുപക്ഷേ, ലോകത്തിൽ എവിടെയെങ്കിലും ഏതെങ്കിലുമൊക്കെ കുട്ടികളുണ്ടാവും. എന്നാൽ, തങ്ങളുടെ സ്കൂളിൽ തങ്ങളെപ്പോലെ മറ്റാരുമില്ല. അടുത്തുനില്ക്കുന്നവരെ നോക്കിയാണല്ലോ എല്ലാ താരതമ്യങ്ങളും രൂപപ്പെടുന്നത്. അവരെല്ലാവരും സന്തോഷത്തോടെ ജീവിക്കുന്നവരാണ്. ഒരുകാലത്ത് തങ്ങളും അങ്ങനെ ജീവിച്ചവരായിരുന്നു. അന്ന് തങ്ങൾക്കു പപ്പയും അമ്മയുമുണ്ടായിരുന്നു. വല്ലപ്പോഴുമുള്ള സിനിമ കാണലുകൾ. പിറന്നാളുകൾക്കു പുറത്തുനിന്നു ഡിന്നർ. ക്രിസ്മസിനും ഓണത്തിനും ചെറിയ ഷോപ്പിങ്. അമ്മ വൈകുന്നേരങ്ങളിൽ കൊണ്ടുവരാറുള്ള ലോലിപ്പോപ്പും മഞ്ചും... ജീവിതം സന്തോഷപ്രദംതന്നെയായിരുന്നു. പക്ഷേ, എല്ലാം പെട്ടെന്നൊരുനാൾ...

“നമുക്കാരും ഇല്ലാതായി അല്ലേ ചേച്ചീ?” ബെഞ്ചമിൻ ചോദിച്ചു

ദയയുടെ നെഞ്ചിൽ സങ്കടത്തിന്റെ ഒരു ഉരുൾപൊട്ടി.

“എന്റെ മോനേ...” അവൾ അവനെ വരിഞ്ഞുമുറുക്കി.

“നമുക്ക് പപ്പയുണ്ടല്ലോ...” അവൾ അവനെ ആശ്വസിപ്പിച്ചുകൊണ്ടുപറഞ്ഞു.

“പക്ഷേ, പപ്പ നമ്മളോടു പോകാൻ പറഞ്ഞില്ലേ? അത് പപ്പയ്ക്കു നമ്മളെ ഇഷ്ടമില്ലാത്തോണ്ടല്ലേ?”

“അല്ല മോനേ,” ദയ തിരുത്തി. “പപ്പയ്ക്ക് നമ്മളെ വലിയ ഇഷ്ടമായതോണ്ടാ. നമുക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകരുതെന്ന് ആഗ്രഹമുള്ളതോണ്ടാ. ഇവിടെയാകുമ്പോ നമുക്ക് ഹോട്ടലീന്ന് നല്ലനല്ല ഭക്ഷണം കിട്ടുമല്ലോയെന്നാ പപ്പ കരുതുന്നെ.. നമ്മള് വിശന്നിരിക്കാതിരിക്കാൻ വേണ്ടിയാ. അല്ലാതെ പപ്പയ്ക്ക് നമ്മളെ ഇഷ്ടമില്ലാത്തോണ്ടല്ല. മോൻ അങ്ങനെയൊന്നും വിചാരിക്കരുതേ.”

സനലിനെക്കുറിച്ച് ആരും മോശമായി ചിന്തിക്കുന്നതുപോലും ദയയ്ക്കു സഹിക്കാൻ കഴിയുമായിരുന്നില്ല.

“പപ്പ നാളെയോ മറ്റന്നാളോ വരും. നമ്മളെ പിരിഞ്ഞിരിക്കാൻ പപ്പയെക്കൊണ്ടാവൂല.” ദയയ്ക്ക് അത് ഉറപ്പായിരുന്നു.



അപ്പോഴായിരുന്നു അടുത്ത മുറിയിൽനിന്ന് സോജനും ഭാര്യ ഷീബയും തമ്മിലുള്ള സംസാരം ദയയുടെ കാതുകളിലെത്തിയത്:

“വേലിയിൽ കിടന്നതിനെ വേണ്ടാത്തിടത്ത് എടുത്തുവച്ചെന്ന് ആരോ പറഞ്ഞതുപോലെയുണ്ട്.” ഷീബയുടെ സ്വരമായിരുന്നു അത്.

“നീയെന്നതാ ഇപ്പറയുന്നെ?” സോജന്റെ സ്വരം.

“ആ പിള്ളേരെ നിങ്ങൾക്ക് ഇങ്ങോട്ടു കൊണ്ടുവരേണ്ട വല്ല കാര്യവുമുണ്ടായിരുന്നോ?”

ആ ചോദ്യം കേട്ട് ദയ നടുങ്ങി.

“ഷീബേ...” സോജനും അതുപോലെതന്നെ നടുക്കത്തിലായിരുന്നു.

“അവരെന്റെ സ്മിതേടെ പിള്ളേരാ. നമ്മുടെ മക്കളും അവരും തമ്മിൽ എനിക്കു വ്യത്യാസമൊന്നുമില്ല. നീയതു മനസ്സിലാക്കണം.”

“എനിക്ക് നിങ്ങളുടെയത്ര ഹൃദയവിശാലതയൊന്നുമില്ല. നിങ്ങളും ഞാനും നമ്മുടെ മക്കളും. അതിൽക്കൂടുതൽ ചിന്തയൊന്നും എനിക്കില്ല.”

സോജൻ - ഷീബ ദമ്പതികൾക്ക് നാലു മക്കളാണ്. മൂന്നു പെണ്ണും ഒരാണും.

“ശ്ശ്.. പതുക്കെപ്പറ എന്റെ ഷീബേ. ആ പെങ്കൊച്ച് കേൾക്കും.”

“പിന്നെ, അവളു കേൾക്കാൻ പോകുവല്ലേ. അവളുറങ്ങിക്കാണും. പെമ്പിള്ളേര് നോക്കിനില്ക്കുമ്പോഴാ വളരുന്നെ. മൂന്നെണ്ണം പോരാഞ്ഞിട്ടാണോ പുറത്തുനിന്നുകൂടി ഒരെണ്ണത്തെ കൊണ്ടുവന്നിരിക്കുന്നത്? ഇവിടത്തെ കാര്യംതന്നെ എങ്ങനെയാ നടക്കുന്നതെന്ന് നിങ്ങൾക്കറിയില്ലേ? ഹൗസിങ് ലോൺ, കാറിന്റെ ലോൺ, പിള്ളേരുടെ പഠനം. അതിനിടയ്ക്കാ ആ പിള്ളേരുംകൂടി..

“നീയിങ്ങനെ കണ്ണീച്ചോരയില്ലാതെ സംസാരിക്കല്ലേ ഷീബേ. ആ പിള്ളേര് വന്നുകയറിയതല്ലേയുള്ളൂ. ഒരാഴ്ചപോലും തികഞ്ഞില്ലല്ലോ. അതിനുമുമ്പ് നീ അവരോട് രണ്ടാനമ്മപ്പോര് തുടങ്ങിയാലോ. എനിക്കിനി അവരെ തിരിച്ചുകൊണ്ടുപോയി വിടാൻ പറ്റ്വോ?”

“നിങ്ങള് എന്നോടു ചോദിച്ചിട്ടാണോ ആ പിള്ളേരെ ഇങ്ങോട്ടു കൊണ്ടുവന്നത്?” ഷീബ തർക്കത്തിനുള്ള ഭാവത്തിലായിരുന്നു.

“ഇതൊക്കെ ചെയ്യുന്നതിനു മുമ്പ് ഒരു ചോദ്യം, ഒന്നു ഫോൺ ചെയ്യാൻപോലും തോന്നിയില്ലല്ലോ?”

“നിന്റെ പറച്ചിലു കേട്ടാത്തോന്നുമല്ലോ ഞാൻ ഇതൊക്കെ പ്ലാൻ ചെയ്തു പോയതാണെന്ന്. അവിടെച്ചെന്നപ്പോ അവിടുത്തെ സിറ്റുവേഷൻ. ഞാൻ പറഞ്ഞതല്ലേ നിന്നോടെല്ലാം.”

“അതേ, പറഞ്ഞു. ഇനി അവന് ഒന്നുകൂടി സൗകര്യമായി, സനലിന്. കുടിച്ചുമുള്ളി നടക്കാമല്ലോ. മക്കളുടെ കാര്യം സേഫ്.”

“നീയിത്ര ദുഷ്ടയാണെന്നു ഞാൻ കരുതിയില്ല ഷീബേ.” സോജന് അതു തുറന്നുപറയാതിരിക്കാൻ കഴിഞ്ഞില്ല. കാഴ്ചയിൽ സൗമ്യയാണ് ഷീബ. ഹൃദ്യമായ സംസാരം, ആകർഷണീയമായ ഇടപെടൽ. മുഖത്ത് സദാ പുഞ്ചിരി. ശ്രീത്വവും സ്ത്രീത്വവും വേണ്ടുവോളം നിറഞ്ഞ രൂപം. പക്ഷേ, ഉള്ളിന്റെയുള്ളിൽ ഇത്രയും കുടിലതയും സ്വാർത്ഥയും ഉണ്ടെന്ന് ആരറിഞ്ഞു? എത്ര വർഷം കൂടെക്കഴിഞ്ഞാലും സ്ത്രീയുടെ തനിസ്വരൂപം തിരിച്ചറിയാൻ കഴിയില്ലെന്ന് സോജനു തോന്നി. അയാൾ ആദ്യമായി കാണുന്നവിധത്തിൽ ഷീബയെ നോക്കി. പെറ്റമ്മ നഷ്ടപ്പെട്ട ആ പിഞ്ചുമക്കൾക്ക് ഒരമ്മയുടെ സ്നേഹവും സാന്ത്വനവും നല്കാൻ ഷീബയ്ക്കു കഴിയുമെന്ന് വെറുതെ പ്രതീക്ഷിച്ചു. പൊതുജനങ്ങളുടെ മുമ്പിൽ പ്രീതികരമായ ഇടപെടലും പെരുമാറ്റവും കാഴ്ചവച്ചിരുന്നതുകൊണ്ട് അവൾ ഇങ്ങനെയൊരു വിധത്തിൽ സംസാരിക്കുമെന്നോ ഇതാണ് അവളുടെ യഥാർത്ഥസ്വഭാവമെന്നോ മനസ്സിലാക്കാനും കഴിഞ്ഞില്ല.

ഷീബയ്ക്ക് കുട്ടികളെ ഇവിടെ താമസിപ്പിക്കുന്നത് ഇഷ്ടമല്ലെന്നു വ്യക്തമായ സ്ഥിതിക്ക് അവരുടെ കാര്യം പരുങ്ങലിലാണെന്ന് സോജനു മനസ്സിലായി. വല്ലാത്തൊരു നിസ്സഹായത തന്നെ മൂടുന്നതായി അയാൾ തിരിച്ചറിഞ്ഞു. ദയയുടെയും ബെഞ്ചമിന്റെയും മുഖങ്ങൾ അയാളുടെ കൺമുമ്പിൽ തെളിഞ്ഞു. നിസ്സഹായത നിറഞ്ഞ മുഖങ്ങൾ. അയാൾക്കു ചങ്കു പൊടിയുന്നതുപോലെ തോന്നി. വേനലിൽനിന്ന് അവരെ തണലിലേക്കു നീക്കിനിർത്താൻ ശ്രമിച്ചതാൻ പരാജയപ്പെട്ടിരിക്കുന്നു. പക്ഷേ, ആ പരാജയം സമ്മതിക്കാൻ അയാൾ സന്നദ്ധനായില്ല. ഉള്ളിലെ പുരുഷൻ സടകുടഞ്ഞെണീറ്റു. അയാൾ താക്കീതു കണക്കെ ഷീബയോടു പറഞ്ഞു:

“ഇതേ ഞാൻ നടത്തുന്ന കുടുംബമാ. ഇവിടെ ഞാൻ പറയുന്നത് എല്ലാവരും അനുസരിക്കണം. നിന്റെ കുശുമ്പും കുന്നായ്മേം വെറുപ്പും എന്റെ സ്മിതേടെ പിള്ളേരോടെങ്ങാനും നീയും നമ്മുടെ മക്കളും കാണിച്ചെന്നറിഞ്ഞാ ചവിട്ടിക്കൂട്ടും ഞാൻ എല്ലാറ്റിനേം.”

സോജന്റെ സ്വരം അലർച്ചയ്ക്കു തുല്യമായിരുന്നു. ഷീബ വല്ലാതെ പരിഭ്രമിച്ചുപോയി. ഇതുവരെ ഭർത്താവിൽ കാണാത്ത പുതിയൊരു ഭാവം...

ദയ എല്ലാം കേൾക്കുന്നുണ്ടായിരുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അതിനകം ഉറങ്ങിത്തുടങ്ങിയ ബെഞ്ചമിനെ കെട്ടിപ്പിടിച്ച് ശബ്ദമുണ്ടാക്കാതെ അവൾ കരഞ്ഞുതുടങ്ങി.

(തുടരും)

# ഊഴേശാ

FROM THE BIBLE

5



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## അഭയാർത്ഥിത്വം

**അ**ടിമത്തത്തിന്റെ അപരനാമമായ ഈജിപ്തിൽ താത്കാലികങ്ങളുടെമീതേ അരക്ഷിതാവസ്ഥയുടെ തമ്പടിച്ചു കുറെക്കാലം കഴിയേണ്ടിവന്ന ഒരു അഭയാർത്ഥിക്കുടുംബം. അതിൽ കൈക്കുഞ്ഞായ ലോകരക്ഷകനും. അക്കാലമത്രയും ആ സാധുമാതാപിതാക്കൾ അനുഭവിച്ച ആധിയും ആശങ്കയുമെല്ലാം ആ ചോരക്കുഞ്ഞിനെയും ചൂഴ്ന്നുനിന്നിരുന്നു. ഉറക്കമില്ലാത്ത രാത്രികളിൽ തനിക്കുവേണ്ടി മിഴിയിണകൾ ചിമ്മാതെ കാവലിരുന്ന രക്ഷിതാക്കളുടെ ചൂടുള്ള ചങ്കിടിപ്പുകൾ അവൻ അനുഭവിച്ചറിഞ്ഞിട്ടുണ്ടാകണം. ജനിച്ചയിടം അകലെയും ജീവിക്കുന്നയിടം അന്യവുമായി കഴിയേണ്ടിവരുന്ന ഹതഭാഗ്യരാണ് അഭയാർത്ഥികൾ. ഭയത്തിൽനിന്ന് അഭയം തേടിപ്പോകുന്നവർ. അടിയായ്മയുടെ ഇടമായ ഈജിപ്തിലെ മണ്ണിൽ, ഇസ്രായേൽവംശം പതിറ്റാണ്ടുകൾ നരകയാതന തിന്ന നാട്ടിൽ, സകലവിധത്തിലുള്ള ബന്ധനങ്ങളിൽനിന്നും മാനവകുലത്തെ മോചിപ്പിക്കാൻ വന്നവനു ചെന്നുപാർക്കേണ്ടിവന്നതിൽ അത്ര ആശ്ചര്യമൊന്നുമില്ല. ദൈവത്തിന്റെ സ്വന്തം ജനത്തിന്റെ ചോരയും നീരുമൊക്കെ വീണുകുതിർന്ന ആ മണ്ണിൽ കഴിഞ്ഞ നാളുകളിൽ അവരുടെ വിലാപത്തിന്റെ മാറ്റൊലി അവൻ കേട്ടിട്ടുണ്ടാവണം; വിയർപ്പിന്റെ ഗന്ധം അറിഞ്ഞിട്ടുണ്ടാവണം; കണ്ണീരിന്റെ നനവു കണ്ടിട്ടുണ്ടാവണം.

നമ്മുടെ ആയുസ്സിൽ അനിശ്ചിതത്വത്തിന്റെ അനുഭവങ്ങളിലൂടെ നാം കടന്നുപോയിട്ടുള്ള അവസരങ്ങളുണ്ടാവാം. 'എങ്ങുമെത്തിയില്ല' എന്ന തോന്നൽ അധികം അലട്ടിയ, പദ്ധതികൾ പലതും പാളിപ്പോയ, കണക്കുകൂട്ടലുകൾ തെറ്റിപ്പോയ, പ്രതീക്ഷകൾ പുകഞ്ഞുപോയ നിസ്സഹായതയുടെ അവസ്ഥ വിരളമായെങ്കിലും പിന്നിട്ട വഴികളിൽ വന്നിട്ടുണ്ടാവാം. പിന്തിരിഞ്ഞു പോകാൻ പേടിയും, മുന്നോട്ടു നീങ്ങാൻ തളർച്ചയും തോന്നിയ സന്ദർഭങ്ങൾ. വരുംനാളുകളിൽ സമാനമായ സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടതായി വന്നേക്കാം. ഓർക്കണം, അവയൊന്നും കർത്താവ് നമ്മെ കൈവിട്ട നിമിഷങ്ങളായിരുന്നില്ല; മറിച്ച്, നമ്മെക്കുറിച്ചുള്ള അവിടുത്തെ പദ്ധതിയുടെ ഭാഗമായിരുന്നു. അതുകൊണ്ടാണ് അവയെയൊക്കെ അതിജീവിച്ച് ഇന്നു നാം ജീവിക്കുന്നത്. ഒരു തുണ്ടു ഭൂമിയും മേൽവിലാസവും നമുക്കു പതിച്ചുനല്കാൻ അവയൊന്നുമില്ലാതെ നമ്മുടെ നാഥന് ഒരുപിടി നാളുകൾ കഴിയേണ്ടതായി വന്നു എന്ന വസ്തുത മറക്കരുത്. അവൻ അഭയാർത്ഥിയായത് നമുക്ക് അഭയമേകാനും, നമ്മിലെ അനാവശ്യഭയങ്ങൾ അകറ്റാനുമായിരുന്നു. പരിത്യാഗത്തിന്റെ പാതയാണ് താപസന്റേത്. സ്വന്തം സുരക്ഷിതത്വവും സുഖങ്ങളും അവൻ വേണ്ടെന്നുവച്ചത് നമുക്ക് അവയെല്ലാം ഉറപ്പുവരുത്താനാണ്.

'അകൽച്ച' പ്രവാസജീവിതത്തിന്റെ ഒരു ഘടകമാണല്ലോ. നമ്മുടെ അനുദിനജീവിതത്തിലും മണ്ണിനോടു നമ്മെ ചേർത്തു നിർത്തുന്ന വയിൽനിന്നുള്ള ചില നല്ല അകലങ്ങൾ സൂക്ഷിക്കുന്നത് അഭികാമ്യമാണ്. ഒപ്പം, ആരുടെയും അരക്ഷിതാവസ്ഥയ്ക്കു കാരണമാകാതിരിക്കാൻ ശ്രദ്ധിക്കാം. സുരക്ഷിതത്വം സമ്മാനിക്കുന്നതാകട്ടെ നമ്മുടെ സാന്നിധ്യം.

> **അവൻ അഭയാർത്ഥിയായത് നമുക്ക് അഭയമേകാനും, നമ്മിലെ അനാവശ്യഭയങ്ങൾ അകറ്റാനുമായിരുന്നു. പരിത്യാഗത്തിന്റെ പാതയാണ് താപസന്റേത്. സ്വന്തം സുരക്ഷിതത്വവും സുഖങ്ങളും അവൻ വേണ്ടെന്നുവച്ചത് നമുക്ക് അവയെല്ലാം ഉറപ്പുവരുത്താനാണ്.**

■

# മധുരഗാനങ്ങൾ തീർത്ത മഹാപ്രതിഭ

### രംഗനാഥ് രംഗമൊഴിഞ്ഞു



ളാക്കാട്ടൂർ പൊന്നപ്പൻ

**അ**ഞ്ചു പതിറ്റാണ്ട് കേരളകലാരംഗത്ത് ശുദ്ധസംഗീതത്തിന്റെ വക്താവായി മാറിയിരുന്ന ആലപ്പി രംഗനാഥ് ജനുവരി പതിനാറാം തീയതി രാത്രി വിടപറഞ്ഞു. ഗാനരചയിതാവ്, സംഗീതസംവിധായകൻ, ഉപകരണസംഗീതവാദകൻ, നാടകകൃത്ത്, നാടകസംവിധായകൻ, നർത്തകൻ, ചലച്ചിത്രസംവിധായകൻ, അഭിനേതാവ്, ഒറ്റവാക്കിൽ സകലകലാവല്ലഭൻ. അതാണ് ആലപ്പി രംഗനാഥ്.

ആലപ്പുഴയിലെ സംഗീതപാരമ്പര്യമുള്ള കുടുംബത്തിൽ വേഴപ്ര കുഞ്ചുകുഞ്ഞ് ഭാഗവതരുടെയും എം.ജി. ദേവമ്മാളിന്റെയും മകനായി 1949 മാർച്ച് 9 നു ജനനം. സംഗീതത്തിലെ ആദ്യഗുരു പിതാവുതന്നെ. വളരെ ചെറുപ്പത്തിൽത്തന്നെ കാഞ്ഞിരപ്പള്ളി തന്റെ കലയുടെ തട്ടകമാക്കി അദ്ദേഹം മാറ്റിയിരുന്നു. കാഞ്ഞിരപ്പള്ളി പീപ്പിൾസ് ആർട്സ് ക്ലബ്, മണ്ണാറക്കയം ജനതാ ക്ലബ് എന്നീ കലാസംഘടനകളിൽ അംഗമായി കേരളത്തിലുടനീളം ഗാനമേളകളും നാടകവും നൃത്തപരിപാടികളുമായി നടന്ന കാലം. മണ്ണാറക്കയം ബേബി എന്ന കഴിവുറ്റ സംഘാടകന്റെ മേൽനോട്ടത്തിൽ ഈ ക്ലബുകൾക്കു പേരും പ്രശസ്തിയും ലഭിച്ചിരുന്നു.

ആയിടയ്ക്ക്, ഏതാണ്ട് 1970 ൽ 'തുറക്കാത്ത വാതിൽ' എന്ന സിനിമയിലെ സംഗീതത്തിനു ബുൾ ബുൾ വായിച്ചാണ് സിനിമാപ്രവേശം. രാഘവൻ മാസ്റ്ററുടെ, 'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു' എന്ന ഗാനത്തിനു ബുൾബുൾ വായിക്കാൻ അവസരം ലഭിച്ചത് ഒരു പിടിവള്ളിയായി മാറി! എങ്കിലും പിന്നീട് അവസരങ്ങൾ വേണ്ടതുപോലെ ലഭിച്ചില്ല. ആകെ പതിനഞ്ചു സിനിമകൾക്കു മാത്രമേ സംഗീതമൊരുക്കാൻ സാധിച്ചുള്ളൂ. ധാരാളം അമച്വർ നാടകങ്ങൾക്കും ബാലെകൾക്കും രചനയും സംഗീതവും ഒരുക്കാൻ കഴിഞ്ഞു; കൂടെ ഗാനമേള പ്രോഗ്രാമുകളും. നാല്പത്തിരണ്ട് പ്രൊഫഷണൽ നാടകങ്ങളും ഇരുപത്തഞ്ചു ബാലെകളും രചിച്ചിട്ടുണ്ട്. ദൂരദർശനുവേണ്ടി 17 എപ്പിസോഡുള്ള ത്യാഗരാജചരിതവും 'അറിയാതെ' എന്ന ടെലിഫിലിമും ഒരുക്കിയത് പ്രസ്താവ്യമാണ്. നൃത്താധ്യാപികയായ ഭാര്യ ബി. രാജശ്രീയുടെ സ്വാധീനംകൊണ്ട് നർത്തകന്റെ ചാതുര്യം നേടുവാനും അദ്ദേഹത്തിനു സാധിച്ചു.

ആദ്യസിനിമാഗാനമായ 'ഓശാന ഓശാന' പ്രശസ്ത നിർമാതാവായിരുന്ന പി.എ. തോമസിന്റെ ജീസസ് എന്ന ചിത്രത്തിലേതായിരുന്നു. ആ ഗാനം ഹിറ്റായി മാറിയത് ഉയർച്ചയിലേക്കുള്ള ആദ്യ പടിയായി മാറി. പി.എ. തോമസുമായി ബന്ധം സ്ഥാപിക്കാൻ ചെന്നൈയിലുണ്ടായിരുന്നപ്പോൾ എന്നൊരു സുഹൃത്താണ് സഹായിച്ചതെന്ന് രംഗനാഥ് പറഞ്ഞുകേട്ടിട്ടുണ്ട്. കാഞ്ഞിരപ്പള്ളിക്കാരനായ അഗസ്റ്റിൻ വഞ്ചിമലയാണ് ഓശാനയുടെ രചയിതാവ്. പി. ജയചന്ദ്രനും പി. ലീലയും ചേർന്നാണു പാടിയത്.



യേശുദാസുമായുള്ള അടുപ്പം എൺപതുകളിലാണു തുടങ്ങിയത്. അത് ഏറെ ഗുണകരമായി. തരംഗിണി സ്റ്റുഡിയോയുടെ പ്രവർത്തനം കെങ്കേമായി നടക്കുന്ന കാലം. സംഗീതരംഗത്തെ മൊത്തക്കച്ചവടക്കാരനായ യേശുദാസ് തന്റെ തരംഗിണിയിലൂടെ കേരളത്തെ മൊത്തം വിലയ്ക്കെടുക്കുകയായിരുന്നു. സ്റ്റുഡിയോയുടെ സ്റ്റാഫ് മ്യൂസിക് ഡയറക്ടറായും സ്ക്രിപ്റ്റ് സ്ക്രൂട്ടണൈസിങ് ഓഫീസറായും രംഗനാഥിനെ യേശുദാസ് നിയമിച്ചു. 1982 മുതൽ ഏതാനും വർഷങ്ങൾ ദാസിനൊപ്പം രംഗനാഥും കുതിക്കുകയായിരുന്നു. തരംഗിണിയിൽനിന്നിറങ്ങിയ സംഗീത ആൽബങ്ങൾകൊണ്ട് കേരളമെന്നല്ല, ഗൾഫുനാടുകളും മറ്റു വിദേശനാടുകളും വിശേഷിച്ച് അമേരിക്കയും നിറഞ്ഞുകവിഞ്ഞു. ദാസിന്റെ സംഗീതക്കച്ചവടത്തിൽ കൂട്ടുനിന്ന രംഗനാഥിനും പ്രശസ്തി ലഭിച്ചു. രംഗനാഥിന്റെ രചനയിലും സംഗീതത്തിലും പുറത്തിറങ്ങിയ അയ്യപ്പൻപാട്ടുകൾ സ്വാമിഭക്തർക്ക് ഏറെ പ്രിയങ്കരമായി. 'സ്വാമി സംഗീതമാലപിക്കും', 'എൻമനം പൊന്നമ്പലം', 'എല്ലാ ദുഃഖവും തീർത്തു തരൂ' എന്നീ ഗാനങ്ങൾ വൻഹിറ്റുകളായി. ഇവ നാല് അന്യഭാഷകളിലേക്കു മൊഴിമാറ്റവും നടത്തിയിരുന്നു. ലക്ഷക്കണക്കിന് കാസറ്റുകൾ വിറ്റഴിഞ്ഞു. 'രംഗൻ സ്വാമി' എന്നാണ് ദാസ് തന്റെ സംഗീതസംവിധായകനെ വിളിച്ചിരുന്നത്.

സുഗമസംഗീതത്തിന്റെ ലാളിത്യം മറക്കാതെ, ശാസ്ത്രീയസംഗീതത്തിന്റെ ഗാംഭീര്യവും വിശുദ്ധിയും കൈവിടാതെ രംഗനാഥ് ചിട്ടപ്പെടുത്തിയിരുന്ന ഗാനങ്ങൾ അഭൗമമായ ചാരുത നിലനിർത്തിക്കൊണ്ട് നമ്മുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിക്കഴിഞ്ഞു. ആയിരത്തഞ്ഞൂറോളം ഗാനങ്ങൾ ചിട്ടപ്പെടുത്തിയതിൽ 251 എണ്ണവും ദാസാണു പാടിയത്. കുട്ടികൾക്കുവേണ്ടി ഇറങ്ങിയ ഗാനങ്ങളിൽ രചനയിലുള്ള കുട്ടിത്തം സംഗീതത്തിലും നിറഞ്ഞുനിന്നു. പ്രഭാതഗീതങ്ങളിൽ സംഗീതത്തിന്റെ കുളിരും മധുരവും പുരണ്ടു നില്ക്കുന്നു. അഞ്ചു സംഗീതമഹാത്മാക്കളെ സ്തുതിക്കുന്ന 'സംഗീതരത്നപഞ്ചകം' അവസാനശ്രമമാണ്.

ഏതാനും ദിവസംമുമ്പാണ് സംസ്ഥാനസർക്കാരിന്റെ ഈ വർഷത്തെ ഹരിവരാസനം അവാർഡ് ഏറ്റുവാങ്ങാൻ ശാരീരികാസ്വസ്ഥതകൾ മറന്ന്, നീണ്ടൂരിൽനിന്ന് സന്നിധാനത്തെത്തിയത്. മോഹങ്ങൾ പലതും സഫലീകരിക്കാൻ സാധിക്കാതെ, കൊവിഡിന്റെ പിടിയിലമർന്ന് യാത്രയായി. ഇനി നമ്മുടെ ഓർമകളിൽ ആ ഗാനങ്ങൾ തുള്ളിത്തുളുമ്പട്ടെ!

■



# ഓർമകളിൽ നിറയുന്ന കുഞ്ഞാക്കോസാർ

## ആർ.എം ചാക്കോസാർ അന്തരിച്ചിട്ട് 50 വർഷം

**ഡോ. സിറിയക് തോമസ്**

**അ**റിയുന്നവരൊക്കെ അദ്ദേഹത്തെ സ്നേഹാദരങ്ങളോടെ വിളിച്ചത് കുഞ്ഞാക്കോ സാർ എന്നായിരുന്നു. ഔദ്യോഗികപേര് ആർ. എം. ചാക്കോ എന്നും. പാലാ രാമപുരത്തു കുടുംബത്തിൽ എന്റെ പിതാമഹൻ ആർ.ടി. വർക്കിമാപ്പിളയുടെ ഇളയ സഹോദരൻ ആർ.ടി. മത്തായിമാപ്പിളയുടെ ഏറ്റവും ഇളയ പുത്രനായിരുന്നു ആർ.എം. ചാക്കോ എന്ന കുഞ്ഞാക്കോ സാർ.

1904 സെപ്റ്റംബറിലായിരുന്നു ജനനം. പാലാ സെന്റ് തോമസ് സ്കൂളിലും മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിലും തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജിലും പഠിച്ചു ഡിഗ്രി നേടിയ അദ്ദേഹം അധ്യാപകനാകാനാണ് ചെറുപ്പംമുതൽ ആഗ്രഹിച്ചത്. ഡിഗ്രിക്കാർക്കു സർക്കാർജോലിക്കു നല്ല സാധ്യതയുണ്ടായിരുന്ന കാലം. എന്നിട്ടും സർക്കാർ ജോലിക്കു പോകാതെ തിരുവനന്തപുരം ഗവ. ട്രെയിനിങ് കോളജിൽനിന്ന് എൽ.ടി. പരീക്ഷ പാസ്സായി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ അധ്യാപകനായി സ്വന്തം കർമക്ഷേത്രം കണ്ടെത്തുകയായിരുന്നു. തിരുവനന്തപുരത്ത് അന്ന് അദ്ദേഹത്തിന്റെ പ്രിൻസിപ്പലായിരുന്നത് പ്രഗല്ഭനായ വിദ്യാഭ്യാസ വിചക്ഷണനെന്നു പേരു കേട്ട ഡോ. എ. എൻ. തമ്പിസാറും. ഓക്സ്ഫോർഡിൽനിന്നായിരുന്നു എ.എൻ. തമ്പി ഡോക്ടറേറ്റ് നേടിയത്. ബിഷപ് വയലിൽ, പത്മശ്രീ മാത്യു. എം. കുഴിവേലി, പ്രഫ. എ. ഒ. ജോസഫ് അഞ്ചേരി തുടങ്ങിയവരൊക്കെ ഡോ. എ. എൻ. തമ്പിയുടെ ശിഷ്യ ഗണത്തിൽപ്പെട്ടിരുന്നു. പിൽക്കാലത്ത് ഡോ. തമ്പി തിരുവിതാംകൂറിൽ വിദ്യാഭ്യാസ ഡയറക്ടറായി. ദീർഘകാലം തിരുവിതാംകൂർ സർവകലാശാലാ സിൻഡിക്കേറ്റ് മെംബറുമായിരുന്നു.

പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ മാത്രമല്ല, ഭരണങ്ങാനം സെന്റ് മേരീസ്, പ്രവിത്താനം സെന്റ് മൈക്കിൾസ്, പാലാ സെന്റ് മേരീസ് തുടങ്ങിയ സ്കൂളുകളിലും കുഞ്ഞാക്കോ സാർ അധ്യാപകനായിരുന്നു. ഹെഡ്മാസ്റ്ററായാണ് റിട്ടയർ ചെയ്തത്. തുടർന്ന് സെന്റ് വിൻസെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും ബി.എഡ്. കോളജിലും അൽഫോൻസാ കോളജിലുമൊക്കെയായി വർഷങ്ങളോളം അധ്യാപകനായി തുടർന്നു. അൽഫോൻസാ കോളജിൽ മഹാകവി പാലാ നാരായണൻനായർസാറും അക്കാലത്തു കുഞ്ഞാക്കോസാറിനൊപ്പം പഠിപ്പിച്ചിരുന്നു. ഒരു അധ്യാപകനെന്ന നിലയിൽ പഠിപ്പിച്ചിടത്തെല്ലാം ആർ.എം. ചാക്കോ സാർ വിദ്യാർത്ഥികളുടെ ഹൃദയം കവർന്നു. നർമരസികനായിരുന്നു കുഞ്ഞാക്കോ സാർ. ക്ലാസ്സുകളിലും സംഭാഷണങ്ങളിലും തമാശകളായിരുന്നു സാറിന്റെ മുഖമുദ്ര. വടി ഒരിക്കലും അദ്ദേഹത്തിനു വിദ്യാർത്ഥികളെ നേരിടാനുള്ള ഒരായുധമായിരുന്നതേയില്ല. നിഷ്കളങ്കമായ ചിരിയായിരുന്നു കുഞ്ഞാക്കോസാറിനു വാളും പരിചയും. ശാരീരിക ശിക്ഷകളിൽ അദ്ദേഹം വിശ്വസിച്ചതുമില്ല, എന്നാൽ, ഉഴപ്പുന്ന വിദ്യാർത്ഥികളെ പരസ്യമായി 'നല്ല പേരുകൾ' വിളിച്ചു വരുതിയിൽ കൊണ്ടുവരാനുള്ള ഒരു സിദ്ധിയും കുഞ്ഞാക്കോസാറിനു സ്വായത്തമായിരുന്നു. വിദ്യാർത്ഥികളെ കളിയാക്കി പതം വരുത്തുന്നതായിരുന്നു കുഞ്ഞാക്കോ സാറിന്റെ ശൈലി. ക്ലാസ്സുകളിൽ കഥകളും സംഭവങ്ങളും ചാരുതയോടെ പറഞ്ഞിരുന്നു. ചോദ്യങ്ങൾക്കുത്തരം പറയാത്തവരെക്കൊണ്ടു ഇംപോസിഷൻ എഴുതിക്കുന്നതായിരുന്നു സാറിന്റെ ഒരു ശിക്ഷാരീതി. പക്ഷേ, ക്ലാസ്സ് തീരുമ്പോഴേക്കും സാറിന്റെ ദേഷ്യവും തീർന്നിരിക്കും. ഇംപോസിഷനിൽ ഗണ്യമായ ഇളവു പ്രഖ്യാപിച്ചുകൊണ്ടാവും സാർ ക്ലാസ്സിൽനിന്നു പോവുക!

തന്റെ സ്വതഃസിദ്ധമായ നർമംകൊണ്ടു സർവരെയും അയത്നലളിതമായി ചിരിപ്പിച്ചിരുന്ന കുഞ്ഞാക്കോ സാറിനു വിധി ജീവിതത്തിൽ കാത്തുവച്ചതു കണ്ണീർക്കടലായിരുന്നുവെന്നു തോന്നും. ഒട്ടേറെ വിവാഹാലോചനകൾ വന്നിരുന്നുവെങ്കിലും അതിൽ അദ്ദേഹം കാര്യമായ താത്പര്യമൊന്നും കാണിച്ചില്ലത്രേ. വളരെ ചെറുപ്പത്തിൽത്തന്നെ നന്നായി കഷണ്ടി ബാധിച്ചിരുന്നു. വിവാഹവൈമുഖ്യത്തിന് അതും ഒരുപക്ഷേ, കാരണമായിരുന്നിരിക്കാം. സാർ നന്നേ വെളുത്തിട്ടായിരുന്നു. കാണാൻ സുമുഖനും. എല്ലാവരുടെയും നിർബന്ധത്തിന് ഒടുവിൽ വഴങ്ങിയപ്പോഴേക്കും സാറിനു പ്രായം നാല്പതു കടന്നിരുന്നു. ഭാര്യയായി വന്നതു ചേർത്തല തടത്തിൽ കുടുംബത്തിൽനിന്ന് അതിസുന്ദരിയായ ഒരധ്യാപികയും. അന്നമ്മ ഏബ്രഹാം എന്ന അന്നമ്മറ്റീച്ചർ രണ്ടാം ലോക മഹായുദ്ധത്തിൽ മൂന്നു വർഷം പ്രശസ്ത സൈനികസേവനമനുഷ്ഠിച്ചു വിശിഷ്ട സേവനത്തിനു വൈസ്രോയി വേവൽ പ്രഭുവിൽനിന്നു റോയൽ മെഡൽ സർട്ടിഫിക്കറ്റ് നേടിയ വനിതയായിരുന്നു.

പാലാ സെന്റ് മേരീസ് സ്കൂളിൽ അന്നമ്മറ്റീച്ചർ അധ്യാപികയായിച്ചേർന്നു. നിർഭാഗ്യമെന്നു പറയട്ടെ, കുഞ്ഞാക്കോ സാറിനും അന്നമ്മറ്റീച്ചർക്കും ഒരു



ആർ. എം. ചാക്കോ സാർ

വർഷത്തെ ദാമ്പത്യജീവിതമേ വിധിക്കപ്പെട്ടിരുന്നുള്ളൂ. ആദ്യപ്രസവത്തിൽ ഇരട്ടക്കുട്ടികളെ തന്റെ ഭർത്താവിനു സമ്മാനിച്ച് അന്നമ്മറ്റീച്ചർ സ്വർഗത്തിലേക്കു യാത്രയായി. സാർ മകനെ രാജുവെന്നും മകളെ റാണിയെന്നും വിളിച്ചു. കുഞ്ഞാക്കോസാർ ഒരിക്കലും തന്റെ ജീവിതത്തിലെ കണ്ണീരിന്റെ നനവോ കഷ്ടപ്പാടിന്റെ കയ്പോ ആരെയുമറിയിച്ചതുമില്ല.

കുഞ്ഞാക്കോസാറിനു കാര്യമായ സമ്പാദ്യമൊന്നുമുണ്ടായിരുന്നില്ല. ശമ്പളദിവസങ്ങളിൽ വൈകുന്നേരം വളരെ കൃത്യമായി തന്നെ വഴിയിൽ കാത്തുനില്ക്കുന്ന സാധുക്കൾക്കു ദാനധർമം ചെയ്തു സന്ധ്യയ്ക്കു വീട്ടിലെത്തുമ്പോഴേക്കും ശമ്പളം കിട്ടിയ കാശു പകുതിയും തീർന്നുകഴിഞ്ഞിരിക്കും. സാറിന്റെ ദൈവശാസ്ത്രവും ധർമശാസ്ത്രവും സാമ്പത്തികശാസ്ത്രവുമെല്ലാം ദൈവമുമ്പാകെ സാക്ഷ്യപ്പെടുത്തപ്പെട്ടിരുന്നതു ശമ്പളദിവസമായിരുന്നുവെന്നതാണു സത്യം.

പാലാ സെൻട്രൽ ബാങ്കിലെ തന്റെ അക്കൗണ്ട് ബാലൻസ് ഒരിക്കലും മിനിമത്തിനു മുകളിൽ പോയിരുന്നതുമില്ല. ഒന്നാംതരം വായനക്കാരനായിരുന്നു ആർ.എം. ചാക്കോസാർ. ഇത്രയേറെ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ വരുത്തിയിരുന്നവരായി അക്കാലത്തു വേറേ അധികമാളുകൾ അന്നു പാലായിലുണ്ടായിരുന്നില്ല എന്ന് പാലാ രവിസാർ പറഞ്ഞിട്ടുണ്ട്. രവിസാർ കുഞ്ഞാക്കോസാറിന്റെ ഇഷ്ടശിഷ്യരുടെ ഗണത്തിൽ മുൻനിരക്കാരനായിരുന്നു, പിന്നെ കാലമെത്തുംമുമ്പേ കടന്നുപോയ പ്രൊഫ. ഓസ്റ്റിൻ മൈക്കിൾ സാറും. വിവിധ രാജ്യങ്ങളിലെ സ്റ്റാമ്പുകളും നാണയങ്ങളും ശേഖരിച്ചു സൂക്ഷിക്കുന്ന സവിശേഷ സ്വഭാവവും കുഞ്ഞാക്കോസാറിനുണ്ടായിരുന്നു.

ആർ.എം. ചാക്കോസാർ എല്ലാ അർത്ഥത്തിലും വ്യത്യസ്തനായിരുന്നു. വ്യത്യസ്തനായ അധ്യാപകൻ, വ്യത്യസ്തനായ ഒരു ഹെഡ്മാസ്റ്റർ, വ്യത്യസ്തനായ ഒരു സുഹൃത്ത്, വ്യത്യസ്തനായ ഒരു സഹൃദയൻ, എന്നും എല്ലാവർക്കും എപ്പോഴും സമീപസ്ഥനും. ശാന്തനായിരുന്നു സാർ, സൗമ്യനും. പത്താം ക്ലാസ്സിൽ ഞങ്ങളുടെ ക്ലാസ് ടീച്ചറായിരുന്നു കുഞ്ഞാക്കോ സാർ. എന്നും ശുഭ്രവസ്ത്രധാരി. കരയില്ലാത്ത വെള്ളമുണ്ട്. സൈഡ് കോളർ വെള്ള ജുബ്ബ. സ്വർണനിറമുള്ള ബട്ടനുകൾ. മുമ്പിലും രണ്ടു വശത്തും പോക്കറ്റുകളും. നെഞ്ചിലെ പോക്കറ്റിൽ പേന. പേനകളുടെ ഒരു ശേഖരംതന്നെയുണ്ടായിരുന്നിരിക്കണം സാറിന്. കൈത്തണ്ടയിൽ സ്ട്രാപ്പുള്ള വാച്ച്. കാലിൽ തോൽച്ചെരുപ്പ്. കൈയിൽ വലിയ കാലുള്ള നീളൻ കുട. മുഖത്തെപ്പോഴും ആരെയും നിരായുധരാക്കുന്ന ചിരി. സംസാരിക്കുമ്പോൾ അകമ്പടിക്ക് എപ്പോഴും കഥകളും നർമവും. ഇടയ്ക്കു പൊട്ടിച്ചിരിയും. കെ. സി. സെബാസ്റ്റ്യൻസാറായിരുന്നു ആത്മമിത്രം. തൃശ്ശിനാപ്പള്ളിയിൽ സതീർത്ഥ്യൻകൂടിയായിരുന്ന തയ്യിൽ മത്തായി സാർ ഉപദേശകനും. വയലിൽപ്പിതാവ് സ്കൂളിലും കോളജിലും ബാച്ച്മേറ്റായിരുന്നു.

1971 ജനുവരി 13 നാണ് ആർ. എം. ചാക്കോ സാർ അന്തരിച്ചത്. ചരമശുശ്രൂഷാമധ്യേ പ്രസംഗിക്കവേ, സതീർത്ഥ്യനുമായുള്ള ഗാഢസൗഹൃദം ഓർമിച്ച ബിഷപ്പിനു കണ്ഠമിടറി. പറഞ്ഞുവന്നതു മുഴുമിപ്പിക്കാനാവാതെ സംസ്കാരശുശ്രൂഷാപ്രാർത്ഥനകളിലേക്കു മടങ്ങി. നിറകണ്ണുകളോടെ ആത്മസുഹൃത്തിനോടു വിട ചൊല്ലി, വികാരസാന്ദ്രമായിത്തന്നെ. കാലം കാത്തു നില്ക്കുന്നില്ലല്ലോ. എത്ര വേഗമാണ് അമ്പതുവർഷം നമ്മെയെല്ലാം കടന്നുപോയത്.

പ്രിയ ഗുരുനാഥന് ഓർമപ്പൂക്കളുടെ സ്നേഹപ്രണാമം!

■

## വായന

### മഞ്ഞിൽ ഒരുവൾ

ഗ്രന്ഥകർത്താ : നിർമല
പ്രസാധനവും
വിതരണവും : ഗ്രീൻബുക്സ്, തൃശൂർ
വില : 405 രൂപ




സ്വയം സംസാരിക്കാനറിയാവുന്നവൾക്ക് സ്വന്തം മുറിവുണക്കാനുമാകും എന്നാവാം നിർമല നമ്മോടു പറയുന്നത്. അതാണ് ഈ നോവലിന്റെ ഫെമിനിസ്റ്റ് കാതൽ.

### കടലും നക്ഷത്രങ്ങളും

ഗ്രന്ഥകർത്താ : ബെൻ
പ്രസാധനം : സൈകതം ബുക്സ്, കോതമംഗലം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 110 രൂപ




പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ഒരു പുതിയ തലത്തിലൂടെ അവതരിപ്പിക്കുന്ന നോവൽ. ഒരേ സമയം ആകാംക്ഷയും സംഭ്രമവും പകർന്നു നൽകുന്ന ആഖ്യാനശൈലി.

# പഠിച്ചുയർന്നാൽമാത്രം പോരാ; കളിച്ചും വളരണം



സണ്ണി കെ.സി.









**ജീ**വിതം കൂടുതൽ മനോഹരമാക്കാൻ പരക്കംപാഞ്ഞ്, കൂടുതൽ പണം സമ്പാദിക്കാൻ ശ്രമിച്ച്, അതിന്റെ ഗുണഫലങ്ങൾ ജീവിതത്തിൽ അനുഭവിക്കാൻ സാധിക്കാതെ അകാലത്തിൽ നരകജീവിതം നയിക്കുന്ന മലയാളികൾ ഇന്നു ധാരാളം.

സാമ്പത്തികഭദ്രതയ്ക്കുവേണ്ടി നമ്മൾ നടത്തുന്ന നിക്ഷേപംപോലെ, ആരോഗ്യത്തോടെ ജീവിക്കാൻ ശരീരത്തിൽ നടത്തേണ്ട പ്രധാനപ്പെട്ട നിക്ഷേപമാണു വ്യായാമം. ദിവസവും രാവിലെയോ വൈകിട്ടോ 45-60 മിനിട്ടു സമയമെങ്കിലും വ്യായാമത്തിനുവേണ്ടി നീക്കിവയ്ക്കണം. വാക്കിങ്, വിവിധ തരത്തിലുള്ള എക്സർസൈസുകൾ, സൈക്ലിങ്, സ്വിമ്മിങ്, പലതരത്തിലുള്ള ഗെയിമുകൾ എന്നിവ വളരെ ഉത്തമമാണ്. വ്യായാമമെന്നാൽ ജിമ്മിലെ പരിശീലനം മാത്രമാണ് എന്ന ധാരണ തെറ്റാണ്.

കളികൾ അനാവശ്യവും പഠനത്തിനു ദോഷകരവുമാണെന്നാണ് ഭൂരിപക്ഷം രക്ഷിതാക്കളുടെയും ധാരണ. വികലമായ ഈ കാഴ്ചപ്പാട് അധ്യാപകരിൽ ചിലർക്കും ഉള്ളതാണ്. പരീക്ഷാഫലം കുട്ടിയുടെയും അധ്യാപകരുടെയും നിലവാരം കണക്കാക്കുന്നതിനുള്ള ഉപാധിയായിത്തീർന്നതിന്റെ വിപരീതഫലമാണിത്. സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും കളിസ്ഥലങ്ങളും കളികളും ആവശ്യമാണെന്ന അവബോധം സമൂഹത്തിനുണ്ടാവണം.

ആധുനികലോകത്തിന്റെ ഏറ്റവും വലിയ ശാപമാണ് ജീവിതശൈലീരോഗങ്ങൾ. ചിട്ടയായ വ്യായാമം ജീവിതശൈലീരോഗങ്ങൾക്കു ഫലപ്രദമാണെങ്കിലും ആവർത്തനവിരസതയും മടുപ്പും തോന്നാനിടയുണ്ട്. ഇവിടെയാണ് കളികളുടെ പ്രസക്തി. മാനസികോല്ലാസവും ഊർജവും പകർന്നു നൽകുന്ന കളികൾ കൂട്ടുത്തരവാദിത്വം, സഹകരണം, പരസ്പരപ്രോത്സാഹനം എന്നിവ വളരാനും സഹായിക്കും. ശാരീരികാരോഗ്യം നിലനിർത്തി രോഗപ്രതിരോധത്തിനും മാനസികാരോഗ്യം നിലനിർത്തുന്നതിനും വിവിധ കളികൾ ഉപകരിക്കുന്നു.

ആരോഗ്യസംരക്ഷണത്തിനും ശരീരത്തിന്റെ ഭംഗി നിലനിർത്തുന്നതിനും ജിമ്മുകളിൽ പോകുന്നവരുടെ എണ്ണം കൂടുന്നുണ്ടെങ്കിലും കളികളിൽ ഏർപ്പെടാൻ സമയമില്ലെന്നു നടിക്കുന്നവരാണ് ഏറെയും. ഈ പാൻഡമിക് കാലഘട്ടത്തിൽ കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകൾക്കുവേണ്ടി എല്ലാവരും മൊബൈൽ, ലാപ്ടോപ്പ്, ടാബുകൾ എന്നിവ നൽകിയിരുന്നു. നല്ല ശതമാനം കുട്ടികളും മൊബൈൽ ഗെയിം, സിനിമ എന്നിവയുടെയും സാമൂഹികമീഡിയകളുടെയും പിടിയിലമർന്നുകഴിഞ്ഞു. തലവേദന, കണ്ണുവേദന, നടുവേദന, കഴുത്തുവേദന, കാഴ്ചപ്രശ്നങ്ങൾ തുടങ്ങി പലവിധ രോഗങ്ങളെ വിളിച്ചുവരുത്തുന്നവയാണ് ഈ ഓൺലൈൻ ഗെയിമുകൾ. മുൻപറഞ്ഞ കാര്യങ്ങളെക്കുറിച്ച് മാതാപിതാക്കളും അധ്യാപകരും കൂടുതലായി ബോധവത്കരണം നടത്തുകയും ഔട്ട്ഡോർ ഗെയിമുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അതുവഴി നല്ല ഉറക്കവും അനാവശ്യചിന്തകളിൽ നിന്നുള്ള മോചനവും ലഭിക്കുകയും ഓൺലൈൻ അഡിക്ഷൻ ഇല്ലാതാവുകയും ചെയ്യും.

പുതുതലമുറയെ വാർത്തെടുക്കുന്ന നമ്മുടെ സ്കൂളുകളുടെ അവസ്ഥ പരിതാപകരമാണ്. കളിസ്ഥലങ്ങളും കായികാധ്യാപകരും ഇല്ലാത്തവയാണ് അധികവും. പല സ്കൂളുകളിലും മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരിൽ ചിലരെങ്കിലും ആരോഗ്യകായികവിദ്യാഭ്യാസത്തിന്റെ പ്രസക്തിയും കുട്ടികളിൽ അതു വരുത്തുന്ന ശാരീരിക മാനസികവളർച്ചയും എത്രമാത്രം അവരുടെ ജീവിതത്തിൽ വിലപ്പെട്ടതെന്നു തിരിച്ചറിയാത്തവരാണ് എന്നു പറയേണ്ടിവരും. കായികാധ്യാപകർ ഏറെ സമയം ചെലവഴിച്ചും കഠിനപ്രയത്നം ചെയ്തും വേണം കായികപരിശീലനം നൽകേണ്ടത്. കൂട്ടത്തിൽ കൂടുതൽ മികവു പുലർത്തുന്നവർക്ക് രാവിലെയോ വൈകിട്ടോ ശാസ്ത്രീയപരിശീലനവും നൽകേണ്ടിവരും, ഉന്നതതലങ്ങളിലുള്ള മത്സരങ്ങൾക്കു തയ്യാറാക്കേണ്ടതിന്. അതുപോലെ സ്കൂളുകളിൽ ഫിസിക്കൽ എഡ്യുക്കേഷൻ പീരിയഡുകൾ മറ്റാവശ്യങ്ങൾക്കു നീക്കിവയ്ക്കുന്നതും ശരിയല്ല. അതുകൊണ്ട് എല്ലാ സ്കൂളുകളിലും മറ്റു സബ്ജക്റ്റുകൾക്ക് എന്നപോലെ കൂടുതൽ കുട്ടികൾ ഉള്ള സ്കൂളിൽ കൂടുതൽ കായികാധ്യാപകരെയും അല്ലെങ്കിൽ ഒന്നിൽക്കൂടുതൽ സ്കൂളുകൾ ചേർത്ത് ഒരു കായികാധ്യാപകനെയും അനുവദിക്കേണ്ടതാണ്.

കായികവിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം എല്ലാ കുട്ടികളെയും ഒളിമ്പിക്സിൽ പങ്കെടുപ്പിക്കുക എന്നതല്ല; മറിച്ച്, ക്ലാസിലുള്ള എല്ലാ കുട്ടികൾക്കും മാനസികവും ശാരീരികവുമായ മിനിമം ഫിറ്റ്നസ് നിലനിർത്താൻ വേണ്ട കായികപ്രവർത്തനങ്ങൾ നിർബന്ധമായും നടപ്പിലാക്കുക എന്നതാണ്.

**നമ്മുടെ രാജ്യത്തെ കായികവിദ്യാഭ്യാസനയം പാടേ മാറേണ്ടിയിരിക്കുന്നു. പല വികസിതരാജ്യങ്ങളിലും വിദ്യാഭ്യാസത്തിൽ ഒന്നാംസ്ഥാനം കുട്ടികളുടെ ആരോഗ്യ, കായികപഠനത്തിനാണ്. കാരണം, വളർന്നുവരുന്ന ആരോഗ്യമുള്ള ഒരു തലമുറ രാജ്യത്തിന്റെ മുതൽക്കൂട്ടാണ്. അതു മനസ്സിലാക്കിയവർ സ്കൂളുകളിൽ എല്ലാ ദിവസവും അരമണിക്കൂറെങ്കിലും എല്ലാ വിദ്യാർത്ഥികൾക്കും കായികപ്രവർത്തനങ്ങളിലും കളികളിലും (കുട്ടികളുടെ പ്രായത്തിനനുസരിച്ച്) ഏർപ്പെടാനുള്ള അവസരങ്ങളും സൗകര്യങ്ങളും ക്രമീകരിക്കും.**

ഇന്നത്തെ സാഹചര്യത്തിൽ പലപ്പോഴും നമ്മുടെ കുട്ടികൾക്കു വീടുകളിൽപ്പോലും കളികളിൽ ഏർപ്പെടാൻ അവസരമില്ല (നാട്ടിൻപുറത്ത് കുറച്ചു വ്യത്യാസമുണ്ട്) ഫലമോ, ശാരീരികക്ഷമത വളർത്തിയെടുക്കേണ്ട ഘട്ടത്തിൽ കുട്ടികൾ നിസ്സഹായരാവുന്നു. ചെറുപ്പത്തിലേ ശീലിക്കുന്ന മടിയും, ഉദാസീനതയും ജീവിതം മുഴുവൻ നീണ്ടുനിൽക്കുന്നു.

ഫിസിക്കൽ എഡ്യുക്കേഷൻ പീരിയഡുകളിലെ കളികളും പ്രവർത്തനങ്ങളും കായികാധ്യാപകന്റെ സാന്നിധ്യവും പരിശീലനവും കുട്ടികളുടെ മനസ്സിലുണ്ടാക്കുന്ന സന്തോഷവും പ്രസരിപ്പും എത്ര വലുതാണെന്നു മറക്കരുത്. നിരവധിയായ സമ്മർദങ്ങൾക്ക് അടിപ്പെടാൻ സാധ്യതയുള്ള ഇന്നത്തെ കാലത്ത് എല്ലാ അർത്ഥത്തിലും സുഹൃത്തും വഴികാട്ടിയും ആയിത്തീരാൻ ഒരു നല്ല കായികാധ്യാപകനു സാധിക്കും.

നമ്മുടെ രാജ്യത്തെ കായികവിദ്യാഭ്യാസനയം പാടേ മാറേണ്ടിയിരിക്കുന്നു. പല വികസിതരാജ്യങ്ങളിലും വിദ്യാഭ്യാസത്തിൽ ഒന്നാംസ്ഥാനം കുട്ടികളുടെ ആരോഗ്യ, കായികപഠനത്തിനാണ്. കാരണം, വളർന്നുവരുന്ന ആരോഗ്യമുള്ള ഒരു തലമുറ രാജ്യത്തിന്റെ മുതൽക്കൂട്ടാണ്. അതു മനസ്സിലാക്കിയവർ സ്കൂളുകളിൽ എല്ലാ ദിവസവും അരമണിക്കൂറെങ്കിലും എല്ലാ വിദ്യാർത്ഥികൾക്കും കായികപ്രവർത്തനങ്ങളിലും കളികളിലും (കുട്ടികളുടെ പ്രായത്തിനനുസരിച്ച്) ഏർപ്പെടാനുള്ള അവസരങ്ങളും സൗകര്യങ്ങളും ക്രമീകരിക്കും.

നമ്മുടെ ജനങ്ങളുടെ ആരോഗ്യത്തിനുവേണ്ടി താഴ്ന്ന തലംമുതൽ പദ്ധതികൾ രൂപപ്പെടുത്താതെ മുതൽമുടക്കുന്ന സർക്കാരുകൾ വിദ്യാഭ്യാസകാലഘട്ടത്തിൽത്തന്നെ കുട്ടികൾക്ക് നൽകേണ്ട ആരോഗ്യസംരക്ഷണം ഉറപ്പുനൽകാൻ ഉത്തരവാദിത്വത്തോടെ ഉണർന്നുചിന്തിക്കുകയും ആവശ്യമായ മാറ്റങ്ങൾ നടപ്പിലാക്കുകയും ചെയ്യണം.

കേട്ടിട്ടില്ലാത്ത രോഗങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളും വീർപ്പുമുട്ടിക്കുന്ന ഇക്കാലത്ത്, കായികവിദ്യാഭ്യാസം താഴ്ന്ന ക്ലാസ്സുകളിൽത്തന്നെ തുടങ്ങേണ്ടത് അനിവാര്യമാണ്. കായികവികസനം കടലാസിലൊതുങ്ങാതെ പ്രാക്ടിക്കലായിത്തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അധ്യാപകരെയും നിയമിക്കണം. എല്ലാ മൈതാനങ്ങളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ശാരീരിക, മാനസികോല്ലാസത്തിനായി ഉപയോഗപ്പെടുത്തണം. അതൊരു സംസ്കാരമായി വളർത്താൻ മാതാപിതാക്കളും അധ്യാപകരും സമൂഹവും അതിലുപരി സർക്കാരും വേണ്ട പിൻബലം നൽകണം.

'വിദ്യാധനം സർവധനാൽപ്രധാനം, ഒപ്പം ആരോഗ്യവും' എന്നതായിരിക്കട്ടെ നമ്മുടെ ആപ്തവാക്യം.

# സൗഹൃദവും പ്രണയവും



സിനിമ

വിനീഷ് പി.പി.



പ്രേക്ഷകശ്രദ്ധ നേടിയ തണ്ണീർമത്തൻ ദിനങ്ങൾ എന്ന ചിത്രത്തിനുശേഷം എ.ഡി. ഗിരീഷ് സംവിധാനം നിർവഹിച്ച ചിത്രമാണ് സൂപ്പർ ശരണ്യ. പ്രണയവും സൗഹൃദവും പങ്കുവയ്ക്കുന്ന ഒരു സിനിമയാണിതും. ഉദാഹരണം സുജാത, തണ്ണീർമത്തൻ ദിനങ്ങൾ എന്നീ ചിത്രങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച അനശ്വരരാജനാണ് ഈ ചിത്രത്തിൽ നായികയായി വരുന്നത്. മമിത ബൈജു, അർജുൻ അശോകൻ, നസ്ലിൻ എന്നിവരാണ് മറ്റു പ്രധാന താരങ്ങൾ. തണ്ണീർമത്തൻ ദിനങ്ങളിൽ പ്ലസ്ടു കാലത്തെ കഥയാണു പറഞ്ഞതെങ്കിൽ ഇത്തവണ കഥ പറയുന്നത് കോളജ് പശ്ചാത്തലമാക്കിയാണ്. ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാടിലൂടെയാണു കഥ പറഞ്ഞുപോകുന്നതെന്ന പ്രത്യേകതയും ഇതിനുണ്ട്. ശരണ്യ എന്ന പെൺകുട്ടിയുടെ ജീവിതവും പ്രണയവുമാണ് ഈ ചിത്രത്തിന്റെ കഥാബിന്ദു. കോളജ് കാമ്പസിലും ഹോസ്റ്റലിലും നടക്കുന്ന കൊച്ചു കൊച്ചു സംഭവങ്ങളിലൂടെയാണ് കഥ വളരുന്നത്. പൊതുവെ ആകാംക്ഷാഭരിതയും ഉൾവലിയുന്ന പ്രകൃതക്കാരിയുമായ ശരണ്യയുടെ കോളജ് ജീവിതത്തിൽ അവൾക്കു നേരിടേണ്ടിവരുന്ന സംഭവങ്ങളെ രസകരമായി അവതരിപ്പിക്കുന്നു.

കഥയിൽ വലിയ ട്വിസ്റ്റുകളോ സംഭവവികാസങ്ങളോ ആകസ്മികതകളോ ചേർക്കാതെ പ്രേക്ഷകനോടു നേരിട്ടു കഥ പറയുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. പാലക്കാടൻ ഗ്രാമത്തിന്റെ പ്രത്യേകതകളുമായി തൃശൂരിലെ കോളജ് കാമ്പസിലെത്തുന്ന ശരണ്യയ്ക്ക് ആദ്യമൊന്നും അവിടത്തെ രീതികളുമായി പൊരുത്തപ്പെടാനോ സീനിയേഴ്സിന്റെ റാഗിങ്ങിനെ ചെറുത്തുനിൽക്കാനോ കഴിയുന്നില്ല. എന്നാൽ, അത്തരം സാഹചര്യങ്ങളെയൊക്കെ അതിജീവിച്ചുകൊണ്ട് സൂപ്പർ ശരണ്യയായി നായിക മാറുന്നുണ്ട്. ശരണ്യയുടെ റൂംമേറ്റായി വരുന്ന കഥാപാത്രങ്ങളുടെ പ്രകടനങ്ങളും ശ്രദ്ധേയമാണ്. സോനയെന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്ന മമിതാ ബൈജുവിന്റെ അഭിനയമാണ് എടുത്തുപറയേണ്ടത്.

ആൺകുട്ടികളുടെ കലാലയാനുഭവങ്ങളും ഹോസ്റ്റൽ ജീവിതവും നിരവധി തവണ കണ്ട പ്രേക്ഷകർക്കു മുന്നിലേക്ക് പെൺകുട്ടികളുടെ ഹോസ്റ്റൽ അനുഭവങ്ങളും കലാലയജീവിതവും രസകരമായ അവതരിപ്പിക്കുകയാണ് സംവിധായകൻ. ഓരോ കഥാപാത്രവും സിനിമ അവസാനിച്ചതിനുശേഷവും പ്രേക്ഷകരോടൊപ്പം നിൽക്കുന്നു എന്നതാണ് സിനിമയുടെ വിജയം.

തണ്ണീർമത്തനിലെ ചെറിയ വേഷം ശ്രദ്ധേയമാക്കിയ നസ്ലിന് ഇക്കുറി വ്യക്തമായ ഒരു ഇടമാണ് സംവിധായകൻ നൽകിയിരിക്കുന്നത്. പക്ഷേ, തിയേറ്ററിൽ അജിത് മേനോൻ എന്ന സീനിയർ കഥാപാത്ര സൃഷ്ടിക്കുന്ന ഓളം ശ്രദ്ധേയമാണ്. വിനീത് വാസുദേവൻ അവതരിപ്പിക്കുന്ന അജിത് മേനോന്റെ ഓരോ വരവും തിയേറ്ററിനെ ഇളക്കി മറിക്കുന്നു. ഹ്യൂമറിനുവേണ്ടി മനഃപൂർവമുള്ള ശ്രമങ്ങൾ ഇല്ലെന്നു തന്നെ പറയാം.

ജസ്റ്റിൻ വർഗീസിന്റെ ഗാനങ്ങളും പശ്ചാത്തലസംഗീതവും സിനിമയുടെ വിജയത്തിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. സമയം പോകുന്നതറിയാതെ പ്രേക്ഷകശ്രദ്ധ പിടിച്ചുനിർത്താൻ ഗാനങ്ങൾക്കും പശ്ചാത്തലസംഗീതത്തിനും കഴിയുന്നുണ്ട്. സജിത് പുരുഷോത്തമന്റെ ഛായഗ്രഹണം മികച്ചു നിൽക്കുന്നു. കാമ്പസ്, ഹോസ്റ്റൽ എന്നിവയുടെ പശ്ചാത്തലങ്ങൾ കാമറക്കണ്ണുകളിൽ മനോഹരമായി വരച്ചിടുന്നു.

പുതിയ തലമുറകളിലെ നുറുങ്ങുതമാശകളും ഇമോഷനുകളും സൗഹൃദവും പ്രണയവും എല്ലാം ഇടകലർന്നു വരുന്ന ഒരു ചലച്ചിത്രാനുഭവമാണ് സൂപ്പർ ശരണ്യ. തമാശകളും രസകരമായ സന്ദർഭങ്ങളുമായി ആദ്യ പകുതി മനോഹരമാണെങ്കിലും രണ്ടാം പകുതിയിൽ ആ വേഗത കാണുന്നില്ല. എങ്കിലും സാധാരണ പ്രേക്ഷകരെ തൃപ്തിപ്പെടുത്തുന്ന ഒരു ചിത്രമാണ് സൂപ്പർ ശരണ്യ. ■



## ഡ്രാഗൺ ഫ്രൂട്ട്

ജോഷി മുഞ്ഞനാട്ട്

വീട്ടുവളപ്പിലെ കൃഷിയിടത്തിൽ നട്ടുവളർത്താൻ പറ്റിയ ചെടിയാണ് ഡ്രാഗൺ ഫ്രൂട്ട്. അടുത്തകാലത്തായി ഇതിനു പ്രചാരം കൂടിവരുന്നു. നട്ടുപിടിപ്പിക്കാനും പരിപാലിക്കാനും വിളവെടുക്കാനും എളുപ്പമാണെന്ന മേന്മയും ഇതിനുണ്ട്.

പർപ്പിൾ, ചുവപ്പ്, വെള്ള നിറങ്ങളിലുള്ള ഇനങ്ങൾ ഉണ്ടെങ്കിലും പർപ്പിൾ ഇനത്തിനാണ് വാണിജ്യസാധ്യത കൂടുതലുള്ളത്.

നമ്മുടെ മണ്ണും കാലാവസ്ഥയും ഡ്രാഗൺ ഫ്രൂട്ട് കൃഷിക്ക് യോജിച്ചതാണ്. കർഷകരിൽനിന്നോ അംഗീകാരമുള്ള കാർഷിക നേഴ്സറികളിൽനിന്നോ നടാൻ ആവശ്യമായ തൈകൾ വാങ്ങാം. നീർവാർച്ചയുള്ള മണ്ണിൽ നന്നായി വളരും. 30 സെന്റിമീറ്റർ നീളമുള്ള വേരുപിടിപ്പിച്ച തണ്ടുകൾ നടീൽവസ്തുവായി ഉപയോഗിക്കാം. പടരുന്ന സ്വഭാവമുള്ളതിനാൽ താങ്ങുകൾ നൽകാം. താങ്ങിനു ശാഖകൾക്കു മുകളിൽനിന്ന് താഴോട്ടു പടർത്താൻ ടയറോ മറ്റോ ഉപയോഗിക്കാം. പടർന്നു താഴേക്കു വളരുന്ന തണ്ടുകളിലാണ് കായ് പിടിക്കുന്നത്. പൂക്കൾ വിരിഞ്ഞ് ഒരു മാസത്തിനുള്ളിൽ കായ്പിടിക്കും. പച്ചനിറമുള്ള കായ്കൾക്കു ക്രമേണ നിറം മാറി വരും.

ചാണകപ്പൊടിയും മറ്റു ജൈവവളങ്ങളും വർഷത്തിൽ 3–4 തവണ നൽകണം. നന്നായി പരിപാലിച്ചാൽ നട്ട് ഒരു വർഷത്തിനുള്ളിൽത്തന്നെ ആദ്യവിളവെടുപ്പും നടത്താം.

15 മുതൽ 20 വരെ വർഷം ചെടികൾക്ക് ആയുസ്സുണ്ട്. ഇപ്പോൾ പലരും ഇതിന്റെ കൃഷിയിലേക്കു തിരിയുന്നുണ്ട്. ഇതിന്റെ പഴങ്ങൾ പ്രത്യേക ഭംഗിയുള്ളതാണ്. കൃഷിയിടത്തിനരികിലോ വീട്ടുമുറ്റങ്ങളിലോ ഡ്രാഗൺ ഫ്രൂട്ട് നടാം. നമ്മുടെ കൃഷിയിടത്തിൽ ഇവയ്ക്കുകൂടി സ്ഥാനം നൽകാൻ ശ്രമിക്കാം.

## യാത്ര

ജോർജുകുട്ടി താവളം

*ജീവിതയാത്രതന്നാരംഭത്തിൽ*
*ആവില്ല മാർഗം തിരഞ്ഞെടുക്കാൻ*
*ഉറ്റവർ കാട്ടും വഴിയിലൂടെ*
*ഒട്ടും ഭയക്കാതെ നീങ്ങുമപ്പോൾ.*

*ദൂരങ്ങൾ താണ്ടി മുന്നേറിടുമ്പോൾ*
*ഓരോരോ പാതകൾ കാണും മുന്നിൽ*
*നേരാം സരണി കണ്ടെത്തിടുവോ-*
*രാരാകിലും ലക്ഷ്യം കൈവരിക്കും.*

*ദുഷ്കരമാർഗമാണെന്നു കണ്ടാൽ*
*നിഷ്ക്രിയരായിപ്പകച്ചു നിൽപ്പോർ*
*തേടുന്നെളുപ്പവഴികളോരോ-*
*ന്നോടിത്തളരാതണഞ്ഞിടുവാൻ.*

*സുന്ദരപാതകൾ കണ്ടിടുമ്പോൾ*
*പിന്തിരിഞ്ഞങ്ങോട്ടു നീങ്ങിടുന്നോർ*
*പൊങ്ങുതടിപോലൊഴുകി നീങ്ങും*
*എങ്ങോട്ടെന്നുള്ളതറിഞ്ഞിടാതെ.*

*ഉത്തുംഗമാമിടം കണ്ടിടേണ്ടോ-*
*രെത്തിടുന്നേറെയഗാധമാകും*
*ഗർത്തത്തിലെന്നതറിഞ്ഞിടുമ്പോ-*
*ളെത്രയോ വൈകിക്കഴിഞ്ഞിരിക്കും.*

*നല്ലൊരു ലക്ഷ്യത്തിലെത്തിടാനായ്*
*തെല്ലും പതറാതെ ധൈര്യമോടെ*
*മുന്നേറിടുന്നവർക്കായ് വിജയ-*
*ത്തിന്നുടെ സന്തോഷം കാത്തുനിൽക്കും.*

Deepanalam Weekly
RNI No : 16998/68
Vol. 54 No. 42 Date of Publication 20 January 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Electrolysis Permanent Unwanted Hair removal
സൗജന്യ നിർണ്ണയ consultation
LiLi Scientific Electrolysis
Pala | Kochi | Vaishali (Delhi NCR)
Call: +91 9961613806
www.lilielectrolysis.com
hello@laseacadamea.org
Electrolysis പഠിച്ച്, ജോലിയിൽ പ്രവേശിക്കുവാൻ താല്പര്യമുള്ളവർ ബന്ധപെടുക

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ
ചപ്പാത്ത് അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com
● മസ്തിഷ്കരോഗങ്ങൾ ● നട്ടെല്ല് രോഗങ്ങൾ ● അസ്ഥി രോഗങ്ങൾ ● സന്ധിരോഗങ്ങൾ ● ശിരുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ) ● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യരോഗങ്ങൾ
വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

33 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ ജംഗ്ഷൻ, അരുണാപുരം പി. ഒ., പാലാ
Ph: 9495195739, 9495021259
ഉയർന്ന വിജയശതമാനം ഹോസ്റ്റൽ സൗകര്യം
പരിചയസമ്പന്നരായ അധ്യാപകർ വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A. - All subjects (M.G. University)
B.Com - Finance and Taxation Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes
HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 ● Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
● Ph: 04822-212842 ● 7306874714 ● Fax: 04822-212842 ● Email: editordeepanalam@gmail.com ● deepanalam@rediffmail.com ● website: www.deepanalam.org